VOL NO: 05 I ISSUE 45
www.nerpatham.com
mail@nerpatham.com
2021 NOVEMBER 13 I ₹12

# നേർപഥം

വാരിക

# വാരിയൻ ചിത്രം: വൈകാരികതയും യാഥാർഥ്യബോധവും

ചിത്രമല്ല ചരിത്രമാണ് വെളിച്ചം പകരേണ്ടത്. വൈകാരികതയും ആഘോഷങ്ങളുമല്ല, ഭാവിയിലേക്കുള്ള തിരുത്തൽ ശക്തിയായി ചരിത്രത്തെ സ്വീകരിക്കുകയാണ് വേണ്ടത്. പറങ്കികൾ തൊട്ട് ബ്രിട്ടീഷുകാർ വരെയുള്ള അധിനിവേശ ശക്തികളെ ചെറുത്ത പാരമ്പര്യമുള്ള മാപ്പിള സമുദായം ദേശത്തിനുവേണ്ടി ആത്മാർപ്പണം ചെയ്ത ജനതയാണ്. ബ്രിട്ടീഷുകാർ വഴി തിരിച്ചുവിടാൻ ശ്രമിച്ച മലബാർ പോരാട്ടം സമ്മാനിച്ച പരിക്കുകളിൽ നിന്നും മാപ്പിള ജനത ഉയിർത്തെഴുന്നേറ്റത് നവോത്ഥാന പ്രക്രിയകളിലൂടെയാണ്. ചരിത്രവും നവോത്ഥാനവുമാകട്ടെ ചാലകശക്തികൾ.

- **ഇസ്‌ലാംഭീതിയും അക്രമാസക്ത ദേശീയതയും**

- **മരണം വിതയ്ക്കുന്ന മന്ത്രവാദികൾ**
- **കപടവിശ്വാസികളുടെ പാളിപ്പോയ തന്ത്രങ്ങൾ**
- **അഹ്‌ലുസ്സുന്നയുടെ ആദർശം പിൻപറ്റുന്നവരും അതിനെ എതിർക്കുന്നവരും**

WISDOM ISLAMIC ORGANIZATION

# Relief

.......without boundaries

SCAN AND PAY

Using any UPI/ Bharat QR/ Banking Apps

WISDOM

Pay using 90+ Apps including

Powered by AXIS BANK

# സ്നേഹസ്പർശം

## പ്രളയ ദുരിതാശ്വാസ നിധി



വീട് ശുചീകരണം | കിണർ ശുചീകരണം | സൗജന്യ വസ്ത്രാലയം | സൗജന്യ ഇലക്ട്രോണിക് വർക്ക് ഷോപ്പ്

വീട്ടുകളുടെ അറ്റകുറ്റ പണി | വീട്ടുപകരണ വിതരണം | വീട് നിർമാണം | സ്റ്റഡി മെറ്റീരിയൽ വിതരണം

താങ്കളുടെ വിഹിതം താഴെ കാണുന്ന എക്കൗണ്ട് നമ്പറിൽ അയക്കുകയും വിവരം താഴെ നമ്പറിൽ അറിയിക്കുകയും ചെയ്യുമല്ലോ?

Wisdom Islamic Organization
Account No: 920010022468211
Axis Bank, Branch: KALLAI ROAD
IFSC UTIB0001908

0251

# നേർപഥം

വാരിക

2021 നവംബർ 13

1442 റബിഉൽ ആഖിർ 08

പുസ്തകം 05 / ലക്കം 45

Printed, published and owned by
K. Sajjad


Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Managing Editor: Nasir Balusseri
Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo

Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikkode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly



10

## വാരിയൻ ചിത്രം: വൈകാരികതയും യാഥാർഥ്യബോധവും

സുഫ്‌യാൻ അബ്ദുസ്സലാം

05
**മുഖമൊഴി**
ഇസ്‌ലാംഭീതിയും
അക്രമാസക്ത ദേശീയതയും
എഡിറ്റർ

07
**വിമർശനം**
ആദർശം പിൻപറ്റുന്നവരും
അതിനെ എതിർക്കുന്നവരും
മൂസ സ്വലാഹി, കാര

18
**വിവർത്തനം**
ആരാധനകൾക്ക് ഒരാമുഖം
ശമീർ മദീനി

22
**ലേഖനം**
മരണം വിതയ്ക്കുന്ന മന്ത്രവാദികൾ
സി.പി സലീം

26
**ചരിത്രപഥം**
കപടവിശ്വാസികളുടെ
പാളിപ്പോയ തന്ത്രങ്ങൾ
ഹുസൈൻ സലഫി, ഷാർജ

31
**പുനർവായന**
ഇസ്‌ലാം 'വാളിന്റെ തണലിൽ?'
പി. അഹ്മദ് കുട്ടി മൗലവി

34
**കവിത**
മരണവീട്
സുലൈമാൻ പെരുമുക്ക്

ചലനങ്ങൾ

# പ്രൊഫഷണലുകളിൽ നൈതികബോധമുണ്ടാകണം: വിസ്ഡം യൂത്ത്

മലപ്പുറം: ഉപഭോക്താക്കളുടെ സാഹചര്യങ്ങളെ മനസ്സിലാക്കി മാനുഷിക പരിഗണന നൽകാനും തൊഴിൽരംഗത്തെ പ്രൊഫഷണൽ നൈതികത കാത്തുസൂക്ഷിക്കാനും പ്രൊഫഷണലുകൾ തയ്യാറാകണ മെന്ന് വിസ്ഡം യൂത്ത് സംസ്ഥാന സമിതി സംഘടിപ്പിച്ച 'പ്രോഫൈസ്' 'പ്രൊഫഷണൽസ് ശിൽപശാല' ആവശ്യപ്പെട്ടു.

സമൂഹത്തോട് പ്രതിബദ്ധതയുള്ള, സത്യസന്ധതയും ധാർമികതയും സദാചാര ബോധവുമുള്ളവർക്ക് മാത്രമെ പ്രൊഫഷണൽ എത്തിക്സ് കാത്തുസൂക്ഷിക്കാനാകൂ. പ്രൊഫഷണലുകളിൽ നിന്നുണ്ടാകുന്ന നിസ്സംഗതയാണ് വ്യാജനിർമിതികൾക്കും വ്യാജചികിത്സകൾക്കും കാരണമാകുന്നത്. ആധുനിക സാഹചര്യങ്ങളെ ക്രിയാത്മമായി ഉപയോഗപ്പെടുത്തുംവിധം പ്രൊഫഷണലുകൾ സമകാലിക വിവരങ്ങളിൽ നിപുണരാകണം.

കോർപറേറ്റുകൾ എറിഞ്ഞ് നൽകുന്ന നാണയത്തുട്ടുകൾക്ക് വേണ്ടി വിലപിടിപ്പുള്ള ജീവിതം ഹോമിച്ച് കളയന്നതിന് പകരം പരോപകാരപ്രവർത്തനങ്ങൾക്കും വ്യക്തിത്വ വികാസത്തിനും സമയം കണ്ടെത്തണമെന്നും സംഗമം ആവശ്യപ്പെട്ടു.

വിസ്ഡം യൂത്ത് സംസ്ഥാന സമിതി ജനുവരിയിൽ സംഘടിപ്പിക്കുന്ന 'പ്രോഫെയ്സ്' അന്താരാഷ്ട്ര പൊഫഷണൽസ് ഫാമിലി കോൺഫറൻസിനോടനുബന്ധിച്ച് നടത്തിയ ശിൽപശാല ഹാരിസ് ഇബ്നു സലീം ഉദ്ഘാടനം ചെയ്തു.

## ഫാത്തിമയുടെ കൊലപാതകം: മന്ത്രവാദിനിയെയും അറസ്റ്റ് ചെയ്യണം: വിസ്ഡം വനിതാ വിംഗ്

കണ്ണൂർ: പതിനൊന്ന് വയസ്സുകാരിയായ ഫാത്തിമ കൊല്ലപ്പെടാൻ കാരണമായ ജപിച്ചൂതൽ ചികിത്സയിൽ ഉവൈസ് മുസ്‌ല്യാർക്ക് കൂട്ടുനിന്ന മന്ത്രവാദിനിയെയും അറസ്റ്റ് ചെയ്ത് നിയമത്തിന് മുന്നിൽ കൊണ്ടുവന്ന് മാതൃകാപരമായി ശിക്ഷിക്കണമെന്ന് വിസ്ഡം ഇസ്‌ലാമിക് വിമൻ ഓർഗനൈസേഷൻ ആവശ്യപ്പെട്ടു.

രോഗം വന്നാൽ ചികിത്സിക്കണമെന്ന പ്രവാചകാധ്യാപനങ്ങൾ തള്ളിക്കളഞ്ഞതാണ് വിദ്യാർഥിനിയുടെ മരണത്തിന് കാരണമായതെന്നിരിക്കെ, മന്ത്രവാദ- ആത്മീയവാണിഭ സംഘത്തിനെതിരെ മുസ്‌ലിം സ്ത്രീകൾ രംഗത്ത് വരണമെന്ന് തയ്യിൽ ഇസ്‌ലാഹി സെന്റർ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച വനിതാ കൂട്ടായ്മ അംഗീകരിച്ച പ്രമേയം ആഹ്വാനം ചെയ്തു.

ഒറ്റപ്പെട്ട ഈ മന്ത്രവാദസംഘം കോവിഡ് വാക്സിനേഷനെ നിരുത്സാഹപ്പെടുത്തുക വഴി ഹജ്ജിനും ഉംറക്കുമുള്ള അവസരം പോലും നഷ്ടപ്പെടുത്തുകയാണ് ചെയ്യുന്നതെന്ന് സ്ത്രീ സമൂഹം തിരിച്ചറിയണമെന്ന് പ്രമേയ തുടർന്ന് ആവശ്യപ്പെട്ടു. ഗൃഹസന്ദർശനമുൾപ്പെടെയുള്ള ബോധവൽക്കരണ പരിപാടികൾക്ക് വനിതാ കൂട്ടായ്മ നേതൃത്വം നൽകും.

വിസ്ഡം വിമൻ സംസ്ഥാന സെക്രട്ടറിയേറ്റ് മെമ്പർ പി.കെ നജീബ ഉദ്ഘാടനം ചെയ്തു. റിഷാന ഇബ്രാഹീം അധ്യക്ഷത വഹിച്ചു. ഫർസീൻ അഷ്റഫ്, ഖൈറുന്നിസ ടീച്ചർ, ഷഹദിയ എൻ.പി, ജമീല സി.എം പ്രസംഗിച്ചു.

മുഖമൊഴി

# ഇസ്‌ലാംഭീതിയും അക്രമാസക്ത ദേശീയതയും

രാഷ്ട്രത്തിലെ ജനങ്ങളുടെയിടയിൽ രൂപപ്പെടുന്ന രാജ്യത്തോടുള്ള കൂറ്, ഐകമത്യബോധം എന്നീ സ്വഭാവഗുണങ്ങൾ ഒരുമിച്ചു ചേരുന്ന സവിശേഷ വൈകാരികാവസ്ഥയാണ് ദേശീയത അഥവാ ദേശീയബോധം. രാജ്യത്തിലെ ജനതയുടെ രാജ്യസ്നേഹത്തിലധിഷ്ഠിതമായ ഒരു മനോവികാരമായി ദേശീയബോധത്തെ അഥവാ ദേശീയതയെ കണക്കാക്കാം.

എന്നാൽ അന്യരാഷ്ട്രങ്ങളോടോ അന്യദേശീയ ജനവിഭാഗങ്ങളോടോ സ്വന്തം രാഷ്ട്രത്തിനകത്തുതന്നെയുള്ള മത, സാംസ്കാരിക, വംശീയ ന്യൂനപക്ഷങ്ങളോടോ അസഹിഷ്ണുതയും അക്രമാസക്തതയും പ്രകടിപ്പിക്കുന്ന മനോഭാവത്തിന് അക്രമാസക്ത ദേശീയത എന്നു പറയുന്നു. ദുഃഖകരമെന്നു പറയട്ടെ, കുറെ കാലമായി തീവ്രഹിന്ദുത്വശക്തികൾ തങ്ങളുടെ അണികൾക്കിടയിൽ വളർത്തിക്കൊണ്ടുവരുന്നത് ഇപ്പറഞ്ഞ അക്രമാസക്ത ദേശീയതയെയാണ്. ഇതിന് ഒട്ടേറെ ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാനാവും. ഏറ്റവും ഒടുവിൽ ത്രിപുരയിൽ അതാണു നാം കണ്ടത്.

'നിങ്ങൾ ദേശീയവാദിയാണെങ്കിൽ തീർച്ചയായും നിങ്ങൾക്ക് ഹിന്ദുവാകാതിരിക്കാനോ ഇസ്‌ലാമിനെയും മുസ്‌ലിംകളെയും ഹിംസിക്കാതിരിക്കാനോ കഴിയില്ലെ'ന്നുള്ള ഒരാശയം സംഘപരിവാർ വളരെ ശക്തമായിത്തന്നെ ഇവിടെ പ്രചരിപ്പിച്ചിട്ടുണ്ട്. ഈ പ്രചാരണം ഇന്ത്യൻ സമൂഹത്തെ ചില ഘട്ടങ്ങളിലെങ്കിലും സ്വാധീനിക്കുകയും വഴിതെറ്റിക്കുകയും ചെയ്തിട്ടുണ്ട്. മതനിരപേക്ഷമായ ദേശീയതയുടെ യഥാർഥ ധാരയോട് ആശയപരമായി സംവദിക്കാനാവാതെ ഭീതിയുടെ ബീജങ്ങൾ പേറുന്ന ഈ കപട ദേശീയത രാജ്യത്ത് അശാന്തി പരത്താൻ മാത്രമെ ഉപകരിക്കൂ.

തീവ്രഹിന്ദുത്വർ വിഭാവനം ചെയ്തെടുത്ത ദേശീയത യഥാർഥ ദേശീയതയുമായി പ്രതിവർത്തിക്കുന്ന ചില തലങ്ങളുണ്ട്. ഒന്നാമതായി ഹിന്ദുത്വ ദേശീയത ഇസ്‌ലാം മതത്തോടും മുസ്‌ലിം സാമൂഹികതയോടുമുള്ള വിദ്വേഷത്തെ താത്വികവൽകരിക്കുന്നു. രണ്ടാമതായി ദുർബലമായ വൈകാരികതയെ അവലംബിക്കുന്നു. മൂന്നാമതായി അത് സമൂഹത്തിന്റെ ശാക്തീകരണത്തിനുപകരം ശിഥിലീകരണം സാധിക്കുന്നു.

മറുവശത്ത് യഥാർഥമായ ദേശീയതയാവട്ടെ ഒരു മതത്തോടുമുള്ള ആഭിമുഖ്യമോ വിയോജിപ്പോ താത്വികമായി എടുക്കുന്നില്ല. തന്നെയുമല്ല ശക്തമായ യാഥാർഥ്യബോധത്തോടെ ദുർബല വൈകാരികതകളെ തീർത്തും മാറ്റിവെച്ചുകൊണ്ട് സമൂഹത്തെ കുറിച്ചു ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു. അതോടുകൂടിത്തന്നെ സമൂഹത്തെ എല്ലാതരം ശിഥിലീകരണ ചിന്തകൾക്കുമതീതമായി ഏകോപിപ്പിക്കുകയും ചെയ്യുന്നു.

യഥാർഥ മതനരിപേക്ഷ ദേശീയത അതിജീവിക്കുകയും മതാധിഷ്ഠിത ഹൈന്ദവ ദേശീയത വൈകാരികതയുടെ പര്യായമായി തിരസ്കരിക്കപ്പെടുകയും ചെയ്യുന്നത് മേൽപറഞ്ഞ വ്യത്യാസങ്ങൾ കാരണമാണ്. ദേശീയതക്കുള്ളിൽ നിന്ന് മുസ്‌ലിം/ഇസ്‌ലാംമത ഭീതിയെന്ന രോഗാണുവിനെ അകറ്റിനിർത്തുവാൻ ഹിന്ദുത്വർക്ക് സാധിക്കുന്നില്ല എന്നതാണവരുടെ യഥാർഥ ബലഹീനത. കാൽപനിക ഭയത്തിന്റെ വക്താക്കളായ തീവ്രഹിന്ദുത്വവാദികൾ അയഥാർഥമായ ചില പരികൽപനകളുടെ സഹായത്തോടെ സ്വന്തം ദൗർബല്യങ്ങളെ മറച്ചുപിടിക്കാൻ തീവ്ര പരിശ്രമം നടത്തിക്കൊണ്ടിരിക്കുന്നതാണ് നാം കാണുന്നത്.



വിമർശനം

മൂസ സ്വലാഹി, കാര
moosakara001@gmail.com

# അഹ്‌ലുസ്സുന്നയുടെ ആദർശം പിൻപറ്റുന്നവരും അതിനെ എതിർക്കുന്നവരും

**അറുതിയില്ലാത്ത അന്ധവിശ്വാസങ്ങൾ 28**

ഉദ്‌ബോധനങ്ങൾ നടത്തി ജനങ്ങളെ അജ്ഞതയിൽനിന്ന് മോചിപ്പിക്കുന്നത് ’സത്യസരണിയുടെ വേരറുക്കലും’ ‘പാരമ്പര്യത്തെ കൊഞ്ഞനം കുത്തലു’മാണെങ്കിൽ നബിﷺയുടെ ദൗത്യനിർവഹണത്തെയും പൗരോഹിത്യം ആ കണ്ണോടെ കാണുമോ? അല്ലാഹു പറയുന്നു: “അഥവാ അല്ലാഹുവിന്റെ വ്യക്തമായ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് ഓതികേൾപിച്ചു തരുന്ന ഒരു ദൂതനെ (നിങ്ങളുടെ അടുത്തേക്കിറക്കിത്തന്നിരിക്കുന്നു). വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരെ അന്ധകാരങ്ങളിൽ നിന്ന് പ്രകാശത്തിലേക്ക് ആനയിക്കുവാൻ വേണ്ടി...” (ക്വുർആൻ 65:11).

സത്യത്തെ പിൻപറ്റുന്നവരെ മാനസികമായി തളർത്തുകയും ബഹിഷ്‌കരിക്കുകയും ചെയ്യണമെന്ന മുസ്‌ലിയാരുടെ വാദമാണ് ശരിയെങ്കിൽ ഈ പ്രവ

ണതയുടെ ആശാന്മാരായ മക്കാ മുശ്‌രിക്കുകൾ നബിﷺക്കും അനുചരന്മാർക്കും ഭ്രഷ്ട് കൽപിച്ചതിന് മുസ്‌ലിയാരുടെ സഭ അംഗീകാരം നൽകുമോ? ശിർക്കിനെ വളർത്തി വലുതാക്കാൻ അവരുടെ ന്യായീകരണങ്ങളെ തെളിവാക്കുന്ന ഇവർക്ക് ഏത് രൂപത്തിലും പ്രത്യക്ഷപ്പെടാമെല്ലോ!

മുസ്‌ലിംകൾ പരസ്പരം നിർവഹിക്കേണ്ടതായ സലാം പറയൽ, ക്ഷണം സ്വീകരിക്കൽ, ജനാസ നമസ്‌കരിക്കൽ എന്നീ ബാധ്യതാനിർവഹണങ്ങൾക്ക് വിലങ്ങ് വെക്കാനാണ് മുസ്‌ലിയാരുടെ മറ്റൊരു ശ്രമം. ഇസ്‌ലാമിനെത്തന്നെ വികൃതമാക്കാൻ ശ്രമിക്കുന്ന ഇവർക്ക് ഇതൊക്കെ വെറും കളിയും തമാശയുമാണ്. വിവരക്കേട് വിളമ്പി ഒരിടവേള മതാധ്യാപനങ്ങളിൽനിന്ന് ജനങ്ങളെ അകറ്റാൻ ഇക്കൂട്ടർ ശ്രമിച്ചെങ്കിലും പണ്ഡിതന്മാരുടെ സംസ്‌കരണ പ്രവർത്തനങ്ങൾ സമൂഹത്തിൽ വലിയ വിപ്ലവം സൃഷ്ടിച്ചു. പഴകിപ്പുളിച്ച ഇത്തരം സമീപനങ്ങൾ കൊണ്ടുനടക്കുന്നവർ അപകടകാരികളാണെന്നത് തിരിച്ചറിയപ്പെടുമെന്നതിൽ സംശയമില്ല. സമസ്തയുടെ മുഫ്തിയും അവരുടെ എട്ടാം പ്രമേയത്തിന്റെ അവതാരകനുമായ ശിഹാബുദ്ദീൻ അഹ്മദ് കോയ ശാലിയാത്തി ഈ വിഷയത്തിൽ നൽകിയ ഫത്‌വ കൂടി കാണുക: "മുഅ്മിനീങ്ങൾ സുന്നത്ത് ജമാഅത്തിനെ തുടർന്ന് നടക്കലും ബിദഅത്തുകാരെ അധികരിപ്പിക്കൽ, അവരുടെ സംഘത്തിൽ ചേരൽ, അവർക്ക് സലാം ചൊല്ലൽ, അവരൊന്നിച്ച് ഇരിക്കൽ, അവരുമായി അടുക്കൽ, പെരുന്നാൾ മുതലായ സന്തോഷ ദിവസങ്ങളിൽ അവരോട് സന്തോഷം പറയൽ, അവരുടെ മയ്യിത്ത് നിസ്‌കരിക്കൽ, അവരുടെ പേര് കേട്ടാൽ റഹ്മത് കൊണ്ട് ദുആ ഇരക്കൽ മുതലായവകൾ ചെയ്യാതിരിക്കലും അവരുടെ മദ്ഹബ് ബാത്വിലാണെന്നും വിശ്വസിച്ച് റബ്ബിൽ ആലമീന്റെ പക്കൽനിന്നുള്ള കൂലി ആശിച്ചു കൊണ്ട് അവരോട് വിരോധമാകലും ശത്രുത്വം കാണിക്കലും നിർബന്ധമാകുന്നു" (ഇവരെ എന്തുകൊണ്ട് അകറ്റണം?/പേജ് 12,13).

വിശ്വാസികൾക്ക് അല്ലാഹു കണക്കാക്കുന്ന നന്മകളോട് അനിഷ്ടം കാണുക്കുക എന്നത് സത്യനിഷേധികളുടെ സ്വഭാവമായി ക്വുർആൻ പഠിപ്പിച്ചതാണ്. അല്ലാഹു പറയുന്നു: "നിങ്ങളുടെ രക്ഷിതാവിൽ നിന്നും വല്ല നന്മയും നിങ്ങളുടെമേൽ ഇറക്കപ്പെടുന്നത് വേദക്കാരിലും ബഹുദൈവാരാധകന്മാരിലും പെട്ട സത്യനിഷേധികൾ ഒട്ടും ഇഷ്ടപ്പെടുന്നില്ല. അല്ലാഹു അവന്റെ കാരുണ്യം കൊണ്ട് അവൻ ഇച്ഛിക്കുന്നവരെ പ്രത്യേകം അനുഗ്രഹിക്കുന്നു. അല്ലാഹു മഹത്തായ അനുഗ്രഹമുള്ളവനാണ്" (ക്വുർആൻ 2:105).

മുസ്‌ലിയാർ എഴുതുന്നു: "മാതൃകായോഗ്യരായ സ്വഹാബത്തിനെ ചീത്തപറയലും പരിഹസിക്കലും തൊഴിലാക്കിയവരാണല്ലോ മുബ്തദിഉകൾ. ആധുനികരും പൗരാണികരും ഈ വിഷയത്തിൽ വ്യത്യസ്തരല്ല. അതിനാൽ അവരോടുള്ള സമീപനത്തിൽ ഓരോ വിശ്വാസിയും ജാഗ്രതയുള്ളവരാവണമെന്നാണ് ഹദീസ് ഓർമപ്പെടുത്തുന്നത്" (പേജ് 121).

സ്വഹാബത്തിനെ അധിക്ഷേപിച്ച ഖവാരിജുകൾ, റാഫിളുകൾ, ശിയാക്കൾ തുടങ്ങിയ വ്യതിയാന കക്ഷികളെ പിന്തുടരുന്ന പൗരോഹിത്യം എന്തിനാണ് ഈ കുഫ്‌റിനെ 'എന്റെ അനുചരന്മാരെ നിങ്ങൾ ചീത്ത പറയരുത്' (ബുഖാരി), 'സ്വഹാബികളെ നിന്ദിച്ചവനെ അല്ലാഹു ശപിച്ചിരിക്കുന്നു' (ത്വബ്‌റാനി) എന്നിങ്ങനെ നബിﷺ നൽകിയ താക്കീതുകളുടെ ഗൗരവം ഉൾക്കൊണ്ട അഹ്‌ലുസ്സുന്നയുടെ മേൽ ചാർത്തുന്നത്?

ഇമാം ത്വഹാവി(റഹി) പറയുന്നു: "പ്രവാചകന്റെ സ്വഹാബത്തിനെ നാം ഇഷ്ടപ്പെടുന്നു. അവരിൽ ആരോടുള്ള ഇഷ്ടത്തിലും നാം അതിരുകവിയുകയില്ല. അവരിൽ ആരോടും നമ്മൾ വിടുതൽ കാണിക്കുകയില്ല. അവരെ വെറുക്കുന്നവരെയും നല്ലതല്ലാതെ അവരെ കുറിച്ച് പറയന്നവരെയും നാം വെറുക്കുന്നു. സ്വഹാബത്തിനെ പറ്റി നല്ലതല്ലാതെ നാം പറയുകയില്ല. അവരോടുള്ള ഇഷ്ടം മതവും വിശ്വാസവും നന്മയുമാകുന്നു. അവരോടുള്ള കോപം അവിശ്വാസവും കപടതയും അതിക്രമവുമാകുന്നു" (അൽ അക്വീദതുത്ത്വഹാവിയ്യ).



നബിﷺയുടെ അനുചരന്മാർ പഠിപ്പിച്ചിട്ടില്ലാത്ത കാര്യങ്ങൾ പ്രചരിപ്പിച്ചും അവരിൽനിന്ന് സ്വീകാര്യമായി വന്നതിനെ വളച്ചൊടിച്ചും ബാലിശവും നിർമിതവുമായ വിഷയങ്ങളെ അവരിലേക്ക് ചേർത്തിയും മതാധിപന്മാരായി വിലസുന്ന ഇവർ അഹ്‌ലുസ്സുന്നയെ അനുഗമിക്കുന്ന സലഫികളെ അന്യായമായി ആക്ഷേപിക്കുന്നത് അവരുടെ നിലവാരത്തകർച്ചയല്ലാതെ മറ്റൊന്നുമല്ല.

സുഫിയാനുസ്സൗരി(റഹി), ഫുളൈലുബ്നു ഇയാദ്(റഹി), ഇമാം ബഗവി(റഹി), ഇമാം നവവി(റഹി) മുതലായ അഹ്‌ലുസ്സുന്നയുടെ ഇമാമുമാർ നവീനവാദികളോടും മതനിഷേധികളോടും വിശ്വാസികൾ ബന്ധം പുലർത്തേണ്ടതെങ്ങനെ എന്ന് വിശദീകരിച്ചതിനെ അതിന്റെ വക്താക്കളെ എതിർക്കാൻ മുസ്‌ലിയാർ എടുത്തുദ്ധരിച്ചതിൽ ഏറെ കൗതുകം തോന്നുന്നു. അവർ പഠിപ്പിച്ചതനുസരിച്ച് പൗരോഹിത്യം ദീനിനെ അറിഞ്ഞിരുന്നെങ്കിൽ അനാചാരങ്ങളുടെ കുത്തൊഴുക്കിന് ഏറെക്കുറെ നിയന്ത്രണം വരുത്താമായിരുന്നു.

വിശ്വാസദൃഢത നിലനിർത്തുന്നവരെയാണല്ലോ ഇവർ പുത്തൻവാദികളാക്കാൻ പ്രയാസപ്പെടുന്നത്. സൗഹാർദവും മതപരമായ പരിഗണനയുമൊന്നും അവർ അർഹിക്കുന്നില്ലെന്നാണ് മുസ്‌ലിയാർ സമർഥിച്ച് വരുന്നത്. 1930ൽ അവർ പാസാക്കിയ ബഹിഷ്‌കരണവാദ പ്രമേയം മുസ്‌ലിയാർ വീണ്ടും കുത്തിപ്പൊക്കിയത് കാണുക: "1930 മാർച്ച് 16ന് മണ്ണാർക്കാട്ട് വെച്ച് കൂടിയ സമസ്ത കേരളാ ജംഇയ്യത്തുൽ ഉലമയുടെ നാലാം വാർഷിക സമ്മേളനം അംഗീകരിച്ചു പാസാക്കിയ പ്രമേയം: ചോറ്റൂർ കൈക്കാർ, കോരൂർ കൈക്കാർ, കുണ്ടോട്ടി കൈക്കാർ, ഖാദിയാനികൾ, വഹാബികൾ മുതലായവരുടെ ദുർവിശ്വാസ നടപടികൾ അഹ്‌ലുസ്സുന്നത്തി വൽജമാഅത്തിന്റെ സുന്ദരമായ വിശ്വാസ നടപടികളോട് കേവലം മാറായതുകൊണ്ട് അവരുടെ വിശ്വാസ നടപടികളോട് പിന്തുടരലും അവരോടുള്ളതായ കൂട്ടുകെട്ടും സുന്നി മുസ്‌ലിംകൾക്ക് കേവലം പാടുള്ളതല്ലെന്ന് ഈ യോഗം തീർച്ചപ്പെടുത്തുന്നു" (പേജ് 23).

ഇവർ ജൽപിക്കും പ്രകാരം ഭിന്നതയുടെ ആളുകൾ സലഫികളായിരുന്നെങ്കിൽ അവരെ ഇസ്‌ലാമിന്റെ അടിസ്ഥാന നിയമങ്ങളിൽ ഒന്നായ അല്ലാഹുവിന്റെ ക്വുർആനിലേക്ക് ക്ഷണിച്ച് ഒന്നിപ്പിക്കേണ്ടതിന് പകരം അക്കാലം മുതൽതന്നെ ഇത്തരം അവിശുദ്ധ പ്രമേയങ്ങൾ അവതരിപ്പിച്ച് ശരിയായ ശിഥിലീകരണ പ്രവർത്തനങ്ങൾ നടത്തിയത് സമസ്ത തന്നെയല്ലേ? ഈ പ്രവർത്തനം തീർത്തും പ്രമാണവിരുദ്ധമാണ്. അല്ലാഹു പറയുന്നു: "നിങ്ങളൊന്നിച്ച് അല്ലാഹുവിന്റെ കയറിൽ മുറുകെപിടിക്കുക. നിങ്ങൾ ഭിന്നിച്ച് പോകരുത്" (ക്വുർആൻ 3:103). അല്ലാഹുവിന് ഇഷ്ടമുള്ളതായി നബിﷺ പഠിപ്പിച്ചതും ഇതുതന്നെ.

മാനവിക മൂല്യങ്ങൾ പകർന്നുനൽകിയ മതമാണ് ഇസ്‌ലാം എന്നത് അന്ധമായ വിമർശനത്തിനിടയിൽ മുസ്‌ലിയാർ മറന്നിരിക്കുന്നു. അദ്ദേഹം എഴുതുന്നു: "ഉദ്ധൃത വചനങ്ങളെല്ലാം ബിദ്അത്തിനോടും അതിന്റെ വക്താക്കളോടും കഠിനമായ വെറുപ്പും അനിഷ്ടവും പ്രകടിപ്പിക്കണമെന്നും സൗഹാർദപരവും മതപരവുമായുള്ള പരിഗണനകളൊന്നും അവർ അർഹിക്കുന്നില്ലെന്നും വ്യക്തമാക്കുന്നു" (പേജ് 23).

ഇവർ എടുക്കുന്ന എല്ലാ നിലപാടുകളും പോലെ ഈ വാക്കുകളും മതവിരുദ്ധമാണ്. അല്ലാഹു പറയുന്നു: "...പുണ്യത്തിലും ധർമനിഷ്ഠയിലും നിങ്ങൾ അന്യോന്യം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങൾ അന്യോന്യം സഹായിക്കരുത്. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാകുന്നു" (ക്വുർആൻ 5:2).



അഹ്‌ലുൽ ഖിബ്‌ലയിൽപെട്ട മുസ്‌ലിമിന് നൽകേണ്ട പരിഗണന എന്തെന്ന് ഇനിയും ഇക്കൂട്ടർ പഠിച്ചിട്ടില്ലേ? അനസി﷜ൽനിന്ന് നിവേദനം; നബിﷺ പറഞ്ഞു: "ആരെങ്കിലും നമ്മുടെ നമസ്‌കാരം എടുക്കുകയും നമ്മുടെ ഖിബ്‌ല സ്വീകരിക്കുകയും നാം അറുത്തത് ഭക്ഷിക്കുകയും ചെയ്താൽ അവൻ അല്ലാഹുവിന്റെയും റസൂലിന്റെയും സംരക്ഷണത്തിലാണ്. അവന്റെ സംരക്ഷണത്തിൽ അല്ലാഹുവിനെ നിങ്ങൾ വഞ്ചിക്കരുത്" (ബുഖാരി).

പ്രമാണങ്ങൾ പഠിപ്പിച്ചത് ഉൾക്കൊള്ളാതെ ഒരു മദ്ഹബിനെ അന്ധമായി അനുകരിച്ച് വളരുക, അധികാരക്കൊതിയുണ്ടാവുക, അറിവുള്ളവരോട് കുതർക്കം നടത്തുക, കക്ഷിത്വവാദികളുടെ ഗ്രന്ഥങ്ങൾ അവലംബിക്കുക, ശരിയല്ലാത്ത അഭിപ്രായങ്ങളിൽ അള്ളിപ്പിടിക്കുക എന്നീ നിലപാടുകളിൽ മുന്നോട്ടുപോകുന്ന സമസ്തയുടെ പണ്ഡിതന്മാർ ആദർശ രംഗത്തെ എതിരാളികളെ നേരിടുന്നത് ഗുണകാംക്ഷ പാടെ വറ്റിവരണ്ടവരായിക്കൊണ്ടാണ്. വിമർശനത്തിൽ യാതൊരു നീതിയും പുലർത്താൻ ഇവർ തയ്യാറല്ല.

> **"പ്രമാണങ്ങൾ പഠിപ്പിച്ചത് ഉൾക്കൊള്ളാതെ ഒരു മദ്ഹബിനെ അന്ധമായി അനുകരിച്ച് വളരുക, അധികാരക്കൊതിയുണ്ടാവുക, അറിവുള്ളവരോട് കുതർക്കം നടത്തുക, കക്ഷിത്വവാദികളുടെ ഗ്രന്ഥങ്ങൾ അവലംബിക്കുക, ശരിയല്ലാത്ത അഭിപ്രായങ്ങളിൽ അള്ളിപ്പിടിക്കുക എന്നീ നിലപാടുകളിൽ മുന്നോട്ടുപോകുന്ന സമസ്തയുടെ പണ്ഡിതന്മാർ ആദർശ രംഗത്തെ എതിരാളികളെ നേരിടുന്നത് ഗുണകാംക്ഷ പാടെ വറ്റിവരണ്ടവരായിക്കൊണ്ടാണ്. വിമർശനത്തിൽ യാതൊരു നീതിയും പുലർത്താൻ ഇവർ തയ്യാറല്ല."**

അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന് വേണ്ടി നിലകൊള്ളുന്നവരും നീതിക്ക് സാക്ഷ്യം വഹിക്കുന്നവരുമായിരിക്കുക. ഒരു ജനതയോടുള്ള അമർഷം നീതി പാലിക്കാതിരിക്കാൻ നിങ്ങൾക്ക് പ്രേരകമാകരുത്. നിങ്ങൾ നീതി പാലിക്കുക. അതാണ് ധർമനിഷ്ഠയോട് ഏറ്റവും അടുത്തത്. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ചെല്ലാം അല്ലാഹു സൂക്ഷ്മമായി അറിയുന്നവനാകുന്നു" (ക്വുർആൻ 5:8).

അഹ്‌ലുസ്സുന്നയുടെ പണ്ഡിതന്മാരെ വെറുക്കുന്നതിന് പകരം അവരിൽനിന്ന് മാതൃക ഉൾക്കൊള്ളാനുള്ള മനസ്സാണ് മുസ്‌ലിയാരെ പോലുള്ളവർക്ക് ആദ്യം വേണ്ടത്. ശൈഖുൽ ഇസ്‌ലാം ഇബ്‌നു തൈമിയ്യ(റഹി) പറഞ്ഞു: "അഹ്‌ലുസ്സുന്ന അതിനെതിരായി നിൽക്കുന്നവരോട് നീതിയോടെ പെരുമാറുന്നവരാണ്. അവരോട് അനീതി കാണിക്കുകയില്ല; കാരണം അത് നിഷിദ്ധമാണ്."

മുസ്‌ലിയാർ വീണ്ടും എഴുതുന്നു: "മഹാഭൂരിപക്ഷം വരുന്ന വിശ്വാസികളെ മുശ്‌രിക്കും കാഫിറുകളുമായി പരിചയപ്പെടുത്തുകയും അവരെ കൊല്ലൽ നിർബന്ധമാണെന്ന് പല പ്രാവശ്യം എഴുതി പ്രചരിപ്പിക്കുകയും ചെയ്ത കേരളത്തിലെ വഹാബി-മൗദൂദിയാദി പുത്തൻവാദികളോട് സലാം പറഞ്ഞ് സൗഹൃദം പുലർത്താൻ ഒരു വിശ്വാസിക്ക് എങ്ങനെയാണ് സാധിക്കുക? അകറ്റിനിർത്തേണ്ടവർ തന്നെയാണ് അവർദ" (പേജ് 23).

കല്ലുവെച്ച നുണ എന്ന് ഇതിനെ വിശേഷിപ്പിക്കാം. വഹാബികൾ എന്ന് ഇവർ പരിഹാസത്തോടെ വിളിക്കുന്ന മുജാഹിദുകൾ വിശ്വാസികളെ മുശ്‌രിക്കുകളും കാഫിറുകളുമായി ഇന്നേവരെ മുദ്രകുത്തിയിട്ടില്ല. യാതൊരു തെളിവും അതിനായി ഉദ്ധരിക്കാൻ ഇവർക്കാകില്ല. എന്നാൽ ഇവർ അങ്ങനെ ചെയ്തതിന് വ്യക്തമായ രേഖകളുണ്ട്.

കൂറ്റനാട് കെ.വി മുഹമ്മദ് മുസ്‌ലിയാരെ കുറിച്ച് എഴുതിയത് കാണുക: "ക്വുർആൻ പരിഭാഷ തികച്ചും അബദ്ധജഡിലവും തോന്നിവാസവുമാണെന്നും അതെഴുതിയുണ്ടാക്കിയ വകയിൽ കൂറ്റനാട് മുസ്‌ലിയാർ മുർത്തദ്ദും കാഫിറുമായിട്ടുണ്ടെന്നും അന്ന് സമസ്ത സെക്രട്ടറി ഫത്‌വ പുറപ്പെടുവിച്ചത് ജനങ്ങൾ മറന്നിട്ടില്ല" (സിറാജ് 1988, നവംബർ 21, ചൊവ്വ).

"ചുരുക്കത്തിൽ കഴിവ് അല്ലാഹുവിന്റേതും മനുഷ്യന്റേതുമെന്ന് രണ്ടായി വിഭജിച്ച് അല്ലാഹുവിന്റെ ഗുണമാകുന്ന ഖുദ്‌റത്തിൽ ഇവർ മായം ചേർത്തിരിക്കുന്നു. അതിനാൽ ഒറിജിനൽ മുശ്‌രിക്കുകൾ ഇവരാണ്" (തൗഹീദും ശിർക്കും/നാട്ടിക വി.മൂസ മുസ്‌ലിയാർ/പേജ് 61).

ആദർശ വ്യതിചലനവും ശത്രുതാമനോഭാവവും കൊണ്ടുനടക്കുന്ന ഇവർക്ക് നേരായ പാത കാണിച്ചുകൊടുക്കണേ എന്ന് നമുക്ക് പ്രാർഥിക്കാം.




# വാരിയൻ ചിത്രം: വൈകാരികതയും യാഥാർഥ്യബോധവും

**ചിത്രമല്ല ചരിത്രമാണ് വെളിച്ചം പകരേണ്ടത്. വൈകാരികതയും ആഘോഷങ്ങളുമല്ല, ഭാവിയിലേക്കുള്ള തിരുത്തൽ ശക്തിയായി ചരിത്രത്തെ സ്വീകരിക്കുകയാണ് വേണ്ടത്. പറങ്കികൾ തൊട്ട് ബ്രിട്ടീഷുകാർ വരെയുള്ള അധിനിവേശ ശക്തികളെ ചെറുത്ത പാരമ്പര്യമുള്ള മാപ്പിള സമുദായം ദേശത്തിനുവേണ്ടി ആത്മാർപ്പണം ചെയ്ത ജനതയാണ്. ബ്രിട്ടീഷുകാർ വഴി തിരിച്ചുവിടാൻ ശ്രമിച്ച മലബാർ പോരാട്ടം സമ്മാനിച്ച പരിക്കുകളിൽ നിന്നും മാപ്പിള ജനത ഉയിർത്തെഴുന്നേറ്റത് നവോത്ഥാന പ്രക്രിയകളിലൂടെയാണ്. ചരിത്രവും നവോത്ഥാനവുമാകട്ടെ ചാലകശക്തികൾ.**

കവർ സ്റ്റോറി

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി ഏറനാട്, വള്ളുവനാട് പ്രദേശങ്ങളിൽ നൂറു വർഷങ്ങൾക്ക് മുമ്പുണ്ടായ സമരത്തിന്റെ പേരാണ് മലബാർ പോരാട്ടം. 'മലബാർ കലാപം,' 'മലബാർ ലഹള' തുടങ്ങിയ പേരുകളിൽ ബ്രിട്ടീഷുകാർ ലോകത്തിന് പരിചയപ്പെടുത്തിക്കൊടുത്ത സമരമാണ് മലബാർ പോരാട്ടം. പോരാട്ടം നടക്കുന്ന കാലത്ത് ഇങ്ങനെയൊരു നാമകരണം നടത്തിക്കൊണ്ടായിരുന്നില്ല അതിന്റെ പ്ര

ണേതാക്കൾ പണിയെടുത്തിരുന്നത്. സാമ്രാജ്യത്വത്തിന്റെ നുകം പേറി അടിമകളെപ്പോലെ ജീവിക്കേണ്ടിവന്ന മലബാറിലെ മാപ്പിളമക്കൾ ഒരു മോചനത്തിനായി ദാഹിച്ചുകൊണ്ടിരിക്കുകയായിരുന്നു. മാപ്പിളസമൂഹം മലബാറിന്റെ മുഖ്യധാരയിൽ നിന്നും അകറ്റപ്പെടുകയും വാണിജ്യ, വ്യാപാര മേഖലകളിൽനിന്നും സ്വാധീനം നഷ്ടപ്പെടുകയും ചെയ്തത് 1498ലെ പറങ്കികളുടെ വരവോടുകൂടിയായിരുന്നു. കടൽകൊള്ളക്കാരനും ഭീകരനുമായിരുന്ന വാസ്കോഡ ഗാമ മലബാറിനെ പിഴിഞ്ഞെടുത്ത് മുഴുവൻ വിഭവങ്ങളും കൊള്ളയടിക്കാൻ വന്നപ്പോൾ മലബാർ ഭരിച്ചിരുന്ന സാമൂതിരിക്ക് പിന്തുണയായത് മാപ്പിളസമൂഹമായിരുന്നു. സാമൂതിരിയോടൊപ്പം നിന്ന് അധിനിവേശകരെ തുരത്താൻ മാപ്പിളമാർ മുമ്പിൽ നിന്നു പ്രവർത്തിച്ചു. ഈ വിരോധമാണ് മാപ്പിളമാരോട് അടിമകളോടെന്നോണം പെരുമാറാൻ പറങ്കികൾ തൊട്ട് ബ്രിട്ടീഷുകാർ വരെയുള്ളവരെ പ്രേരിപ്പിച്ചത്. നാല് നൂറ്റാണ്ടുകളിലധികം വിവിധ പോരാട്ടങ്ങൾ നടത്തി രാജ്യത്തെയും രാജ്യത്തിന്റെ വിഭവങ്ങളെയും സംരക്ഷിക്കാൻ കാവൽക്കാരായി പണിയെടുത്ത സത്യസന്ധതയുടെ കഥകളും കദനങ്ങളുമാണ് മാപ്പിളമാർക്ക് പറയാനുള്ളത്.

### മാപ്പിളമാരുടെ സമരവീര്യം

സാമൂതിരിയുടെ പടനായകരായിരുന്ന കുഞ്ഞാലി മരക്കാന്മാരുടെ ധീരോദാത്തമായ പോരാട്ടം ചരിത്രത്തിൽ തങ്കലിപികളാൽ രേഖപ്പെട്ടുകിടക്കുന്നു. പഴശ്ശിപ്പടയുടെ മുന്നണിപ്പോരാളികളായിരുന്ന ഉണ്ണിമൂസയുടെയും അത്തൻ കുരിക്കളുടെയും ചെമ്പൻ പോക്കറിന്റെയും നാമങ്ങൾ അധിനിവേശ ശക്തികളോടുള്ള സമാനതകളില്ലാത്ത എതിർപ്പിന്റെ ചരിത്രമായി അവശേഷിക്കുന്നു. ബ്രിട്ടീഷുകാരുടെ അതിക്രമങ്ങൾക്കും ചൂഷണങ്ങൾക്കുമെതിരെ സമരാഹ്വാനം നടത്തിയ മമ്പുറം സയ്യിദ് അലവി തങ്ങളുടെയും (1752-1845) അദ്ദേഹത്തിന്റെ പുത്രൻ സയ്യിദ് ഫസൽ പൂക്കോയതങ്ങളുടെയും (1820-1901) പ്രവർത്തനങ്ങൾ എക്കാലവും സ്മരിക്കപ്പെടുന്നു. 'അസ്സൈഫുൽ ബത്താർ' എന്ന മമ്പുറം തങ്ങളുടെ കൃതി ബ്രിട്ടീഷ് വിരുദ്ധ സമരങ്ങൾക്ക് ഏറെ ആവേശം നൽകിയ രചനയാണ്. ബ്രിട്ടീഷ് വിരുദ്ധ സമരത്തിന്റെ മാർഗത്തിൽ ഇന്ത്യയിൽ ആദ്യമായി നികുതിനിഷേധ പ്രസ്ഥാനം ആരംഭിച്ച വെളിയങ്കോട് ഉമർ ഖാസി (1763-1857) അറിയപ്പെടുന്ന സാമ്രാജ്യത്വ വിരുദ്ധ പോരാളിയായിരുന്നു.

### ബ്രിട്ടീഷ് കുതന്ത്രങ്ങൾ

സമരങ്ങളുടെ മാർഗങ്ങളിലും അതിന്റെ പരിണിതഫലങ്ങളിലും അംഗീകരിക്കപ്പെടേണ്ടതും തിരസ്കരിക്കപ്പെടേണ്ടതും ഉണ്ടാവാമെങ്കിലും ലക്ഷ്യം കളങ്കമില്ലാത്തതായിരുന്നു എന്നത് നിസ്തർക്കമാണ്. രാജ്യത്തിനും ജനങ്ങൾക്കും രാജ്യത്തിന്റെ സ്വത്തുക്കൾക്കും സംരക്ഷണം നൽകുക എന്നതായിരുന്നു അധിനിവേശ ശക്തികളോടുണ്ടായിരുന്ന എതിർപ്പിന്റെ കേന്ദ്രബിന്ദു. അധിനിവേശ ശക്തികൾ രാജ്യത്തേക്ക് കടന്നുവരുന്നതിന് മുമ്പ് അറബികൾ അടക്കമുള്ള വൈദേശികരിൽ പെട്ട എത്രയോ വിഭാഗങ്ങൾ നമ്മുടെ രാജ്യത്ത് വരികയും മാന്യമായ കച്ചവടങ്ങൾ നടത്തുകയും പ്രാദേശിക നിയമങ്ങൾ പാലിച്ചും നികുതികളടച്ചും തുറമുഖ മര്യാദകൾ പാലിച്ചും രാജ്യത്തിന്റെ വിഭവങ്ങൾ കൊണ്ടുപോയിട്ടുണ്ട്. അതിനോട് എതിർപ്പുകളുണ്ടായിട്ടില്ല. അതിനർഥം സമൂഹത്തിന്റെ എതിർപ്പ് വൈദേശികത്വത്തോടായിരുന്നില്ല; മറിച്ച് അധിനിവേശത്തോടായിരുന്നു എന്നതാണ്. അധിനിവേശശക്തികൾ ഒരു പ്രദേശത്തേക്ക് അതിക്രമിച്ചുവന്നാൽ അവിടെയുള്ള വിവിധ കക്ഷികൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കുകയും വളരെ നല്ല രീതിയിൽ ജീവിച്ചിരുന്ന വിഭാഗങ്ങളെ അടിച്ചമർത്തുകയും ചെയ്യുമെന്ന കാര്യം ക്വുർആൻ വ്യക്തമാക്കിയിട്ടുണ്ട്. 'ഭിന്നിപ്പിച്ചു ഭരിക്കുക' എന്ന തത്ത്വമാണ്

> **കടൽകൊള്ളക്കാരനും ഭീകരനുമായിരുന്ന വാസ്കോഡ ഗാമ മലബാറിനെ പിഴിഞ്ഞെടുത്ത് മുഴുവൻ വിഭവങ്ങളും കൊള്ളയടിക്കാൻ വന്നപ്പോൾ മലബാർ ഭരിച്ചിരുന്ന സാമൂതിരിക്ക് പിന്തുണയായത് മാപ്പിളസമൂഹമായിരുന്നു. സാമൂതിരിയോടൊപ്പം നിന്ന് അധിനിവേശകരെ തുരത്താൻ മാപ്പിളമാർ മുമ്പിൽ നിന്നു പ്രവർത്തിച്ചു. നാല് നൂറ്റാണ്ടുകളിലധികം വിവിധ പോരാട്ടങ്ങൾ നടത്തി രാജ്യത്തെയും രാജ്യത്തിന്റെ വിഭവങ്ങളെയും സംരക്ഷിക്കാൻ കാവൽക്കാരായി പണിയെടുത്ത സത്യസന്ധതയുടെ കഥകളും കദനങ്ങളുമാണ് മാപ്പിളമാർക്ക് പറയാനുള്ളത്.**

അധിനിവേശകർ മലബാറിലും സ്വീകരിച്ചുവന്നത്. ടിപ്പുസുൽത്താൻ ഇല്ലാതാക്കിയ ജന്മിത്വത്തെ പുനഃപ്രതിഷ്ഠിച്ചുകൊണ്ടാണ് ബ്രിട്ടീഷുകാർ മലബാറിൽ ഭിന്നതക്ക് വിത്തുപാകിയത്. ജന്മിമാരെയും കുടിയാന്മാരെയും സൃഷ്ടിച്ച് അത് മതപരമായ ഭിന്നതയാക്കി വരുത്തിത്തീർത്ത് അവർക്കിടയിലുണ്ടാവുന്ന സംഘട്ടനങ്ങളെ ഹിന്ദു-മുസ്‌ലിം കലാപങ്ങളാക്കി അവതരിപ്പിക്കാനുള്ള കുത്സിത ശ്രമങ്ങളാണ് അവർ നടത്തിയത്.


1836-1919 വരെയുള്ള കാലയളവിൽ 31 ജന്മി-കുടിയാൻ സംഘട്ടനങ്ങൾ സൃഷ്ടിക്കാൻ ബ്രിട്ടീഷുകാർക്ക് സാധിച്ചു. ദേശക്കാരായ ആളുകളിൽനിന്നും ബ്രിട്ടീഷ് അനുകൂലികളെ സൃഷ്ടിക്കുക എന്ന ഗൂഢതന്ത്രത്തിന്റെ ഭാഗമായിട്ടാണ് ഇത്തരം സംഘട്ടനങ്ങൾ ഉണ്ടാക്കാൻ അവർ ശ്രമിച്ചത്. കുടിയാന്മാരിൽ മഹാഭൂരിപക്ഷവും മാപ്പിളമാരായിരുന്നു. മാപ്പിളമാരിൽ മഹാഭൂരിപക്ഷവും കുടിയാന്മാരുമായിരുന്നു. വിദ്യാഭ്യാസമോ ഉന്നത ഉദ്യോഗമോ സാമ്പത്തിക മേൽക്കോയ്മയോ ഉള്ളവർ മാപ്പിളവരിൽ വിരളമായിരുന്നു. മാപ്പിളമാരുടെ ബ്രിട്ടീഷ് വിരോധമെന്ന ആശയത്തെ മാപ്പിളമാരെ തന്നെ നിർവീര്യമാക്കാനുള്ള തന്ത്രമായി മാപ്പിളവിരുദ്ധ ശക്തികൾ ഉപയോഗിച്ചു എന്നതാണ് സത്യം. മാപ്പിളമാർ പോരാട്ടമാർഗത്തിൽ തന്നെ കഴിയട്ടെ; അവരിൽ ചിന്താശേഷി ഉണ്ടാകുന്നതോ അവർ ഉദ്യോഗ-വ്യാപാര മേഖലകളിൽ സജീവമാകുന്നതോ ബ്രിട്ടീഷുകാർ അടക്കമുള്ള മാപ്പിളവിരുദ്ധർ ഇഷ്ടപ്പെട്ടിരുന്നില്ല. ജന്മി-കുടിയാൻ സമരങ്ങൾക്ക് 'കമ്യൂണിസ്റ്റ്-സോഷ്യലിസ്റ്റ്' വർണനകൾ നൽകി മാപ്പിളമാർ ഇപ്പോഴും പ്രചോദിപ്പിക്കപ്പെടുന്നത് മാപ്പിളസമൂഹത്തിന് അത്ര തന്നെ ഗുണകരമല്ല എന്ന തിരിച്ചറിവ് അവർക്കുണ്ടാവണം എന്നത് സാന്ദർഭികമായി സൂചിപ്പിക്കുന്നു.

## മാപ്പിള പിന്നാക്കാവസ്ഥ

കേരളത്തിലെ മാപ്പിളമാരും കീഴാളരുമല്ലാത്ത സമൂഹങ്ങൾ പൊതുവിൽ പത്തൊമ്പതാം നൂറ്റാണ്ടിൽ തന്നെ വിദ്യാഭ്യാസം, ഉദ്യോഗം തുടങ്ങിയ മേഖലയിൽ വളരെയേറെ മുമ്പോട്ടുപോയിരുന്നു. ബ്രിട്ടീഷ് വിരുദ്ധതയുടെ പേരിൽ സമരങ്ങളിലും സംഘട്ടനങ്ങളും ഏർപ്പെടുന്നത് കാരണം മറ്റു മേഖലകളിൽ മുന്നേറുവാൻ അവർക്ക് സാധിച്ചില്ല. സംഘട്ടനങ്ങളുടെ അന്തിമഫലമാവട്ടെ മാപ്പിളമാർക്ക് കനത്ത നഷ്ടം സംഭവിപ്പിച്ചുകൊണ്ടുമായിരുന്നു. സത്യത്തിൽ മാപ്പിളമാരുടെ പോരാട്ടത്തിൽ കറകളഞ്ഞ ആത്മാർഥതയും സത്യസന്ധതയുമാണ് ഉണ്ടായിരുന്നതെങ്കിലും ബ്രിട്ടീഷുകാർ അടക്കം അത് ആസ്വദിക്കുകയായിരുന്നു എന്നുവേണം പറയാൻ. കാരണം മാപ്പിളമാരെ ഉന്മൂലനം ചെയ്യാൻ സാധിക്കുന്ന ഏറ്റവും നല്ല അവസരമായും മാപ്പിളമാർ പുരോഗതിയുടെ പാതയിൽ സഞ്ചരിക്കുന്നതിനെ തടയുവാനുള്ള മാർഗമായും അവരതിനെ കണ്ടു.

## മക്തി തങ്ങൾ നൽകിയ സന്ദേശം

മുസ്‌ലിം സമുദായത്തിന്റെ പുരോഗതിയിൽ താൽപര്യമുണ്ടായിരുന്ന വിവേകമതികളായ പണ്ഡിതന്മാർ ഇക്കാര്യത്തിൽ മാപ്പിളസമൂഹത്തെ ഉൽബുദ്ധരാക്കാൻ ശ്രമിച്ചിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യത്തിൽ വെളിയങ്കോട് ജനിച്ച സയ്യിദ് സനാഉല്ല മക്തിതങ്ങൾ (1847-1912) അവരിൽ ഒരാളായിരുന്നു. ബ്രിട്ടീഷുകാരോട് ചെറുത്തുനിൽക്കുന്ന മാപ്പിള സമൂഹത്തിന്റെ വീരശൂരതകളെ അദ്ദേഹം അഭിനന്ദിക്കുമായിരുന്നെങ്കിലും ദീർഘവീക്ഷണത്തോടെയുള്ള കാഴ്ചപ്പാടുകൾ വളർത്തിയെടുത്ത് സമുദായത്തെ ഇതര സമുദായങ്ങളെപ്പോലെ വിദ്യാഭ്യാസത്തിലും ഉദ്യോഗരംഗങ്ങളിലും ഉയർന്നു മുന്നേറുവാനായിരുന്നു അദ്ദേഹം ഉപദേശിച്ചിരുന്നത്. 'ജ്ഞാനമില്ലെങ്കിൽ മാനമില്ല; മാന



മില്ലെങ്കിൽ നാണമില്ല' എന്നായിരുന്നു അദ്ദേഹത്തിന്റെ നയം. അറിയുന്ന ജ്ഞാനമെല്ലാം വിളമ്പുകയായിരുന്നില്ല അദ്ദേഹം ചെയ്തത്. യുക്തിക്ക് ചേരുന്ന വിധത്തിൽ ജ്ഞാനത്തെ ജീവിതത്തിന്റെ ഭാഗമാക്കാനാണ് അദ്ദേഹം ഉപദേശിച്ചത്.

1921ലെ മലബാർ പോരാട്ടത്തിന്റെ ഒമ്പത് വർഷങ്ങൾക്ക് മുമ്പ് മരണപ്പെട്ട മക്തിതങ്ങൾ അക്കാലത്ത് മലബാറിൽ നടന്നുവന്ന ജന്മി-കുടിയാൻ സംഘട്ടനങ്ങളിൽ ഏർപ്പെട്ടിരുന്ന മാപ്പിളമക്കളെ ഉപദേശിച്ചിരുന്നു. ശത്രുവോട് എതിരിട്ട് മരിക്കുക എന്നത് ജീവിതലക്ഷ്യമായി കാണുന്നതിനെ അദ്ദേഹം നിരുത്സാഹപ്പെടുത്തി. അദ്ദേഹം എഴുതി: 'അന്യജനത്തെ കൊലപ്പെടുത്തി താൻ കൊല്ലപ്പെടുന്നതിന് മോക്ഷമുണ്ടെന്ന് ഉണ്ടാക്കിത്തീർത്ത വിശ്വാസം കാരണമായി വടക്കേ മലയാളത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന മാപ്പിള ലഹള നിമിത്തം നാനാ കഷ്ടനഷ്ടങ്ങൾ ഗവർമെന്റിനും പ്രജകൾക്കും അനുഭവമായിരുന്നത് പ്രസിദ്ധമാകുന്നു. അവസാനം 1896ൽ ഉണ്ടായ ലഹളയുടെ ആരംഭത്തിൽ ചങ്ങനാശ്ശേരിയിൽ ഉണ്ടായിരുന്ന എന്നെ വരുത്തി മലപ്പുറം മുതലായ പ്രദേശങ്ങളിൽ ചെന്നു പ്രസംഗിക്കാനുണ്ടായ ഉത്തരവ് പ്രകാരം ആ പ്രദേശങ്ങളിൽ സഞ്ചരിച്ച് പ്രസംഗിച്ചും വാഗ്വാദം നടത്തിയും മഹാപാപമല്ലാതെ പുണ്യമൊന്നുമില്ലെന്ന് ധരിച്ചതിനാൽ ഇന്നുവരെ ലഹള എന്ന പേര് കേൾക്കാതിരിക്കുന്നു. അതിനാൽ ഫലപ്പെട്ടത് ആരെന്നോർക്കണം' (രാജഭക്തിയും ദേശാഭിമാനവും).

## മാറിച്ചിന്തിച്ച മാപ്പിളസമുദായം

മക്തിതങ്ങളുടെ ഉപദേശം ഫലിച്ചിരുന്നുവെന്നതാണ് അദ്ദേഹം എഴുതിയത്. 1896 നുശേഷം അദ്ദേഹം മരിക്കുന്നതുവരെ മലബാറിൽ ജന്മി-കുടിയാൻ സംഘട്ടനങ്ങൾ ഉണ്ടായിട്ടില്ല എന്ന ചരിത്രം അത് ബോധ്യപ്പെടുത്തുകയും ചെയ്യുന്നു. അതോടൊപ്പം ഇതിന്റെ പേരിൽ സംഘട്ടനങ്ങളിൽ ഏർപ്പെട്ടിരുന്ന മാപ്പിളമാരെ അദ്ദേഹം ക്രൂരർ ആയോ വർഗീയവാദികൾ ആയോ കരുതിയിരുന്നില്ല. വിജ്ഞാനത്തിന്റെ പോരായ്മയാണ് അദ്ദേഹം എടുത്തുകാണിച്ചിരുന്നത്. സമുദായത്തെ സമുദ്ധരിക്കാൻ ഇതേ മാർഗമാണ് മക്തിതങ്ങളുടെ കാലത്ത് ജീവിച്ചിരുന്ന മാഹിൻ ഹമദാനി തങ്ങളും (മരണം 1922) ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയും (1866-1919) വക്കം മൗലവിയും (1873-1932) സ്വീകരിച്ചിരുന്നത്. അവർ മത, ഭൗതിക വിദ്യാഭ്യാസം നേടാൻ മാപ്പിളമാരെ ഉപദേശിച്ചു. 1898, 1915, 1919 എന്നീ വർഷങ്ങളിൽ ചില സംഘട്ടനങ്ങൾക്ക് സാധ്യത വന്നുവെങ്കിലും മാപ്പിള സമുദായത്തിൽ നിന്ന് വേണ്ടത്ര പ്രതികരണം അതിനുണ്ടാവാതിരുന്നതിന് കാരണം നവോത്ഥാനനായകർ പടുത്തുയർത്തിയ ഉൽബുദ്ധതയായിരുന്നു.

> **മുസ്‌ലിം സമുദായത്തിന്റെ പുരോഗതിയിൽ താൽപര്യമുണ്ടായിരുന്ന വിവേകമതികളായ പണ്ഡിതന്മാർ ബ്രിട്ടീഷ് ചെറുത്തുനിൽപിന്റെ കാര്യത്തിൽ മാപ്പിളസമൂഹത്തെ ഉൽബുദ്ധരാക്കാൻ ശ്രമിച്ചിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യത്തിൽ വെളിയങ്കോട് ജനിച്ച സയ്യിദ് സനാഉല്ല മക്തിതങ്ങൾ അവരിൽ ഒരാളായിരുന്നു. ബ്രിട്ടീഷുകാരോട് ചെറുത്തുനിൽക്കുന്ന മാപ്പിള സമൂഹത്തിന്റെ വീരശൂരതകളെ അദ്ദേഹം അഭിനന്ദിക്കുമായിരുന്നെങ്കിലും ദീർഘവീക്ഷണത്തോടെയുള്ള കാഴ്ചപ്പാടുകൾ വളർത്തിയെടുത്ത് സമുദായത്തെ ഇതര സമുദായങ്ങളെപ്പോലെ വിദ്യാഭ്യാസത്തിലും ഉദ്യോഗരംഗങ്ങളിലും ഉയർന്നു മുന്നേറുവാനായിരുന്നു അദ്ദേഹം ഉപദേശിച്ചിരുന്നത്. 'ജ്ഞാനമില്ലെങ്കിൽ മാനമില്ല; മാനമില്ലെങ്കിൽ നാണമില്ല' എന്നായിരുന്നു അദ്ദേഹത്തിന്റെ നയം. അറിയുന്ന ജ്ഞാനമെല്ലാം വിളമ്പുകയായിരുന്നില്ല അദ്ദേഹം ചെയ്തത്. യുക്തിക്ക് ചേരുന്ന വിധത്തിൽ ജ്ഞാനത്തെ ജീവിതത്തിന്റെ ഭാഗമാക്കാനാണ് അദ്ദേഹം ഉപദേശിച്ചത്.**

### '1921' കാരണങ്ങൾ?

ജന്മി-കുടിയാൻ പ്രശ്നത്തിന്റെ പേരിലുള്ള സംഘട്ടനങ്ങളോടുള്ള താൽപര്യം കുറഞ്ഞ കാലത്താണ് രാജ്യമാകമാനം ഖിലാഫത്ത്-നിസ്സഹകരണ പ്രസ്ഥാനങ്ങൾ സജീവമായി വന്നത്. 1919-1920 വർഷങ്ങളിലായിരുന്നു ഇത്. 1920 ആഗസ്തിൽ മഹാത്മജി കോഴിക്കോട് വരികയും ഖിലാഫത്ത്-നിസ്സഹകരണ സമരത്തിന്റെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്തതിന് ശേഷം മലബാറിലാകമാനം ഖിലാഫത്ത് കമ്മിറ്റികൾ രൂപീകരിച്ചും കോൺഗ്രസ് സമ്മേളനങ്ങൾ നടത്തിയും വളരെ വ്യവസ്ഥാപിതമായി തുടങ്ങിയ സമരമായിരുന്നു 1921 ലെ മലബാർ പോരാട്ടം. അത് ആലി മുസ്‌ല്യാരുടെയോ വാരിയൻ കുന്നത്ത് കുഞ്ഞഹമ്മദാജിയുടെയോ മ

റ്റേതെങ്കിലും ഖിലാഫത്ത് നേതാക്കളുടെയോ തലയിൽ നിന്നുദിച്ച ചിന്തയുടെ ഫലമായിരുന്നില്ല. ഏതെങ്കിലും സ്ഥലത്ത് ജന്മിയും കുടിയാനും തമ്മിലുണ്ടായ സംഘട്ടനത്തിന്റെ ഫലമായി ഉണ്ടായതുമല്ല. അധിനിവേശ ശക്തികളോട് നേരത്തെതന്നെ മാപ്പിളമാർക്കുണ്ടായിരുന്ന വിരോധത്തിന്റെ ഫലവുമായിരുന്നില്ല. ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടുപോകണമെന്നും ഇന്ത്യക്ക് ഇന്ത്യക്കാരുടെ ഭരണം വേണമെന്നുമുള്ള സ്വാതന്ത്ര്യചിന്തയിൽനിന്നും ഉത്ഭൂതമായ നിസ്സഹകരണ-ഖിലാഫത്ത് സമരത്തിന്റെ ഭാഗമായിരുന്നു അത്. പ്രസ്തുത സമരത്തിന്റെ മാർഗമാവട്ടെ സായുധമായിരുന്നില്ല. സമാധാനമാർഗത്തിൽ സത്യാഗ്രഹങ്ങളും ബഹിഷ്കരണങ്ങളും പോലെയുള്ള രീതികൾ മാത്രമായിരുന്നു. എന്നാൽ രാജ്യത്തിന്റെ പല ഭാഗങ്ങളിലും ഇത്തരം സമരങ്ങൾ സായുധമാവുകയും അക്രമത്തിലേക്ക് വഴുതിപ്പോവുകയും ചെയ്തിട്ടുണ്ട്. അതിന്റെ കാരണം ബ്രിട്ടീഷുകാരായിരുന്നു. സമാധാന സമരങ്ങളെ അക്രമത്തിലേക്ക് നയിക്കുക എന്നതായിരുന്നു അവരുടെ തന്ത്രം. എങ്കിൽ മാത്രമെ അവർക്ക് വെടിവെപ്പും അറസ്റ്റും നടത്തി ഭീകരത സൃഷ്ടിക്കാൻ സാധിക്കൂ. ഭീകരാന്തരീക്ഷം ഉണ്ടാകുമ്പോൾ ജനങ്ങൾ സമരങ്ങൾ ഉപേക്ഷിക്കുമെന്നതായിരുന്നു അവരുടെ നിഗമനം.

### ബ്രിട്ടീഷുകാരുടെ പ്രകോപനങ്ങൾ

തിരൂരങ്ങാടിയിലേക്കാണ് ബ്രിട്ടീഷ് പട്ടാളം ആദ്യം മാർച്ച് നടത്തിയത്. 1921 ആഗസ്ത് 20നായിരുന്നു അത്. പട്ടാളം ജനങ്ങളെ പരിഭ്രാന്തരാക്കുന്ന പ്രവർത്തനങ്ങളാണ് നടത്തിയത്. യാതൊരു പ്രകോപനവുമില്ലാത്ത സ്ഥലത്ത് പോയി ജനങ്ങളെ അക്രമമാർഗത്തിലേക്ക് കൊണ്ടുവരിക എന്ന ലക്ഷ്യമായിരുന്നു അവർക്കുണ്ടായിരുന്നത്. അതുവഴി ഖിലാഫത്ത് സമരത്തെ തകർക്കാം എന്നായിരുന്നു അവർ കണ്ടത്. ഇത് മുൻകൂട്ടിക്കണ്ട മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് ആലിമുസ്‌ല്യാരുടെ അടുക്കലേക്ക് ദൂതനെ പറഞ്ഞുവിടുകയും എന്ത് പ്രകോപനമുണ്ടായാലും അതിൽ വീഴരുത് എന്ന നിർദേശവും നൽകിയിരുന്നു.

### കെ.എം മൗലവി പറഞ്ഞത്

ബ്രിട്ടീഷ് പട്ടാളത്തോട് ഏറ്റുമുട്ടി ഖിലാഫത്ത് സമരത്തിന്റെ ദിശ മാറാതിരിക്കാൻ നേതാക്കൾ ആദ്യം മുതലേ ശ്രദ്ധിച്ചിരുന്നു. എന്നാൽ പട്ടാളത്തോട് എതിരിടാൻ ആലിമുസ്‌ല്യാർ ആലോചിച്ചതായി കാരാടൻ മൊയ്തീൻ സാഹിബ് കെ.എം മൗലവിയെ ധരിപ്പിച്ചു. കാരാടൻ മൊയ്തീൻ സാഹിബ് പറഞ്ഞ കാര്യങ്ങൾ കെ.എം മൗലവി വിശദീകരിക്കുന്നു: 'ആലി മുസ്‌ല്യാരും കൂട്ടുകാരായ വളണ്ടിയർമാരും പറയുന്നു: ഇതേവരെ പോലീസിന്റെ മർദനം കുറെ സഹിച്ചു. ഇനിമേലിൽ പോലീസുകാരാവട്ടെ, അവരുടെ സഹായികളാകട്ടെ, ഞങ്ങളെ ഉപദ്രവിച്ചാൽ ഞങ്ങൾ സഹിക്കുകയും പൊറുക്കുകയുമില്ല. ഞങ്ങൾ പ്രതിക്രിയ ചെയ്യും. ഈ വിവരമറിഞ്ഞു ഞാൻ അമ്പരന്നു. ഏറനാട്ടിലെ ഖിലാഫത്ത് കമ്മിറ്റി സിക്രട്ടറി എന്ന നിലക്ക് ഞാൻ ഇങ്ങനെ തീരുമാനിച്ചു. ആലി മുസ്‌ല്യാരെയും കൂട്ടുകാരെയും ചൊവ്വാക്കുകയോ അത് സാധിക്കാത്തപക്ഷം അവരെ ഖിലാഫത്ത് കമ്മിറ്റിയിൽനിന്നും പുറത്താക്കുകയോ ചെയ്തിട്ടല്ലാതെ മേലിൽ ഖിലാഫത്ത് കമ്മിറ്റി രൂപീകരണ ജോലിയിൽ ഏർപ്പെടുന്നില്ലെന്ന്' (1921 ചില സ്മരണകൾ, കെ എം മൗലവി: ചന്ദ്രിക ആഴ്ചപ്പതിപ്പ്,1956 നവമ്പർ 10).

എന്നാൽ കുറെ നിരപരാധികളെ പട്ടാളം പിടിച്ചുകൊണ്ടുപോയത് വൈകാരികാന്തരീക്ഷം സൃഷ്ടിച്ചു. അത് ചോദിക്കാൻ ചെന്ന ആലിമുസ്‌ല്യാരെയും സംഘത്തെയും വെടിവെക്കുകയായിരുന്നു ബ്രിട്ടീ



ഷ് പട്ടാളം ചെയ്തത്. ഇതുസംബന്ധമായി ആലിമുസ്‌ല്യാർ ഗദ്ഗദ സ്വരത്തിൽ ഖലാഫത്ത് കോൺഗ്രസ് നേതാക്കളോട് പറഞ്ഞത് കെ.എം മൗലവി വിശദീകരിക്കുന്നത് ഇങ്ങനെയാണ്: 'കളക്ടറും പട്ടാളവും കല്പിച്ചുകൂട്ടി യുദ്ധം നടത്തി. ഞമ്മളെ കൂട്ടർ അവരവർക്ക് കയ്യുംപോലെ പകരംവീട്ടി. ഇനി എല്ലാം അല്ലാഹുവിന്റെ ഖദർ പോലെ നടക്കും' (കെ.എം മൗലവി, കെ.കെ മുഹമ്മദ് അബ്ദുൽകരീം, അൽകാത്തിബ് പബ്ലിക്കേഷൻസ്, പേജ് 105). നേതാക്കൾ അദ്ദേഹത്തെ സമാധാനിപ്പിക്കുകയും ഉപദേശിക്കുകയും ചെയ്തു. 'സഹകരണത്യാഗത്തിന് അക്രമസ്വഭാവം നൽകുന്നത് ശരിയല്ലെന്നും ഒരുനിലക്കും സഹനമാർഗത്തിൽ നിന്ന് വ്യതിചലിക്കരുതെന്നും' അവർ അദ്ദേഹത്തെ ഉപദേശിച്ചു' (അതേ പേജ്).

### 1921 സമരത്തിന്റെ യഥാർഥ മാർഗം

തിരൂരങ്ങാടിയിലെ സംഭവത്തെ തുടർന്ന് നേതാക്കൾ പുറത്തിറക്കിയ വിജ്ഞാപനം കാണുക. കെ. പി കേശവമേനോൻ, യു ഗോപാലമേനോൻ, മുഹമ്മദ് അബ്ദുറഹ്മാൻ, തയ്യിൽ മുഹമ്മദ്കുട്ടി മുസ്‌ല്യാർ, എം. പി നാരായണമേനോൻ, ഇ. മൊയ്തുമൗലവി, പൊന്മടത്ത് മൊയ്തീൻ കോയ എന്നീ നേതാക്കളാണ് അതിൽ ഒപ്പുവെച്ചിരുന്നത്. അതിങ്ങനെയാണ്:

'മാന്യമഹാജനങ്ങളേ, ഇന്ത്യക്കാരുടെ രാഷ്ട്രീയമായ ഉയിർത്തെഴുന്നേൽപ്പും കോൺഗ്രസ് ഖിലാഫത്ത് ആദർശ പ്രചാരണ വിജയവും ഭരണാധികാരി വർഗത്തെ വല്ലാതെ ചൊടിപ്പിച്ചിട്ടുണ്ട്. മഹാത്മാഗാന്ധിയും അലി സഹോദരന്മാരും മറ്റു ഹിന്ദു-മുസ്‌ലിം ദേശീയ നേതാക്കളും സഹനസമരത്തിനും നിസ്സഹകരണ പ്രസ്ഥാനത്തിനുമാണ് ആഹ്വാനം ചെയ്തിട്ടുള്ളത്. മാപ്പിളനാട്ടിൽ സുദൃഢമായ, വേരുറച്ചുവരുന്ന ഹിന്ദുമുസ്‌ലിം ഐക്യം വെള്ളക്കാരുടെ പരിഭ്രമത്തെ വർധിപ്പിച്ചിട്ടുണ്ട്. 21നു തിരൂരങ്ങാടിയിൽ നടന്ന കലാപവിവരം എല്ലാവരും അറിഞ്ഞിരിക്കുമല്ലോ. കലാപത്തിന്റെ വിശദാംശങ്ങൾ ഇവിടെ രേഖപ്പെടുത്തേണ്ടതില്ല. മാപ്പിളനാട്ടിലെ പ്രധാന കേന്ദ്രങ്ങളിൽ ഇനിയും മർദനങ്ങളും അറസ്റ്റുകളും നടക്കാനുള്ള സാധ്യത തെളിഞ്ഞുകാണുന്നുണ്ട്. ബഹുജനങ്ങളോട് ഞങ്ങൾ ഖേദത്തോടും ഭയാശങ്കകളോടും ഒരു കാര്യം ഉണർത്തുന്നു. പോലീസും പട്ടാളക്കാരും എന്ത് അക്രമം പ്രവർത്തിച്ചാലും വല്ലവരെയും അറസ്റ്റ് ചെയ്താലും നിങ്ങൾ സഹനസന്മാർഗത്തിൽ ഉറച്ചുനിൽക്കണം. യാതൊരു തരത്തിലുള്ള അക്രമത്തിനും പകരം ചോദിക്കലിനും മുതിരരുത്. അങ്ങനെ ചെയ്താൽ ഇപ്പോൾ നമുക്ക് തിട്ടപ്പെടുത്താൻ സാധിക്കാത്ത പല നാശനഷ്ടങ്ങൾക്കും രക്തച്ചൊരിച്ചിലിനും ഹേതുവാകുന്നതാണ്. അതിനാൽ എല്ലാവരും സഹനമാർഗവും സഹകരണത്യാഗാശയവും ജീവിതത്തിൽ പ്രകടിപ്പിക്കണം. എല്ലാവരും കരുതി, സമാധാന മാർഗത്തിൽ ചരിക്കണമെന്നും ഞങ്ങൾ ഇതിനാൽ അപേക്ഷിക്കുന്നു' (കെ.കെ മുഹമ്മദ് അബ്ദുൽ കരീമിന് കുറ്റൂരിലെ കെ. പി മുഹമ്മദാജിയുടെ വീട്ടിൽനിന്നും ലഭിച്ച രേഖയിൽ നിന്ന്).

> **“വാരിയൻകുന്നത്ത് സ്വാതന്ത്ര്യസമര സേനാനിയായിരുന്നു. സത്യസന്ധനായിരുന്നു. അക്രമത്തെ ഒരിക്കലും അംഗീകരിക്കാത്ത വ്യക്തിയായിരുന്നു. എന്നാൽ ബ്രിട്ടീഷുകാരോട് ഏറ്റുമുട്ടി അഭിമാനത്തോടെ മരിക്കുകയാണ് വേണ്ടതെന്ന ആവേശം അദ്ദേഹത്തിനുണ്ടായിരുന്നു. ഖിലാഫത്ത്-കോൺഗ്രസ് നേതാക്കൾ ഉൾക്കൊണ്ടിരുന്ന സമരമാർഗത്തിൽനിന്നും വ്യത്യസ്തമായി ബ്രിട്ടീഷുകാരോട് സായുധപോരാട്ടം നടത്തുകയാണ് വേണ്ടതെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിൽ നടന്ന ഒട്ടേറെ സായുധ സംഘട്ടനങ്ങൾ മാപ്പിള സമുദായത്തിനുണ്ടാക്കിയ നഷ്ടങ്ങളും മുറിവുകളും ഓർത്തുകൊണ്ടായിരുന്നു നവോത്ഥാനനായകർ ജാതിമത വ്യത്യാസമില്ലാതെ മറ്റൊരു സായുധ സംഘട്ടനമുണ്ടാവുന്നതിൽനിന്നും മാപ്പിളസമൂഹത്തെ തടഞ്ഞുനിർത്തിയത്. പക്ഷേ, അതുൾക്കൊള്ളാൻ മാത്രമുള്ള മാനസികാവസ്ഥ പോരാട്ട വീഥിയിലുണ്ടായിരുന്ന മാപ്പിള സഹോദരങ്ങൾക്കുണ്ടായിരുന്നില്ല.”**

### തുടരുന്ന ബ്രിട്ടീഷ് പ്രകോപനം

സമാധാനം പുനഃസ്ഥാപിച്ചത് ബ്രിട്ടീഷുകാർക്ക് സഹിച്ചില്ല. അവർ വീണ്ടും കലാപമുണ്ടാക്കാനുള്ള തന്ത്രങ്ങൾ ആവിഷ്കരിച്ചു. ഏതാനും ദിവസങ്ങൾക്ക് ശേഷം തിരൂരങ്ങാടിയിലെ സമാധാനത്തിന് ഭംഗം വരുത്തി പട്ടാളം മമ്പുറം പള്ളി ആക്രമിച്ചു. കാരാടൻ മൊയ്തീൻ സാഹിബ് അടക്കം പലരും രക്തസാക്ഷികളായി. അതോടെ പള്ളി

പ്പരിസരം യുദ്ധസമാനമായി. അതാണ് പിന്നീട് ഏറനാട്, വള്ളുവനാട് പ്രദേശങ്ങളുടെ ഉൾഭാഗങ്ങളിലേക്കും പ്രസരിച്ചത്. വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയായിരുന്നു പിന്നീടുള്ള സംഭവങ്ങളുടെ കേന്ദ്രബിന്ദുവായി മാറിയത്.

### 'വാരിയൻകുന്നത്ത്' സത്യസന്ധനായ പോരാളി

വാരിയൻകുന്നത്തിനെ കുറിച്ച് നിർബന്ധിത മതപരിവർത്തനം നടത്തിയ ആളെന്നും ഹിന്ദുവിരോധിയെന്നും ഭീകരനെന്നുമുള്ള ആക്ഷേപങ്ങൾ ബ്രിട്ടീഷുകാർ സ്വയം സൃഷ്ടിച്ചുണ്ടാക്കിയതാണ്. ബ്രിട്ടീഷ് വിരോധവും മാപ്പിള വികാരവും ഒരുപോലെ ഉള്ളിൽ സൂക്ഷിച്ചിരുന്ന അദ്ദേഹം മതപാണ്ഡിത്യമുള്ള വ്യക്തി കൂടിയായിരുന്നു എന്നതാണ് യാഥാർഥ്യം. അദ്ദേഹം സ്വാതന്ത്ര്യസമര സേനാനിയായിരുന്നു. സത്യസന്ധനായിരുന്നു. അക്രമത്തെ ഒരിക്കലും അംഗീകരിക്കാത്ത വ്യക്തിയായിരുന്നു. എന്നാൽ ബ്രിട്ടീഷുകാരോട് ഏറ്റുമുട്ടി അഭിമാനത്തോടെ മരിക്കുകയാണ് വേണ്ടതെന്ന ആവേശം അദ്ദേഹത്തിനുണ്ടായിരുന്നു. ഒടുവിൽ അത് അദ്ദേഹം സാധിച്ചെടുക്കുകയും ചെയ്തു. ഖിലാഫത്ത്-കോൺഗ്രസ് നേതാക്കൾ ഉൾക്കൊണ്ടിരുന്ന സമരമാർഗത്തിൽനിന്നും വ്യത്യസ്തമായി ബ്രിട്ടീഷുകാരോട് സായുധപോരാട്ടം നടത്തുകയാണ് വേണ്ടതെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിൽ നടന്ന ഒട്ടേറെ സായുധ സംഘട്ടനങ്ങൾ മാപ്പിള സമുദായത്തിനുണ്ടാക്കിയ നഷ്ടങ്ങളും മുറിവുകളും ഓർത്തുകൊണ്ടായിരുന്നു നവോത്ഥാനനായകർ ജാതിമത വ്യത്യാസമില്ലാതെ മറ്റൊരു സായുധ സംഘട്ടനമുണ്ടാവുന്നതിൽനിന്നും മാപ്പിളസമൂഹത്തെ തടഞ്ഞുനിർത്തിയത്. പക്ഷേ, അതുൾക്കൊള്ളാൻ മാത്രമുള്ള മാനസികാവസ്ഥ പോരാട്ടവീഥിയിലുണ്ടായിരുന്ന മാപ്പിള സഹോദരങ്ങൾക്കുണ്ടായിരുന്നില്ല.

### സീതിസാഹിബിന്റെ നിരീക്ഷണം

നവോത്ഥാനനായകർ ഒരിക്കലും വാരിയൻകുന്നത്തിന്റെ നേതൃത്വത്തിൽ നടന്ന പോരാട്ടത്തെ വർഗീയമെന്നോ ക്രൂരമെന്നോ വിശേഷിപ്പിച്ചിട്ടില്ല. മറിച്ച് ക്രൂരമെന്നു വിശേഷിപ്പിച്ചു കവിതയെഴുതിയ മഹാകവി കുമാരനാശാനെ അവർ തിരുത്തുകയാണ് ചെയ്തത്. കെ.എം സീതി സാഹിബ് എഴുതുന്നു: 'തന്റെ കാവ്യത്തെ സംബന്ധിച്ച് നടന്നിരുന്ന പ്രക്ഷോഭണത്തെക്കുറിച്ച് മൗലവി സാഹിബ് (വക്കം മൗലവി) മുതലായ മുസ്‌ലിം പ്രധാനികളുമായു സംസാരിച്ചാൽ കൊള്ളാമെന്ന് ശ്രീ കുമാരൻ ആശാൻ ചില സ്നേഹിതന്മാർ മുഖേന മൗലവിസാഹിബിനെ അറിയിച്ചു. ആ സംസാരം തിരുവനന്തപുരം മുസ്‌ലിം ഹോസ്റ്റലിൽ വെച്ചാവാമെന്ന് അറിയിച്ചതനുസരിച്ച് ശ്രീ കുമാരനാശാൻ മുസ്‌ലിം ഹോസ്റ്റലിൽ വന്നു. അത് 1922ൽ ആയിരുന്നുവെന്നാണ് എന്റെ ഓർമ. മൗലവി സാഹിബും ഞങ്ങൾ ചിലരും ശ്രീ ആശാനുമായുള്ള സംഭാഷണത്തിൽ പങ്കെടുത്തു. തികച്ചും സൗഹാർദപരമായ ഒരു സംഭാഷണമായിരുന്നു അത്. കൃതിയിലെ ചില ഭാഗങ്ങൾ ഏറനാട്ടിലെ മുസ്‌ലിമീങ്ങൾ എന്നുവേണ്ട മുസ്‌ലിമീങ്ങൾ പൊതുവെ ക്രൂരന്മാരും ഇത്തരമത വിദ്വേഷികളും കൊലപാതകികളുമാണെന്നുള്ള പ്രതീതി ഉണ്ടാക്കുമെന്നും അത് കേരളത്തിലെ സാമുദായിക സൗഹാർദത്തിന് വലിയ ദോഷം ചെയ്യുമെന്നും ഞങ്ങൾ ശ്രീ കുമാരനാശാനോട് പറഞ്ഞു. തനിക്ക് മുസ്‌ലിമീങ്ങളെ അപകീർത്തിപ്പെടുത്തണമെന്നുള്ള യാതൊരുദ്ദേശവുമുണ്ടായിരുന്നില്ലെങ്കിലും ഞങ്ങൾ ചൂണ്ടിക്കാണിച്ച വിധമുള്ള ഒരു പ്രതീതി തന്റെ കൃതികൊണ്ടു ഉണ്ടാകുന്ന പക്ഷം താൻ വളരെ ദുഃഖിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. അത്തരം പ്രതീതി നീക്കം ചെയ്യാൻ ഉതകുന്ന മറ്റൊരു കാവ്യം രചിക്കുവാൻ താൻ ശ്രമിക്കുന്നതാണെന്നു കൂടി ശ്രീ ആശാൻ സംഭാഷണമധ്യേ സൂചിപ്പിക്കുകയുണ്ടായി. നിർഭാഗ്യവശാൽ പ്രസ്തുത കൂടിയാലോചന കഴിഞ്ഞു ഏതാനും മാസങ്ങൾക്കുള്ളിലായിരുന്നു പല്ലനവെച്ച് ഒരു ബോട്ടപകടത്തിൽ മഹാകവിയുടെ ഏറ്റവും ദുഃഖകരമായ ദേഹവിയോഗമുണ്ടായത്' (മിശ്കാത്തുൽ ഹുദാ, 1959 സെപ്റ്റംബർ 25, പേജ് 47).



### മാപ്പിളമാർ 1921നു ശേഷം

മലബാർ പോരാട്ടത്തിന്റെ തിക്തഫലം അനുഭവിച്ചത് മാപ്പിള സമുദായം തന്നെയായിരുന്നു. ഇതിൽ നിന്നുമുള്ള ഉയിർത്തെഴുന്നേൽപ്പ് വിദ്യാഭ്യാസപരവും സാമൂഹികവും രാഷ്ട്രീയവുമായ വീണ്ടെടുപ്പിലൂടെ മാത്രമെ സാധിക്കൂ എന്ന് നേതാക്കൾ മനസ്സിലാക്കി. അങ്ങനെയാണ് 1922ൽ കേരള മുസ്‌ലിം ഐക്യ സംഘം രൂപം കൊണ്ടതും അതിന്റെ ആഭിമുഖ്യത്തിൽ മുസ്‌ലിം സമുദായത്തെ നവോത്ഥാന പാതയിലേക്ക് നയിക്കുകയും ചെയ്തത്. അലക്ഷ്യമായ സായുധ സംഘട്ടനങ്ങളുടെ പാതയിൽനിന്നും ലക്ഷ്യബോധമുള്ള ഒരു സമുദായത്തിന്റെ പുനഃസൃഷ്ടി സാധ്യമായത് അങ്ങനെയാണ്. 1921ൽ സംഭവിച്ചതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനാണ് പിൽക്കാലത്ത് മുസ്‌ലിം നേതൃത്വം ശ്രദ്ധിച്ചുപോന്നത്. പ്രകോപനങ്ങൾ ഉണ്ടായേക്കാവുന്ന സന്ദർഭങ്ങളിലെല്ലാം അവയെ ഊതിക്കെടുത്തി ആത്മസംയമനത്തിന്റെ പാതയിലൂടെ സമുദായത്തെ നയിക്കുവാനാണ് നേതാക്കൾ ശ്രദ്ധിച്ചുവന്നത്. ബാബ്റി മസ്ജിദ് പ്രശ്നം പോലുള്ള തീക്ഷ്ണമായ സാഹചര്യങ്ങളിൽ പോലും സമുദായത്തെ ക്ഷമാപൂർവം പിടിച്ചുനിർത്താൻ സാധിച്ചത് കേരളീയ മുസ്‌ലിം നവോത്ഥാന പാതയിൽ സഞ്ചരിച്ച നേതാക്കളുടെയും പണ്ഡിതരുടെയും ധിഷണാശാലികളുടെയും ഉൽബോധനങ്ങളിലൂടെയായിരുന്നു. വിദ്യാഭ്യാസത്തോട് പുറംതിരിഞ്ഞു നിന്നിരുന്ന സമുദായത്തെ ശത്രുക്കൾ ഒരുക്കുന്ന സംഘട്ടന പാതയിൽനിന്നും വഴിതിരിച്ച് ഉന്നത വിദ്യാഭ്യാസം നേടിയെടുക്കാൻ പ്രാപ്തരാക്കിയത് 1921നു ശേഷമുണ്ടായ വീണ്ടുവിചാരത്തിലൂടെയാണ്.

### ചിത്രമല്ല; ചരിത്രമാണ് പ്രസക്തം

വാരിയൻകുന്നത്തിന്റെ ചിത്രം നൽകുന്ന സന്ദേശം പ്രസക്തമാകുന്നത് ഇവിടെയാണ്. ചിത്രം സംഘടിപ്പിക്കുകയും അതിനുവേണ്ടി അത്യധ്വാനം ചെയ്യുകയും ചെയ്ത ഗ്രന്ഥകർത്താവിനെ അനുമോദിക്കുന്നു. ചിത്രം പുറത്തുവന്നതുമുതൽ യഥാർഥ ചിത്രം അതുതന്നെയാണോ എന്ന വിവാദത്തിനും തുടക്കം കുറിച്ചിട്ടുണ്ട്. വാരിയൻകുന്നന്റെ ചിത്രം അതുതന്നെയാണെന്ന് ഗ്രന്ഥകർത്താവും നൂറു ശതമാനം ഉറപ്പുപറയുന്നില്ല. അതാവാം എന്ന നിഗമനം മാത്രമാണ്. എന്നാൽ ചിലർ ചിത്രം അതുതന്നെയാണെന്ന് ഉറപ്പിക്കുവാനാണ് വെമ്പൽകൊള്ളുന്നത്. എന്തിനാണീ അമിതാവേശം? ഒരു ചിത്രമാണോ ഒരു വ്യക്തിയെ പ്രസക്തമാകുന്നത്? ജന്മമോ ചിത്രമോ കുടുംബമോ ഒന്നുമല്ല; മറിച്ച് കർമമാണ് പ്രധാനം എന്നാണ് മുസ്‌ലിംകൾ വിശ്വസിക്കുന്നത്. മുസ്‌ലിംകൾ എല്ലാവരെക്കാളും ആദരിക്കുന്ന മുഹമ്മദ് നബിﷺയുടെ ചിത്രം ആരും കണ്ടിട്ടില്ല. ഖുലഫാഉകളുടെയോ ലോകം ആദരിക്കുന്ന പണ്ഡിതരുടെയോ ചിത്രം

> **മലബാർ പോരാട്ടത്തിന്റെ തിക്തഫലം അനുഭവിച്ചത് മാപ്പിള സമുദായം തന്നെയായിരുന്നു. ഇതിൽ നിന്നുമുള്ള ഉയിർത്തെഴുന്നേൽപ്പ് വിദ്യാഭ്യാസപരവും സാമൂഹികവും രാഷ്ട്രീയവുമായ വീണ്ടെടുപ്പിലൂടെ മാത്രമെ സാധിക്കൂ എന്ന് നേതാക്കൾ മനസ്സിലാക്കി. അങ്ങനെയാണ് 1922ൽ കേരള മുസ്‌ലിം ഐക്യ സംഘം രൂപം കൊണ്ടതും അതിന്റെ ആഭിമുഖ്യത്തിൽ മുസ്‌ലിം സമുദായത്തെ നവോത്ഥാന പാതയിലേക്ക് നയിക്കുകയും ചെയ്തത്. അലക്ഷ്യമായ സായുധ സംഘട്ടനങ്ങളുടെ പാതയിൽനിന്നും ലക്ഷ്യബോധമുള്ള ഒരു സമുദായത്തിന്റെ പുനഃസൃഷ്ടി സാധ്യമായത് അങ്ങനെയാണ്.**

ലഭ്യമല്ല. അതുകൊണ്ട് അവരുടെ വ്യക്തിത്വത്തിന് യാതൊരു ഇടിവും സംഭവിച്ചിട്ടില്ല. വാരിയൻ കുന്നത്ത് എന്ന വ്യക്തിത്വത്തിന്റെ ചിത്രം ലഭ്യമാക്കുന്നതിനും എത്രയോ മുമ്പ് അദ്ദേഹത്തെ കേരളം ആദരിച്ചിട്ടുണ്ട്.

### തിരുത്തപ്പെടേണ്ട ചിന്തകൾ

പിന്നെന്തിനാണ് ഒരു വ്യക്തിയുടെ ചിത്രം ഇങ്ങനെ ആഘോഷിക്കപ്പെടേണ്ടത്? കേരളീയ നവോത്ഥാന ചരിത്രത്തിലെ ചരിത്രപുരുഷന്മാരെക്കാളും വാരിയൻകുന്നത്തിനെ ബിംബവൽക്കരിക്കുന്ന തരത്തിലുള്ള ഒരു പ്രത്യേക 'രാഷ്ട്രീയ'മാണ് ഇതിന് പ്രേരിപ്പിക്കുന്നതെങ്കിൽ അത് തിരുത്തപ്പെടേണ്ടതാണ്. ഇന്ത്യാരാജ്യം ഒരു ജനാധിപത്യ, മതേതര, സോഷ്യലിസ്റ്റ് രാജ്യമാകുന്നതിന് മുമ്പ് നടന്ന സമരത്തിൽ സമരനേതാക്കൾ ആഗ്രഹിക്കാത്ത തരത്തിലേക്ക് ബ്രിട്ടീഷുകാർ വഴി തിരിച്ചുവിട്ട ഒരു സമരമാർഗത്തെ ജനാധിപത്യ ഇന്ത്യയിലെ മുസ്‌ലിം സമുദായത്തിനുള്ളിലേക്ക് തിരുകിക്കയറ്റാനുള്ള ശ്രമമാണെങ്കിൽ അതിന് സമുദായം വലിയ വില പറയേണ്ടിവരും. വൈകാരികതയും ആഘോഷങ്ങളുമല്ല; യാഥാർഥ്യബോധത്തോടെ ചരിത്രത്തെ തിരുത്തൽ ശക്തിയായി കാണുകയാണ് വേണ്ടത്.

ശമീർ മദീനി
shameermadeeni@gmail.com

69 വിവർത്തനം



# ആരാധനകൾക്ക് ഒരാമുഖം

**ഇബ്നുൽ ഖയ്യിം അൽജൗസി രചിച്ച**
**‘അൽ വാബിലുസ്സ്വയ്യിബ്’ എന്ന ഗ്രന്ഥത്തിന്റെ വിവർത്തനം**

28

ചുരുക്കത്തിൽ, സ്വർഗത്തിലെ ചെടികളും കെട്ടിടങ്ങളും ദിക്റുകൾ നിമിത്തമാണുണ്ടാകുന്നത്. അബ്ദുല്ലാഹിബ്നു ഉമറി(رضي الله عنه)ന്റെ ഹദീഥായി അബിദ്ദുൻയാ പ്രസ്താവിക്കുന്നു; നബി(ﷺ) പറഞ്ഞു: “നിങ്ങൾ സ്വർഗത്തിലെ ചെടികൾ അധികരിപ്പിക്കുക.” സ്വഹാബിമാർ ചോദിച്ചു: “അല്ലാഹുവിന്റെ റസൂലേ ,എന്താ ണ് അതിലെ ചെടികൾ?” നബി(ﷺ) പറഞ്ഞു: ‘മാശാഅല്ലാഹ്(അല്ലാഹു ഉദ്ദേശിച്ചത് നടന്നു),’ ‘ലാ ഹൗല വലാ കുവ്വത്ത ഇല്ലാ ബില്ലാഹ് (അല്ലാഹുവിനെക്കൊണ്ടല്ലാതെ യാതൊരു ശക്തിയും കഴിവുമില്ല)’ എന്നീ ദിക്റുകളാണ്.

**അറുപത്തിയഞ്ച്:** തീർച്ചയായും ദിക്ർ ഒരടിമയുടെയും നരകത്തിന്റെയും ഇടയിലുള്ള മതിൽക്കെട്ടായി വർത്തിക്കുന്നതാണ്. ആ അടിമക്ക് തന്റെ പ്രവർത്തനഫലമായി നരകത്തിലേക്കെത്താവുന്ന വല്ല വഴിയും തുറന്നുകിടപ്പുണ്ടെങ്കിൽ അയാളുടെ 'ദിക്ർ' ആ വഴി അടച്ചുകളയുന്നതാണ്. പരിപൂർണവും നിത്യേന ചെയ്യുന്നതുമാണ് ആ ദിക്റുകളെങ്കിൽ ഒരു നിലയ്ക്കും ഭേദിച്ചുകടക്കാൻ പറ്റാത്ത വിധത്തിലുള്ള ശക്തമായ നിലയ്ക്കുള്ള മതിൽക്കെട്ടായി അത് നിലകൊള്ളും. അല്ലായെങ്കിൽ അതിന്റേതായ തോതനുസരിച്ചായിരിക്കും ഉണ്ടാവുക.

അബ്ദുൽ അസീസുബ്നു അബീ റവ്വാദ്(റഹി) പറയുന്നു: "ഗ്രാമീണനായ ഒരാൾ ഒരു പള്ളിയുണ്ടാക്കി. എന്നിട്ട് അതിന്റെ ക്വിബ്‌ലയുടെ ഭാഗത്ത് ഏഴ് കല്ലുകൾ വെച്ചു. അയാൾ തന്റെ നമസ്‌കാരം കഴിയുമ്പോഴെല്ലാം ഇപ്രകാരം പറയുമായിരുന്നു: 'ഹേ,കല്ലുകളേ! അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ലെന്നതിന് ഞാൻ നിങ്ങളെ സാക്ഷി നിർത്തുന്നു.' പിന്നീടയാൾ രോഗിയായി മരണപ്പെട്ടു. ഇബ്നു അബീ റവ്വാദ്(റഹി) പറയുന്നു: 'അയാളെ നരകത്തിലേക്ക് ഇടാൻ എന്നോട് കല്പിക്കപ്പെടുന്നതായി സ്വപ്നദർശനമുണ്ടായി. അപ്പോഴതാ എനിക്കറിയാവുന്ന ആ കല്ലുകളിൽ ഒന്ന് വലുതായി വരികയും നരകത്തിന്റെ കവാടങ്ങൾ എന്നിൽനിന്ന് മറയ്ക്കുകയും ചെയ്തു! അങ്ങനെ മറ്റൊരു വാതിൽക്കലേക്ക് എന്നെ കൊണ്ടുപോകുമ്പോൾ ആ കല്ലുകളുടെ കൂട്ടത്തിൽപെട്ട എനിക്കറിയാവുന്ന ഒരു കല്ല് വലുതായി വന്ന് അവിടെയും നരക കവാടത്തിനു മുന്നിൽ തടസ്സം തീർക്കുന്നു! അങ്ങനെ നരകത്തിന്റെ എല്ലാ വാതിലുകൾക്ക് മുമ്പിലും ആ കല്ലുകൾ തടസ്സം നിൽക്കുന്നു" (അബുൽ ക്വാസിമുത്തൈമി 'അത്തർഹീബു വത്തർഗീബി'ൽ ഉദ്ധരിച്ചത്).

**അറുപത്തിയാറ്:** നിശ്ചയം, പശ്ചാത്തപിച്ചു മടങ്ങുന്നവർക്കു വേണ്ടി മലക്കുകൾ അല്ലാഹുവിനോട് പൊറുക്കലിനെ തേടുന്നത് പോലെ ദിക്ർ ചെയ്യുന്നവർക്ക് വേണ്ടിയും മലക്കുകൾ അല്ലാഹുവിനോട് പൊറുക്കലിനെ തേടുന്നതാണ്. അബ്ദുല്ലാഹിബ്നു അംറിബ്നിൽ ആസ്ﷺ പറഞ്ഞതായി ഹുസൈനുൽ മുഅല്ലിം ഉദ്ധരിക്കുന്നു: 'അല്ലാഹുവിൽനിന്നുള്ള മുൻ വേദഗ്രന്ഥത്തിൽ ഞാൻ കാണുകയുണ്ടായി; ഒരു അടിമ 'അൽഹംദുലില്ലാഹ്' (അല്ലാഹുവിന്നാകുന്നു സർവ സ്തുതിയും) എന്ന് പറഞ്ഞാൽ 'റബ്ബിൽ ആലമീൻ' (സർവ ലോകങ്ങളുടെയും രക്ഷിതാവായ) എന്ന് മലക്കുകൾ അതിനോട് ചേർത്ത് പറയും. എന്നാൽ ഒരു അടിമ 'അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ' (സർവ ലോക രക്ഷിതാവായ അല്ലാഹുവിന്നാകുന്നു സർവ സ്തുതിയും) എന്ന് പറഞ്ഞാൽ മലക്കുകൾ 'അല്ലാഹുവേ, നിന്റെ ഈ ദാസന് നീ പൊറുത്ത് കൊടുക്കേണമേ' എന്ന് പറയും. ഇനി അയാൾ 'സുബ്ഹാനല്ലാഹ്' (അല്ലാഹു എത്രയോ പരിശുദ്ധൻ) എന്ന് പറഞ്ഞാൽ മലക്കുകൾ പൂർത്തീകരിച്ച് പറയും. അതിനോട് ചേർത്ത് 'വബി ഹംദിഹി' (അവന്നാകുന്നു സ്തുതികളഖിലവും) എന്ന് പൂർത്തീകരിച്ച് പറഞ്ഞാൽ 'അല്ലാഹുവേ, നിന്റെ ഈ ദാസന് നീപൊറുത്ത് കൊടുക്കേണമേ' എന്ന് മലക്കുകൾ പറയും. ഇനി അയാൾ 'ലാ ഇലാഹ ഇല്ലല്ലാഹു' (അല്ലാഹുവല്ലാതെ ആരാധനക്കാർഹനായി മറ്റാരുമില്ല) എന്ന് പറഞ്ഞാൽ മലക്കുകൾ 'അല്ലാഹു അക്ബർ' (അല്ലാഹുവാണ് ഏറ്റവും വലിയവൻ) എന്ന് ചേർത്ത് പറയും. 'ലാ ഇലാഹ ഇല്ലല്ലാഹു വല്ലാഹു അക്ബർ' (അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മാറ്റാരുമില്ല, അല്ലാഹു ഏറ്റവും വലിയവനാണ്) എന്ന് അയാൾ പൂർത്തിയാക്കി പറഞ്ഞാൽ മലക്കുകൾ 'അല്ലാഹുവേ, നിന്റെ ഈ അടിമക്ക് നീപൊറുത്ത് കൊടുക്കേണമേ' എന്ന് പറയും.'

> **അല്ലാഹുവിനെക്കുറിച്ചുള്ള ദിക്ർ കുറയുക എന്നത് കാപട്യത്തിന്റെ അടയാളത്തിൽ പെട്ടതാണ്. അല്ലാഹുവിനെക്കുറിച്ചുള്ള ദിക്റിന്റെ ആധിക്യം കാപട്യത്തിൽനിന്നുള്ള സുരക്ഷയുമാണ്. അല്ലാഹുവിനെ ദിക്ർ ചെയ്തുകൊണ്ടിരിക്കുന്ന ഒരു ഹൃദയത്തെ കാപട്യംകൊണ്ട് അവൻ പരീക്ഷിക്കുകയില്ല. മറിച്ച്, അല്ലാഹുവിനെക്കുറിച്ചുള്ള ദിക്റുകളിൽനിന്നകന്ന് അശ്രദ്ധയിൽ കഴിയുന്ന ഹൃദയങ്ങൾക്കായിരിക്കും അതുണ്ടാവുക.**

**അറുപത്തിയേഴ്:** മലകളും ഒഴിഞ്ഞ പ്രദേശങ്ങളും പരസ്പരം അഭിമാനം കൊള്ളും. അതിലൂടെ അല്ലാഹുവിനെ ദിക്ർ ചെയ്ത ആരെങ്കിലും കടന്നുപോയിട്ടുണ്ടെങ്കിൽ അവ അതിൽ സന്തോഷിക്കും.

ഇബ്നു മസ്ഊദ്ﷺ പറയുന്നു: "നിശ്ചയം, ഒരു മല മറ്റൊരു മലയെ പേരു പറഞ്ഞ് വിളിച്ച് ഇപ്രകാരം ചോദിക്കുമത്രെ: 'അല്ലാഹുവിനെ ദിക്ർ ചെയ്തുകൊണ്ട് ഇന്ന് ആരെങ്കിലും നിന്റെയടുത്തുകൂടെ കടന്നുപോയിട്ടുണ്ടോ?' അതെയെന്ന് അത് പറഞ്ഞാൽ ആ കുന്ന് സന്തോഷിക്കുമത്രെ!" (ഇബ്നുൽ മുബാറക് തന്റെ 'അസ്സുഹ്ദി'ലും ഇബ്നു അബീശൈബ 'മുസ്വന്നഫി'ലും ത്വബ്റാനി 'മുഅ്ജമിൽ കബീറി'ലും ബൈഹഖി 'ശുഅബുൽ ഈമാനി'ലും ഹസനായ പാരമ്പരയിലൂടെ ഉദ്ധരിച്ചത്).

ഔനുബ്നു അബ്ദില്ലﷺ പറയുന്നു: "നിശ്ചയം, ഓരോ ഭൂപ്രദേശവും അടുത്തുള്ള പ്രദേശത്തെ പരസ്പരം വിളിച്ച് ഇങ്ങനെ ചോദിക്കുമത്രെ: 'അല്ലയോ അയൽക്കാരീ, അല്ലാഹുവിനെ ദിക്ർ ചെയ്തുകൊണ്ട് ഇന്ന് ആരെങ്കിലും നിന്റെയടുത്തുകൂടി കടന്നുപോയോ?' അപ്പോൾ ചിലത് പറയും: 'അതെ.' മറ്റു ചിലത് പറയും: 'ഇല്ല.' (ഇബ്നു അബീഹാതിം തന്റെ ഹദീഥിൽ ഉദ്ധരിച്ചതായി ഇബ്നു കഥീർ തന്റെ തഫ്സീറിൽ രേഖപ്പെടുത്തുന്നു. അബൂ നുഐം തന്റെ 'ഹിൽയ'യിലും ഇതിന് സമാനമായ ഒരു റിപ്പോർട്ട് ഉദ്ധരിക്കുന്നുണ്ട് -കുറിപ്പുകാരൻ).

ഇമാം അഅ്മശ്ﷺ മുജാഹിദിﷺൽ നിന്ന് ഉദ്ധരിക്കുന്നു: "നിശ്ചയം, ചില കുന്നുകൾ മറ്റു ചില കുന്നുകളെ പേരുവിളിച്ചു ചോദിക്കും. അല്ലയോ പർവതമേ, അല്ലാഹുവിനെ ദിക്ർ ചെയ്യുന്ന ആരെങ്കിലും ഇന്ന് നിന്റെ അടുത്തുകൂടെ കടന്നുപോയോ?' അപ്പോൾ ചിലർ 'ഇല്ല' എന്നും വേറെ ചിലർ 'അതെ, ഉണ്ട്' എന്നും വിളിച്ചും പറയും' (മുസ്വന്നഫ് അബൂശൈബയിലും ഇബ്നുൽ മുബാറകിന്റെ 'അസ്സുഹ്ദിലും' ഉദ്ധരിച്ചിട്ടുണ്ട്. ചിലത് സ്വഹാബിയായ അനസിﷺന്റെ വാക്കുകളായും വന്നിട്ടുണ്ട്. നബിﷺയിൽനിന്നുള്ളതായിട്ടുള്ള റിപ്പോർട്ടുകളും ഉദ്ധരിക്കപ്പെട്ടിട്ടുണ്ടെങ്കിലും അവ സ്വഹീഹല്ല. ത്വബ്റാനിയുടെ 'ഔസതും' അബൂ നുഐമിന്റെ 'ഹിൽയ'യിലും നോക്കുക -കുറിപ്പുകാരൻ).

**അറുപത്തിയെട്ട്:** നിശ്ചയം, ദിക്റുകൾ അധികരിപ്പിക്കുക എന്നത് കാപട്യത്തിൽ(നിഫാക്വ്)നിന്നുള്ള സുരക്ഷയാണ്. കാരണം മുനാഫിക്വുകൾ അല്ലാഹുവിനെ വളരെ കുറച്ചു മാത്രം ദിക്ർ ചെയ്യുന്നവരാണ്.

മുനാഫിക്വുകളെക്കുറിച്ച് അല്ലാഹു പറയുന്നു: "തീർച്ചയായും കപടവിശ്വാസികൾ അല്ലാഹുവെ വഞ്ചിക്കാൻ നോക്കുകയാണ്. യഥാർഥത്തിൽ അല്ലാഹു അവരെയാണ് വഞ്ചിക്കുന്നത്. അവർ നമസ്കാരത്തിന് നിന്നാൽ ഉദാസീനരായിക്കൊണ്ടും ആളുകളെ കാണിക്കാൻ വേണ്ടിയുമാണ് നിൽക്കുന്നത്. കുറച്ച് മാത്രമെ അവർ അല്ലാഹുവെ ഓർമിക്കുകയുള്ളൂ" (ക്വുർആൻ 4:142).

കഅബ്ﷺ പറയുന്നു: "ആര് അല്ലാഹുവിനെക്കുറിച്ചുള്ള ദിക്ർ അധികരിപ്പിക്കുന്നുവോ അയാൾ കാപട്യത്തിൽ(നിഫാക്വ്)നിന്ന് ഒഴിവാണ്. അതുകൊണ്ടാകണം (അല്ലാഹുവാണ് കൂടുതൽ അറിയുന്നവൻ) സൂറത്തുൽ മുനാഫിക്വൂൻ അല്ലാഹു അവസാനിപ്പിച്ചത് ഈ വാക്കുകൾകൊണ്ടാണ്: "...അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു" (63:11).

തീർച്ചയായും അതിൽ അല്ലാഹുവിനെ 'ദിക്ർ' ചെയ്യുന്നതിൽനിന്നകന്ന് അശ്രദ്ധരായി കഴിയുന്ന കപട വിശ്വാസികളുടെ അപകടങ്ങളെക്കുറിച്ചുള്ള വ്യക്തമായ താക്കീതുണ്ട്. അല്ലാഹുവിൽനിന്നുള്ള അശ്രദ്ധയും അകലവുമാണ് അവനെ കാപട്യത്തിൽ വീഴ്ത്തിക്കളഞ്ഞത്.

സ്വഹാബികളിൽ ചിലരോട് ഖവാരിജുകളെ സംബന്ധിച്ച് ഇപ്രകാരം ചോദിക്കപ്പെട്ടു: "അവർ മുനാഫിക്വുകളാണോ?' സ്വഹാബിമാർ പറഞ്ഞു: 'അല്ല, മുനാഫിക്വുകൾ അല്ലാഹുവിനെ കുറച്ച് മാത്രമെ സ്മരിക്കുകയുള്ളു" (ഇബ്നു അബീശൈബ തന്റെ 'മുസ്വന്നഫി'ലും അബ്ദുറസാക്വ് തന്റെ 'മു





സ്വന്നഫി'ലും മുഹമ്മദുബ്നു നസ്വ്ർ അൽമർവസി തന്റെ 'തഅ്ളീമു ഖദ്രി സ്വലാത്ത്' എന്ന ഗ്രന്ഥത്തിലും വിവിധ പരമ്പരകളിലൂടെ ഉദ്ധരിച്ചത്. അതിൽ ചിലത് സ്വഹീഹാണ്-കുറിപ്പുകാരൻ).

അല്ലാഹുവിനെക്കുറിച്ചുള്ള ദിക്ർ കുറയുക എന്നത് കാപട്യത്തിന്റെ അടയാളത്തിൽ പെട്ടതാണ്. അല്ലാഹുവിനെക്കുറിച്ചുള്ള ദിക്റിന്റെ ആധിക്യം കാപട്യത്തിൽനിന്നുള്ള സുരക്ഷയുമാണ്. അല്ലാഹുവിനെ ദിക്ർ ചെയ്തുകൊണ്ടിരിക്കുന്ന ഒരു ഹൃദയത്തെ കാപട്യംകൊണ്ട് അവൻ പരീക്ഷിക്കുകയില്ല. മറിച്ച്, അല്ലാഹുവിനെക്കുറിച്ചുള്ള ദിക്റുകളിൽനിന്നകന്ന് അശ്രദ്ധയിൽ കഴിയുന്ന ഹൃദയങ്ങൾക്കായിരിക്കും അതുണ്ടാവുക.

**അറുപത്തിയൊമ്പത്:** കർമങ്ങളുടെ കൂട്ടത്തിൽ ദിക്റിന് മറ്റൊന്നിനുമില്ലാത്ത ഒരു പ്രത്യേക ആസ്വാദനമുണ്ട്. ഒരു അടിമക്ക് അതിലൂടെ കിട്ടുന്ന ആസ്വാദനമല്ലാതെ മറ്റ് പ്രതിഫലങ്ങളൊന്നുമില്ലായെന്ന് വന്നാൽപോലും അതൊരു നഷ്ടമല്ല. അയാളുടെ ഹൃദയത്തിന് കിട്ടുന്ന ആ സുഖാസ്വാദനം തന്നെ മതിയായതാണ്. അതുകൊണ്ടാണ് ദിക്റിന്റെ സദസ്സുകൾക്ക് സ്വർഗീയ പൂന്തോട്ടം (രിയാദുൽ ജന്ന) എന്ന് പേര് വിളിച്ചിരിക്കുന്നത്.

മാലിക് ഇബ്നു ദീനാർ(റഹി) പറയുന്നു: "അല്ലാഹുവിനെ ദിക്ർ ചെയ്യുന്നതിലൂടെ കിട്ടുന്ന ആസ്വാദനം പോലെയുള്ള ഒരു ആസ്വദനവും സത്യത്തിൽ ഒരു ആസ്വാദകരും ആസ്വദിക്കുന്നില്ല" (ബൈഹകി 'ശുഅബുൽ ഈമാനി'ൽ ഉദ്ധരിച്ചത്. ഇമാം അഹ്മദ് തന്റെ 'അസ്സുഹ്ദി'ലും അബൂ നുഐം 'ഹിൽയ'യിലും ഇതിന് സമാനമായ റിപ്പോർട്ട് ഉദ്ധരിച്ചിട്ടുണ്ട്-കുറിപ്പുകാരൻ).

കർമങ്ങളുടെ കൂട്ടത്തിൽ ഇതിനോളം ഭാരം കുറഞ്ഞതും ആസ്വാദനം കൂടിയതും മനസ്സിന് കൂടുതൽ സന്തോഷവും ആഹ്ലാദവും പകരുന്നതുമായ മറ്റൊന്നും ഇല്ലതന്നെ.

**എഴുപത്:** തീർച്ചയായും ദിക്ർ ഇഹലോകത്ത് മുഖങ്ങൾക്ക് ശോഭ നൽകും. പരലോകത്ത് പ്രകാശവും പ്രദാനം ചെയ്യും. ദിക്ർ ചെയ്യുന്നവർ ദുനിയാവിൽ മനുഷ്യരുടെ കൂട്ടത്തിൽ ഏറ്റവും മുഖകാന്തിയുള്ളവരായിരിക്കും. പരലോകത്ത് മനുഷ്യരുടെ കൂട്ടത്തിൽ ഏറ്റവും കൂടുതൽ പ്രകാശമുള്ളവരുമായിരിക്കും.

നബിﷺയിൽനിന്ന് ഉദ്ധരിക്കപ്പെടുന്ന ചില 'മുർസലായ' റിപ്പോർട്ടുകളിൽ ഇങ്ങനെ കാണാം: (സനദിന്റെ അഥവാ പരമ്പരയുടെ അവസാനഭാഗത്തുനിന്ന് റിപ്പോർട്ടർമാർ വിട്ടുപോയ റിപ്പോർട്ടിനെയാണ് 'മുർസൽ' എന്നതുകൊണ്ട് അർഥമാക്കുന്നത്- പരിഭാഷകൻ)

ആരെങ്കിലും ഓരോദിവസവും 100 പ്രാവശ്യം 'ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീക ലഹു ലഹുൽമുൽകു വലഹുൽ ഹംദു യുഹ്യീ വ യുമീതു ബിയദിഹിൽ ഖൈറു വഹുവ അലാ കുല്ലിശൈഇൻ ക്വദീർ' (അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. അവൻ ഏകനാണ്. അവന്ന് യാതൊരു പങ്കുകാരുമില്ല. അവന്നാകുന്നു സർവാധിപത്യവും. അവന്നാകുന്നു സർവസ്തുതികളും. അവനാണ് ജീവിപ്പിക്കുന്നവനും മരിപ്പിക്കുന്നവനും. അവന്റെ കയ്യിലാണ് സർവ നന്മയും. അവൻ എല്ലാകാര്യത്തിനും കഴിവുള്ളവനാകുന്നു) എന്നു പറഞ്ഞാൽ അല്ലാഹുവിന്റെയടുക്കൽ അയാൾ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ ചെല്ലുന്നത് പൗർണമിദിനത്തിലെ പൂർണചന്ദ്രനെക്കാൾ പ്രശോഭിക്കുന്ന മുഖവുമായിട്ടായിരിക്കും." (ഇതിനു സമാനമായ റിപ്പോർട്ട് ത്വബ്റാനി തന്റെ മുസ്നദുശ്ശാമിയ്യീൻ എന്ന ഗ്രന്ഥത്തിൽ അബുദ്ദർദാഅ് നബിﷺയിൽനിന്നുദ്ധരിക്കുന്ന ഹദീഥായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹൈതമി മജ്മഇൽ പറയുന്നു: 'അതിന്റെ പരമ്പരയിൽ അബ്ദുൽ വഹാബിബ്നു ദഹ്ഹാക്ക് എന്ന വ്യക്തിയുണ്ട്. അയാൾ വളരെ ദുർബലനാണ്- കുറിപ്പുകാരൻ).

സി.പി സലീം
cpsaleemknr@gmail.com

ലേഖനം



മന്ത്രവാദ ചികിത്സ

മനുഷ്യാവകാശ ക

ണ്ണൂർ: കണ്ണൂർ സിറ്റിയിൽ മന്ത്ര
ാദ ചികിത്സയുടെ ഭാഗമായി
ിദ്യാർഥിനി മരിക്കാനിടയായ
ംഭവത്തിൽ മനുഷ്യാവകാശ
മീഷൻ ഇടപെടണമെന്ന് വി
സ്ഡം ഇസ്‌ലാമിക് ഓർഗനൈ
സേഷൻ ഭാരവാഹികൾ വാർത്ത
സമ്മേളനത്തിൽ ആവശ്യപ്പെട്ടു.
ഷണത്തിനെതിരെ

ഓർഗനൈ
ത്തിൽ വെള്ള
ലിം ജമാഅ
ട്ട് 4.15ന് ബ
ഘടിപ്പിക്കും.
ഓർഗനൈ
റ് പി.എൻ. അ
ഉദ്ഘാടനം
കടന്നപ്പള്ളി

Thu, 04

ത വികൃതമാക്കുന്നവർക്കെ
വേണം: എസ്.വൈ.എസ്

ഷണം നടത്തി കുറ്റക്കാർക്കെ
തിരേ കർശന നടപടികൾ സ്വീക
രിക്കണമെന്നും യോഗം ആവശ്യ
പ്പെട്ടു. ഈ സംഭവം മുൻനിർത്തി
മന്ത്രിക്കലും ഖുർആൻ ചികിത്സ
യും പൂർണമായി തെറ്റാണെന്നും
പ്രാകൃതമെന്നും വരുത്താനുള്ള
പുത്തൻവാദികളുടെ ശ്രമം പൊ
തുജനം തിരിച്ചറിയണം.
ഏതു രോഗത്തിനും ചികിത്സ
തേടണമെന്നാണ് ഇസ്‌ലാമിന്റെ
താൽപര്യം. ഇസ്‌ലാം ഭൗതിക ചി
കിത്സയ്ക്ക് എതിരാണെന്ന് വരു
ത്തിത്തീർക്കാൻ മതവിരുദ്ധർ ശ്ര
മിക്കുകയാണ്. അവരെ പ്രീതിപ്പെ

സ്ഡം സംഗമം
നാളെ

ണ്ണൂർ: ആത്മീയ ചൂഷണ
ത്തിനെതിരെ വിസ്ഡം ഇസ്
ലാമിക് ഓർഗനൈസേഷ
ന്റെ നേതൃത്വത്തിൽ സിറ്റി മു
സ്‌ലിം ജമാഅത്ത് ഹാളിൽ
നാളെ വൈകിട്ട് 4.15ന് ബഹു
ജന സംഗമം സംഘടിപ്പിക്കു
ം. ഇസ്‌ലാമിക് ഓർഗനൈ
സേഷൻ പ്രസിഡന്റ്

ന്ത്രവാദ ചികിത്സ:
നുഷ്യാവകാശ കമീഷൻ
ഇടപെടണം

യിൽ മന്ത്രവാദചികിത്സ
തുടർന്ന് വിദ്യാർഥിനി മരിച്ച
ഭവത്തിൽ മനുഷ്യാവകാശ
ഷൻ ഇടപെടണമെന്ന് വി
ം ഇസ്‌ലാമിക് ഓർഗനൈ
ഷൻ വാർത്താസമ്മേളന
ൽ ആവശ്യപ്പെട്ടു. നാലുവ

കേന്ദ്രീകരിച്ചുള്ള ആത്മീയ
ണത്തിനെതിരെ
വൈകിട്ട് നാലിന് സിറ്റി മ
ജമാഅത്ത് ഹാളിൽ ബഹു
സംഗമം സംഘടിപ്പിക്കും.
സലീം, കെ അബ്ദുള്ള ഫാസി
അബ്ദുറഹൂഫ് കൂടാളി, പി സി
ജുദ്ദീൻ എന്നിവർ വാർത്ത

മരിച്ച സംഭ

കോവിഡ് വാക്സിനെടുക്കുന്ന
ഉസ്താദ് തടഞ്ഞതായി നാട്ടുക

പനിബാധിച്ച വിദ്യാർഥിനി ചികിത്സ
തെ മരിച്ച കേസിൽ അറസ്റ്റിലായ ഉസ്താദ്
സി കോവിഡിനെതിരേ വാക്സിനെടുക്കുന്ന
സ്സപ്പെടുത്തിയെന്ന് നാട്ടുകാർ മൊഴി പോ
ന് മൊഴിനൽകി. ഫാത്തിമയുടെ കുടുംബ
ള്ളവരടക്കം ഇയാളുടെ നിർദേശ പ്രകാരം
എടുത്തിട്ടില്ല.
വത്കരണവുമായി
നകൾ

യാൻ ബോധവര
രുങ്ങി സംഘടന
ഗനൈസേഷന
ത്. ആത്മീയ
വൈകുന്നരം
അത്ത് ഹാളിൽ
ഗനൈസേഷന
ത്തീഫ് മദനി
ന്നപ്പള്ളി എം.
ടങ്ങിയവർ പ
ബോധവത്ക

# മരണം വിതയ്ക്കുന്ന മന്ത്രവാദികൾ

പ്രബുദ്ധ കേരളത്തിലെ കണ്ണൂരിന്റെ വിരിമാറിൽ നിന്ന് മന്ത്രവാദ ചികിത്സയുടെ കാരണത്താൽ ഒരു പെൺകുട്ടി മരണപ്പെട്ട വാർത്ത എല്ലാ നല്ലമനുഷ്യരെയും വേദനിപ്പിച്ചതാണ്. കണ്ണൂർ സിറ്റി നാലുവയൽ ദാറുൽ ഹിദായ ഹൗസിൽ അബ്ദുസ്സത്താറിന്റെയും സാബിറയുടെയും മകൾ എം.എ. ഫാത്തിമയാണ് (11 വയസ്സ്) അന്ധവിശ്വാസത്തിന് ഇരയായി മരണപ്പെട്ടത്. വർഷങ്ങളായി കണ്ണൂർ സിറ്റി കേന്ദ്രീകരിച്ച് ഉവൈസ് മുസ്‌ലിയാർ എന്ന മന്ത്രവാദിയുടെ ജപിച്ചൂതൽ എന്ന പൈശാചിക ചികിത്സയുടെ ഒടുവിലത്തെ ഇരയാണ് സിറ്റി ഗവ. ഹയർ സെക്കന്ററി സ്‌കൂളിലെ ഈ ഏഴാം ക്ലാസ് വിദ്യാർഥിനി. മുസ്ല്യാരുടെ ഭാര്യാമാതാവ് (ജിന്നുമ്മ) പൈശാചിക ചികിത്സകൾക്ക് സർവ പിന്തുണയും നൽകിവരുന്നു. സ്വന്തം കുടുംബത്തിൽനിന്നുള്ള സിറാജ് എന്ന വ്യക്തി നൽകിയ പരാതിയുടെ അടി

സ്ഥാനത്തിൽ കണ്ണൂർ സിറ്റി പോലീസ് കേസ് രജിസ്റ്റർ ചെയ്തതിനെത്തുടർന്ന് പ്രതികളായ ഉവൈസ് മുസ്ല്യാരും പിതാവ് അബ്ദുസ്സത്താറും ഇപ്പോൾ ജയിലിലിലടക്കപ്പെട്ടിരിക്കുകയാണ്. അഞ്ചിലേറെ മരണങ്ങൾ ആത്മീയ വാണിഭവുമായി ബന്ധപ്പെട്ട് ഉവൈസ് എന്ന മന്ത്രവാദി മുഖേന നടന്നിട്ടുണ്ടെന്നും അതിൽ സ്വന്തം മാതാവടക്കം മൂന്നെണ്ണം തന്റെ വീട്ടിലാണെന്നും സിറാജ് തുറന്നുപറയുന്നു. നാലു വർഷങ്ങൾക്ക് മുമ്പ് കോടതിയിൽ മന്ത്രവാദിക്കെതിരേ കേസ് കൊടുത്തെങ്കിലും ബന്ധപ്പെട്ടവരുടെ സഹകരണക്കുറവ് മൂലം കേസ് ദുർബലമായിപ്പോവുകയായിരുന്നു എന്നും സിറാജ് പറയുന്നു.



നാലു ദിവസമായി പനിച്ചു വിറങ്ങലിച്ച അവസ്ഥയിലുള്ള ഫാത്തിമക്ക് ഒരു പാരസിറ്റമോൾ ഗുളികപോലും ലഭിച്ചിരുന്നില്ല. 24 മണിക്കൂറും പ്രവർത്തനസജ്ജമായ കണ്ണൂർ ജില്ലാ സർക്കാർ ആശുപത്രി കേവലം ഒന്നര കിലോമീറ്റർ മാത്രം അകലെ ഉണ്ടായിട്ടുപോലും കുട്ടിയെ അവർ ഡോക്ടറെ കാണിക്കാൻ തയ്യാറായില്ല. ഉറങ്ങാൻ കിടന്ന കുട്ടിക്ക് അനക്കമില്ലാതായപ്പോൾ മാത്രമാണ് ആശുപത്രിയിലെത്തിച്ചത്. ചികിത്സാരേഖകൾ ചോദിച്ചപ്പോൾ കൂടെയുള്ളവർ അസ്വസ്ഥരായതിൽ സംശയം തോന്നിയ ആശുപത്രി അധികൃതർ പോലീസിൽ വിവരമറിയിച്ചതാണ് ഈ കൊലപാതകവാർത്ത പുറത്തുവരാൻ കാരണമായത്. ഇവിടെ ഒരു ചോദ്യം പ്രസക്തമാണ്: 'കുട്ടിക്ക് ചലനമില്ലാതായപ്പോൾ എന്തുകൊണ്ട് മന്ത്രവാദിയായ ഉവൈസ് മുസ്ല്യാരെ സമീപിച്ചില്ല?'

ശ്വാസകോശത്തിൽ അണുബാധ ഉണ്ടായതാണ് മരണകാരണമെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ട് പറയുമ്പോൾ ആ കുഞ്ഞിനോട് ചെയ്ത ക്രൂരതക്ക് ആരൊക്കെ ഉത്തരം പറയണം എന്ന ചോദ്യം ചിന്തനീയമാണ്. ചെറിയവരോട് കരുണ കാണിക്കണം എന്ന മഹാനായ പ്രവാചകന്റെ പ്രാഥമിക പാഠം പോലും ഈ കുഞ്ഞിന്റെ കാര്യത്തിൽ അവഗണിക്കപ്പെട്ടു.

2013ൽ കണ്ണൂർ സിറ്റിയിൽ വിവാഹം കഴിച്ച് താമസമാക്കിയതോടെയാണ് ഉവൈസിന്റെ ഭാര്യവീട്ടുകാർവരെ വൈദ്യശാസ്ത്ര ചികിത്സയിൽനിന്നും അകന്നത്. തന്റെ ഭാര്യയുടെ പ്രസവം വീട്ടിൽ വെച്ച് തന്നെ നടത്തിയതോടെ മുസ്ല്യാർക്ക് എന്തോ പ്രത്യേകതയുള്ളതായി ചിലർ പ്രചരിപ്പിക്കാൻ തുടങ്ങി. പ്രയാസങ്ങളില്ലാതെ ഒരു സുഖപ്രസവം നടന്നതുപോലെയാണോ മറ്റു രോഗങ്ങൾ എന്ന ചോദ്യത്തിനൊന്നും ഇദ്ദേഹത്തിന്റെ അനുയായികളുടെ അടുത്ത് പ്രസക്തിയില്ല. ഉവൈസ് മുസ്ല്യാർ ചികിത്സിക്കണമെങ്കിൽ ഡോക്ടർമാരെ സമീപിക്കുകയില്ലെന്ന് ആദ്യം ഉറപ്പ് കൊടുക്കണമത്രെ! ആശുപത്രികൾ നരകത്തിലേക്കുള്ള മാർഗവും ഡോക്ടർമാർ പിശാചുക്കളും എന്നതാണ് അന്ധവിശ്വാസികൾക്കിടയിൽ മന്ത്രവാദീസംഘത്തിന്റെ പ്രചാരണം. എന്നാൽ ആധുനിക സംവിധാനമായ ആശുപത്രികൾ വിലക്കിയ ഉവൈസ് മുസ്ല്യാർ പക്ഷേ, ആധുനിക സംവിധാനങ്ങളായ ഫോണും വാട്സാപ്പും തന്റെ ജപിച്ചൂ ചികിത്സക്ക് ഉപയോഗിക്കുന്നു! 50, 100 മില്ലിലിറ്റർ കുപ്പികളിലുള്ള പച്ചവെള്ളമാണത്രെ പ്രധാന മരുന്ന്. കച്ചവടംതന്നെ, കച്ചവടം! വിശുദ്ധ ക്വുർആൻ പറഞ്ഞതെത്ര ശരി: 'സത്യവിശ്വാസികളേ, പണ്ഡിതന്മാരിലും പുരോഹിതന്മാരിലും പെട്ട ധാരാളം പേർ ജനങ്ങളുടെ ധനം അന്യായമായി തിന്നുകയും അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് (അവരെ) തടയുകയും ചെയ്യുന്നു...” (വിശുദ്ധ ക്വുർആൻ 9:34).

കാരുണ്യത്തിന്റെ മതമായ ഇസ്ലാം രോഗികൾക്ക് റമദാനിലെ നിർബന്ധ നോമ്പിൽവരെ ഇളവുകൊടുത്തു. എന്നാൽ അതിവാദിയായ ഉവൈസ് മുസ്ല്യാർ തന്റെ ഇരകളായ ചില രോഗികളോട് നോമ്പ് നോൽക്കാൻ നിർ

ദേശിക്കുന്നു. ഭക്ഷണവും വെള്ളവും കിട്ടിയില്ലെങ്കിൽ നിർജലീകരണവും ക്ഷീണവും ബാധിക്കുന്ന രോഗികൾ കൂടുതൽ നരകിക്കുന്നത് മതത്തിന്റെ പേരിലാണെന്നതാണ് സങ്കടകരം. പച്ചക്കരളുള്ള എല്ലാറ്റിനോടും കരുണ കാണിക്കണമെന്ന മഹാനായ മുഹമ്മദ് നബിﷺയുടെ അധ്യാപനത്തെയാണ് പൗരോഹിത്യം ഇവിടെ നിന്ദിക്കുന്നത്.

എല്ലാ രോഗങ്ങൾക്കും മരുന്നുണ്ടെന്നും അതിനാൽ നിങ്ങൾ ചികിത്സിക്കണം, നിഷിദ്ധംകൊണ്ട് ചികിത്സിക്കരുത് എന്നും പ്രവാചകൻ പഠിപ്പിച്ചു. ക്വുർആൻചികിത്സയാണ് നടന്നതെന്ന് ദുർവ്യാഖ്യാനിച്ച് മന്ത്രവാദ സംഘത്തിലെ ചിലർ സാമൂഹിക മാധ്യമങ്ങളിൽ ഉവൈസ് മുസ്‌ല്യാരെ ന്യായീകരിക്കാൻ ഇപ്പോൾ വിഫലശ്രമം നടത്തുകയാണ്. ബൈഹക്വി റിപ്പോർട്ട് ചെയ്ത ഒരു ഹദീഥിൽ ഇങ്ങനെ കാണാം: 'ജനങ്ങളിൽനിന്ന് വാങ്ങിത്തിന്നാൻ വിശുദ്ധ ക്വുർആൻ പാരായണം ചെയ്യുന്നവർ പരലോകത്ത് മുഖത്ത് മാംസമില്ലാതെ എല്ലുകൾ മാത്രമായി വരുന്നതാണ്...''

മതത്തിന്റെ പേരിൽ പ്രത്യക്ഷപ്പെടുന്ന ഇത്തരം കള്ളനാണയങ്ങൾക്ക് അഭൗതികമായ കഴിവുകൾ ഉണ്ടെന്ന തെറ്റായ വിശ്വാസം സാധാരണക്കാരിൽ പടർത്താൻ പൗരോഹിത്യം കിണഞ്ഞ് പരിശ്രമിക്കുന്നതുകൊണ്ടാണ് ആത്മീയ ചികിത്സ വഴിതെറ്റി അപകടങ്ങളിൽ എത്തുന്നത്. അദൃശ്യമറിയാൻ ജീവിച്ചിരിക്കുന്നവരും മരണപ്പെട്ടവരുമായ സൃഷ്ടികൾക്ക് സാധിക്കുമെന്ന തെറ്റായ വിശ്വാസമാണ് ഇത്തരക്കാർ പ്രചരിപ്പിക്കുന്നത്. ഇസ്‌ലാമിന്റെ സൈദ്ധാന്തിക അടിത്തറയെ തകർക്കുന്ന ഇത്തരം വിശ്വാസ ജീർണതകളെ ബോധപൂർവമുള്ള പ്രബോധ പരിശ്രമങ്ങളിലൂടെ വിപാടനം ചെയ്യാൻ സത്യവിശ്വാസികൾ രംഗത്തിറങ്ങേണ്ടതുണ്ട്.

പ്രവാചകന്റെ ചുറ്റുമിരിക്കുന്ന ഗ്രാമീണരായ അറബികളിലും മദീനക്കാരിലും കപടവിശ്വാസികൾ ഉണ്ടെന്നും അവർ കാപട്യത്തിൽ കടുത്തുപോയിരിക്കുന്നുവെന്നും, എന്നാൽ പ്രവാചകന് അവരെ അറിയില്ലെന്നും അല്ലാഹുവിന് അവരെ അറിയാമെന്നും വിശുദ്ധ ക്വുർആൻ സൂറ: തൗബ 101ൽ വ്യക്തമാക്കിയതിൽനിന്നും അദൃശ്യമറിയുന്ന വിഷയത്തിൽ അല്ലാഹുവും പ്രവാചകനും തമ്മിലുള്ള വ്യത്യാസം സുവ്യക്തമാണ്. 'ആകാശഭൂമികളിൽ അദൃശ്യമറിയുന്നവൻ അല്ലാഹുവല്ലാതെ മറ്റാരുമില്ലെ'ന്ന് വിശുദ്ധ ക്വുർആൻ സൂറത്തുന്നംലിൽ 65ാം വചനത്തിൽ പഠിപ്പിക്കുന്നു. അദൃശ്യമറിയുന്നവൻ അല്ലാഹുവാണെന്നും അവന്റെ അദൃശ്യജ്ഞാനത്തിൽനിന്നും അവൻ തൃപ്തിപ്പെട്ട പ്രവാചകന്മാർക്കല്ലാതെ അത് വെളിവാക്കിക്കൊടുക്കുകയില്ലെന്നും വിശുദ്ധ ക്വുർആൻ സൂറ: ജിന്നിൽ 26,27 ആയത്തുകളിൽ പഠിപ്പിക്കുന്നു.

മാംസത്തിൽ വിഷംപുരട്ടി പ്രവാചകനെ സൽകരിക്കാനെത്തിയ ജൂതസ്ത്രീ ഒരുക്കിയ കെണിയിൽ പെടാതിരിക്കാൻ ജിബ്‌രീൽؑ മുഖേനെ അല്ലാഹു നബിﷺക്ക് പ്രത്യേകം വഹ്‌യ് നൽകുകയായിരുന്നുവെന്ന് സ്വഹീഹായ ഹദീഥിൽ നമുക്ക് കാണാം.

റെയിൽവേ സ്‌റ്റേഷനിലേക്ക് നടന്നുപോകുന്ന യാത്രക്കാരനോട് 'വരൂ, ഭാവി പറഞ്ഞു തരാം' എ


...ുടെ മരണം: പ്രത്യേക അന്വേഷണ ...യമിക്കണം –ബഹുജന സംഗമം

...ടെ വാദങ്ങൾ തുറന്നുപറയാൻ ആർജവം കാണിക്കണമെന്നും സംഗമം ആവശ്യപ്പെട്ടു. . സംഗമം വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ പ്രസിഡൻറ് പി.എൻ. അബ്ദുല്ലത്തീഫ് മദനി ഉദ്ഘാടനം ചെയ്തു. അബ്ദുറഊഫ് കൂടാളി അധ്യക്ഷത വഹിച്ചു. രാമചന്ദ്രൻ കടന്നപ്പള്ളി എം.എൽ.എ, കോർപറേഷൻ മേയർ അഡ്വ. ടി.ഒ. മോഹനൻ, കെ. ഷഹറാസ് (സി.പി.എം), അബ്ദുൽ അസീസ് വടക്കുമ്പാട് (മുസ്‌ലിം ലീഗ്), എം.പി. സാബി... ...കെ. ഇബ്രാഹിം കുട്ടി എന്നിവ... ...സംസാരിച്ചു.

## ബഹുജനസംഗമം

കണ്ണൂർ ▸ കണ്ണൂർ സിറ്റിയിലെ നാലുവയൽ, കൊടപ്പറമ്പ് പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ഉവൈസ് മുസ്‌ലിയാർ നടത്തിയ മന്ത്രവാദ ചികിത്സയെ സഹായിക്കുന്ന ഗൂഢസംഘത്തിനെതിരേ പ്രത്യേക അന്വേഷണ സംഘത്തെ നിയമിക്കണമെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംഘടിപ്പിച്ച ബഹുജനസംഗമം ആവശ്യപ്പെട്ടു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ പ്രസിഡൻറ് പി.എൻ.അബ്ദുല്ലത്തീഫ് മദനി ഉദ്ഘാടനം ചെയ്തു. അബ്ദുറൗഫ് കൂടാളി അധ്യക്ഷത വഹിച്ചു. രാമചന്ദ്രൻ കടന്നപ്പള്ളി എം.എൽ.എ., മേയർ ടി.ഒ.മോഹനൻ എന്നിവർ മുഖ്യാതിഥികളായി. കെ.ഷഹറാസ്, അബ്ദുൽ അസീസ് വടക്കുമ്പാട്, എം.പി.സാബിർ, കെ.ഇബ്രാഹിം കുട്ടി എന്നിവർ സംസാരിച്ചു.

## ഫാത്തിമയുടെ മരണം: മന്ത്രവാദിനിയെ... അറസ്റ്റ് ചെയ്യണ...

കണ്ണൂർ: പതിനൊന്... സുകാരി ഫാത്തിമ മര... കാരണമായ ജപിച്ചൂ... കിത്സയിൽ ഉവൈസ്... ല്യാർക്ക് കൂട്ടുനിന്ന... ദിനിയെയും അറസ്റ്റ്... നിയമത്തിന് മുന്നിൽ... വന്ന് മാതൃകാപരമായ... ക്കണമെന്ന് വിസ്ഡം... മിക് വിമൻ ഓർഗ... ഷൻ ആവശ്യപ്പെട്ടു... കൂട്ടായ്മ വിസ്ഡം വ... സ്ഥാന സെക്രട്ടറി... മ്പർ പി.കെ. നജീബ... ടനം ചെയ്തു. റിഷാ... ഹിം അധ്യക്ഷത... ഫർസീൻ അഷ്റഫ... ന്നിസ ടീച്ചർ, ... എൻ.പി, ജമീല.ന... സാരിച്ചു.

## ബഹുജന സംഗമം ഇ...

കണ്ണൂർ: ഫാത്ത... ണവുമായി ബന്ധ... വൈകിട്ട് 4.30ന്... ലിം ജമാഅത്ത്... യത്തിൽ ബഹു... നടത്തുമെന്ന് വി... ലാമിക് ഓർഗ... ജില്ലാ കമ്മിറ്റി... സ്മായിൽ കിണ... യിച്ചു. രാമചന്ദ്ര... എം.എൽ.എ, ... ടി.ഒ. മോഹന... ഷ്ട്രീയ പാർട്ടി... പങ്കെടുക്കും.

ന്ന് പറയുന്ന കൈനോട്ടക്കാരനെ നോക്കി 'ഞാൻ എവിടെക്കാണ് യാത്ര പോകുന്നതെന്ന് പറയാമോ?' എന്ന് തിരിച്ചുചോദിച്ചാലുള്ള അവസ്ഥ എന്തായിരിക്കും? ജ്യോത്സ്യപ്പണി അവിശ്വാസമാണെന്ന് മനസ്സിലാക്കുകയും അത് പ്രചരിപ്പിക്കുകയും ചെയ്യുന്ന ഒരു വീട്ടിലേക്ക് കടന്നുവന്ന് 'കൈ നോക്കണോ?' എന്ന് ചോദിച്ചാൽ ആ വീട്ടുകാരൻ 'വേണ്ട' എന്നാണ് മറുപടി പറയുക എന്ന 'ഭാവി' പോലും അറിയാത്തവന്റെ മുമ്പിലേക്കാണല്ലോ മുസ്‌ലിം സമുദായത്തിൽനിന്ന് പലരും കൈനീട്ടിക്കൊടുക്കുന്നത്!

മന്ത്രവാദത്തെ എതിർക്കുന്ന പ്രചരണങ്ങൾക്കിടയിൽ ഇസ്‌ലാം പഠിപ്പിച്ച മന്ത്രത്തെത്തന്നെ നിഷേധിക്കാനുള്ള ശ്രമങ്ങൾ പ്രബോധകരായ നാം തിരിച്ചറിയേണ്ടതുണ്ട്. സംസം വെള്ളത്തിന്റെയും ഹജറുൽ അസ്‌വദിന്റെയും പ്രാധാന്യം പഠിപ്പിക്കുന്ന സ്വഹീഹായ ഹദീഥുകളെവരെ നിഷേധിക്കുന്ന പ്രവണതകളെ ഗുണകാംക്ഷയോടെ തിരുത്താൻ ശ്രമിച്ചിട്ടില്ലെങ്കിൽ ചേകനൂരിയൻ മാർഗത്തിലേക്കും അതുവഴി ദൈവനിഷേധത്തിലേക്കുമാണ് മതത്തെക്കുറിച്ച് കൂടുതൽ അറിയാത്തവർ എത്തിച്ചേരുക.

ക്വുർആനും പ്രവാചകചര്യയും ആഹ്‌ലുസ്സുന്നത്തി വൽജമാഅയുടെ രീതിശാസ്ത്രപ്രകാരം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുക എന്നതാണ് അടിസ്ഥാന പരിഹാരം. ഈ ദിശയിൽ കണ്ണൂർ സിറ്റിയിലെ പ്രബോധകർ സമയബന്ധിതമായി നടത്തിയ നീക്കങ്ങൾ ആശാവഹമാണ്. ദേശീയ മാധ്യമങ്ങൾ വരെ പ്രാധാന്യം നൽകി റിപ്പോർട്ട് ചെയ്ത പത്രസമ്മേളനം, വനിതാ കൂട്ടായ്മ, ബഹുജന സമ്മേളനം, സന്ദേശരേഖാ വിതരണം തുടങ്ങിയ പ്രവർത്തനങ്ങൾ ഏറെ ഫലപ്രദമായി.

യാഥാസ്ഥിതിക വിഭാഗത്തിനുവരെ ഗത്യന്തരമില്ലാതെ വിവാദ മന്ത്രവാദി അൽപജ്ഞാനിയാണെന്ന് പത്രക്കുറിപ്പ് ഇറക്കേണ്ടിവന്നു. പ്രദേശവാസികൾ ബോധവൽക്കരണ പരിശ്രമങ്ങളെ പിന്തുണച്ചു. എന്നാൽ, നവോത്ഥാനത്തിന്റെ വക്താക്കളെന്ന് അറിയപ്പെടാൻ ആഗ്രഹിക്കുന്ന ചിലർ ചെയ്തത് അത്ഭുതമുളവാക്കുന്നതായിരുന്നു. സാധാരണക്കാർക്ക് കൂടുതൽ പഠിക്കാൻ അവസരം ലഭിച്ചിട്ടില്ലാത്ത ജിന്ന്, സിഹ്ർ വിഷയങ്ങളിലെ അജ്ഞത ചൂഷണം ചെയ്തുകൊണ്ട് അന്ധവിശ്വാസങ്ങൾക്കെതിരെയുള്ള മുന്നേറ്റങ്ങൾക്ക് തടയിടാൻ തികച്ചും അനവസരത്തിൽ സംഘടനാ പക്ഷപാതിത്വം തലക്കുപിടിച്ച ഒറ്റപ്പെട്ട ചിലർ സാമൂഹ്യമാധ്യമങ്ങളിൽ നടത്തിയ വിഫലശ്രമങ്ങൾ അർഹിക്കുന്ന അവഗണനയോടെ ജനം തള്ളിക്കളഞ്ഞത് ശ്രദ്ധേയമായി. ദഅ്‌വാ അജണ്ടയിൽ വറ്റിവരളുന്നവർക്കുണ്ടായ സ്വാഭാവിക വെപ്രാളമായി ഏറെ സഹതാപത്തോടെ നമുക്കതിനെ നോക്കിക്കാണാം.

**"യാഥാസ്ഥിതിക വിഭാഗത്തിനുവരെ ഗത്യന്തരമില്ലാതെ വിവാദ മന്ത്രവാദി അൽപജ്ഞാനിയാണെന്ന് പത്രക്കുറിപ്പ് ഇറക്കേണ്ടിവന്നു. പ്രദേശവാസികൾ ബോധവൽക്കരണ പരിശ്രമങ്ങളെ പിന്തുണച്ചു. എന്നാൽ, നവോത്ഥാനത്തിന്റെ വക്താക്കളെന്ന് അറിയപ്പെടാൻ ആഗ്രഹിക്കുന്ന ചിലർ ചെയ്തത് അത്ഭുതമുളവാക്കുന്നതായിരുന്നു. സാധാരണക്കാർക്ക് കൂടുതൽ പഠിക്കാൻ അവസരം ലഭിച്ചിട്ടില്ലാത്ത ജിന്ന്, സിഹ്ർ വിഷയങ്ങളിലെ അജ്ഞത ചൂഷണം ചെയ്തുകൊണ്ട് അന്ധവിശ്വാസങ്ങൾക്കെതിരെയുള്ള മുന്നേറ്റങ്ങൾക്ക് തടയിടാൻ തികച്ചും അനവസരത്തിൽ സംഘടനാ പക്ഷപാതിത്വം തലക്കുപിടിച്ച ഒറ്റപ്പെട്ട ചിലർ സാമൂഹ്യമാധ്യമങ്ങളിൽ നടത്തിയ വിഫലശ്രമങ്ങൾ അർഹിക്കുന്ന അവഗണനയോടെ ജനം തള്ളിക്കളഞ്ഞത് ശ്രദ്ധേയമായി. ദഅ്‌വാ അജണ്ടയിൽ വറ്റിവരളുന്നവർക്കുണ്ടായ സ്വാഭാവിക വെപ്രാളമായി ഏറെ സഹതാപത്തോടെ നമുക്കതിനെ നോക്കിക്കാണാം."**

ആത്മീയ വാണിഭക്കാരുടെ പിടിയിൽനിന്ന് ജനങ്ങളെ രക്ഷപ്പെടുത്താൻ ഏകദൈവാരാധനയുടെ ശക്തമായ പ്രബോധനവുമായി നാം മുന്നോട്ട് പോവുക. പഴുതടച്ച നിയമനടപടികളുമായി അതിവേഗം മുന്നോട്ട് പോയി കുറ്റവാളികൾക്ക് അർഹമായ ശിക്ഷ ലഭ്യമാക്കാൻ സാധിക്കേണ്ടതുണ്ട്. ഫാത്തിമ മോൾക്ക് നിഷേധിക്കപ്പെട്ടത് മനുഷ്യാവകാശമായതിനാൽ മനുഷ്യാവകാശ കമ്മീഷൻ പ്രസ്തുത വിഷയത്തിൽ ഇടപെടുമെന്നും ഉവൈസ് മുസ്‌ല്യാരെ സഹായിച്ച മന്ത്രവാദിനിയെയും അറസ്റ്റ് ചെയ്യണമെന്നുമുള്ള ന്യായമായ ആവശ്യം പരിഗണിക്കപ്പെടുമെന്നും നമുക്ക് പ്രതീക്ഷിക്കാം.

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ചരിത്രപഥം



# കപടവിശ്വാസികളുടെ പാളിപ്പോയ തന്ത്രങ്ങൾ

**മുഹമ്മദ് നബിﷺ 46**

ഉഹദ് യുദ്ധത്തിൽ ശത്രുപക്ഷത്തെ (ക്വുറയ്ശികളെ) സഹായിച്ച ഒരു ഗോത്രമായിരുന്നു ബനുൽ മുസ്ത്വലക് ഗോത്രം. ആ ഗോത്രത്തിന്റെ നേതാവ് ഹാരിസുബ്നു ദ്വിറാർ ആയിരുന്നു. അയാൾ മദീനയെ അക്രമിക്കുവാനും നബിﷺയോട് യുദ്ധം ചെയ്യുവാനും തയ്യാറെടുപ്പ് നടത്തുന്നുണ്ട് എന്ന വിവരം നബിﷺക്ക് ലഭിക്കുകയുണ്ടായി. അതൊരു കേട്ടുകേൾവിയോ ഊഹാപോഹമോ ആയിക്കൂടെന്നും എന്താണ് അതിന്റെ നിജസ്ഥിതി എന്നും ഉറപ്പുവരുത്താനായി നബിﷺ ബുറയ്ദതുൽ അസ്‌ലമി(റ)യെ വളരെ തന്ത്രപരമായി പറഞ്ഞയച്ചു. അദ്ദേഹം ആ ഗോത്രത്തിൽ ചെന്നു. വിവരം അന്വേഷിച്ചു. വലിയ ഒരു സൈന്യവുമായി നബിﷺക്ക് എതിരിൽ പുറപ്പെടാൻ ഒരുങ്ങുന്നു എന്ന വിവരം കിട്ടി. അത് അദ്ദേഹം നബിﷺയെ അറിയിച്ചു.

വിവരം അറിഞ്ഞ നബിﷺ വലിയ ഒരു സംഘത്തെയുമായി ബനുൽ മസ്ത്വലക് ഗോത്രക്കാരുടെ നാട്ടിലേക്ക് ഒരു യുദ്ധത്തിനായിത്തന്നെ പുറപ്പെട്ടു. അവർക്ക് മുറയ്സീഅ് എന്ന് പേരുള്ള ഒരു ജലാശയമുണ്ടായിരുന്നു. നബിﷺയും അനുയായികളും അവിടെ താവളമടിച്ചു. ഒരു മുന്നറിയിപ്പും കൂടാതെ ശത്രുക്കൾക്ക് എതിരിൽ നബിﷺയും അനുയായികളും കടുത്ത ആക്രമണം നടത്തി. മുസ്‌ലിംകളോട് വിജയിക്കാൻ സാധ്യമല്ലെന്ന് ഉറപ്പുവരുത്തിയ ശത്രുക്കൾ അവസാനം മുസ്‌ലിംകൾക്ക് മുമ്പിൽ കീഴൊതുങ്ങി. കുറച്ചുപേർ അന്ന് കൊല്ലപ്പെടുകയുണ്ടായി. അവർക്കിടയിൽനിന്നും ലഭിച്ച യുദ്ധാർജിത സ്വത്ത് മുസ്‌ലിംകൾക്കിടയിൽ നബിﷺ വീതിച്ചു. അതുപോലെ പിടിക്കപ്പെട്ട ബന്ധികളെയും നബിﷺ സ്വഹാബികൾക്കിടയിൽ വീതിച്ചുകൊടുത്തു. മുസ്‌ലിംകൾക്ക് വലിയ നഷ്ടം സംഭവിക്കാതെ, എന്നാൽ ശത്രുക്കൾക്ക് വലിയ പരാജയം ഏൽക്കേണ്ടി വന്ന ഈ യുദ്ധം അങ്ങനെ അവസാനിക്കുകയും ചെയ്തു.

യുദ്ധത്തിന്റെ പ്രയാസങ്ങൾ മുസ്‌ലിംകൾക്ക് നേരിടേണ്ടി വന്നിട്ടില്ലായിരുന്നു. ഈ യുദ്ധത്തിന് പുറപ്പെടുന്ന കൂട്ടത്തിലും അതിനോട് താൽപര്യം ഇല്ലാത്ത പലരും ഉണ്ടായിരുന്നു. മദീനയിൽ നബിﷺയുടെ കൂടെയാണെന്ന് വരുത്തിത്തീർത്ത്, മുസ്‌ലിംകൾക്കിടയിലേക്ക് നുഴഞ്ഞു കയറി, ഉള്ളിൽ കാപട്യം ഒളിപ്പിച്ച് വെച്ച്, പുറമേക്ക് ഇസ്‌ലാം പ്രകടിപ്പിച്ച്, മുസ്‌ലിം സമൂഹത്തിൽ വിള്ളലും ഭിന്നതയും ഛിദ്രതയും ഉണ്ടാക്കി, മുസ്‌ലിംകളുടെ സംഘ ശക്തി ദുർബലപ്പെടുത്താനും ക്ഷയിപ്പിക്കുവാനുമായി ഗൂഢമായ തന്ത്രങ്ങൾ ആവിഷ്‌കരിച്ചിരുന്ന അബ്ദുല്ലാഹിബ്‌നു ഉബയ്യുബ്‌നു സലൂലും അവന്റെ അണികളും ആ സംഘത്തിലുണ്ടായിരുന്നു. ഇപ്പോൾ പല സന്ദർഭങ്ങളിലും മുസ്‌ലിംകൾക്ക് വിജയം ലഭിക്കുന്നുണ്ടെന്നും ശത്രുക്കൾ വിട്ടേച്ചു പോകുന്ന സ്വത്തുക്കൾ മുസ്‌ലിംകൾക്ക് ലഭിക്കുന്നുണ്ടെന്നും മനസ്സിലാക്കി, അവരുടെ കൂടെ ചേർന്നാൽ അവയിൽനിന്ന് തങ്ങൾക്കും ലഭിക്കുമല്ലോ എന്ന ഭൗതിക മോഹം മാത്രം ലക്ഷ്യം വെച്ചാണ് അവരുടെ പുറപ്പെടൽ. അവസരം കിട്ടിയാൽ മുസ്‌ലിംകൾക്കിടയിൽ ഭിന്നതയും ഉണ്ടാക്കാം എന്നതായിരുന്നു അവരുടെ ലക്ഷ്യം.

അബ്ദുല്ലാഹ് വിചാരിച്ചതിനേക്കാളും വലിയ നേട്ടവും വിജയവുമാണ് ഈ യുദ്ധത്തിൽ മുസ്‌ലിംകൾക്ക് ഉണ്ടായത്. മദീനയിലേക്ക് എത്തിയാൽ തനിക്ക് അവിടെയുണ്ടായിരുന്ന പേരും പ്രശസ്തിയും നഷ്ടപ്പെടാൻ പോകുകയാണെന്ന് മനസ്സിലാക്കിയ അബ്ദുല്ലാഹ് ഈ സംഘത്തെ ഭിന്നിപ്പിക്കാൻ ശ്രമം തുടങ്ങി. മുസ്‌ലിംകൾ ഒരുമയോടെ മദീനയിൽ എത്തിയാൽ അത് തനിക്ക് ദോഷം ചെയ്യുമെന്ന് കണക്കു കൂട്ടിയ അവൻ അവന്റെ പണി തുടങ്ങി. അതിന് സാക്ഷിയായ സയ്ദുബ്‌നു അർക്വംؓ പറയുന്നത് കാണുക:

"(ഈ) യുദ്ധത്തിൽ ഞാൻ ഉണ്ടായിരുന്നു. അപ്പോൾ അബ്ദുല്ലാഹ് ഇബ്‌നു ഉബയ്യ് പറയുന്നത് ഞാൻ കേൾക്കുകയുണ്ടായി: 'റസൂലുല്ലാഹിയുടെ അടുക്കൽ ഉള്ളവർ അദ്ദേഹത്തിന്റെ ചുറ്റുമുള്ളവരിൽനിന്ന് ഒഴിവാകുന്നതുവരെ നിങ്ങൾ അവർക്ക് ചെലവഴിക്കരുത്. അദ്ദേഹത്തിൽ നിന്ന് (നബിﷺയിൽ നിന്ന്) ഞങ്ങൾ മടങ്ങിയാൽ പ്രതാപവാന്മാർ ദുർബലരെ പുറത്താക്കുകതന്നെ ചെയ്യുന്നതാണ്.' അപ്പോൾ ഞാൻ അത് എന്റെ പിതൃവ്യനോട് -അല്ലെങ്കിൽ ഉമറിനോട്- പറഞ്ഞു. അദ്ദേഹം അത് നബിﷺയോടും പറഞ്ഞു. അപ്പോൾ എന്നെ നബിﷺ വിളിച്ചു. അങ്ങനെ ഞാൻ ആ കാര്യം (എല്ലാം) പറഞ്ഞു. അപ്പോൾ അല്ലാഹുവിന്റെ റസൂൽﷺ അബ്ദുല്ലാഹ് ഇബ്‌നു ഉബയ്യിലേക്കും അവന്റെ ആളുകളിലേക്കും (ആളെ) അയച്ചു. അവർ (അങ്ങനെ) പറഞ്ഞിട്ടില്ല എന്ന് സത്യം ചെയ്തു. അപ്പോൾ അല്ലാഹുവിന്റെ റസൂൽﷺ എന്നെ കളവാക്കുകയും അവനെ സത്യപ്പെടുത്തുകയും ചെയ്തു. അങ്ങനെ എനിക്ക് അതുപോലെ (മറ്റൊരിക്കലും



ബാധിച്ചിട്ടില്ലാത്ത അത്ര) വലിയ വിഷമം ഉണ്ടായി. അങ്ങനെ ഞാൻ വീട്ടിൽ ഇരിക്കുകയാണ്. അന്നേരം എന്നോട് എന്റെ പിതൃവ്യൻ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂൽﷺ നിന്നെ കളവാക്കിയതിനെ കുറിച്ച് നീ എന്താണ് ഉദ്ദേശിക്കുന്നത്?' അന്നേരമാണ് അല്ലാഹു ഈ വചനം ഇറക്കിയത്: 'കപട വിശ്വാസികൾ നിന്റെ അടുത്ത് വന്നാൽ അവർ പറയും: തീർച്ചയായും താങ്കൾ അല്ലാഹുവിന്റെ ദൂതനാണെന്ന് ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു. അല്ലാഹുവിന്നറിയാം തീർച്ചയായും നീ അവന്റെ ദൂതനാണെന്ന്. തീർച്ചയായും മുനാഫിഖുകൾ (കപടൻമാർ) കള്ളം പറയുന്നവരാണ് എന്ന് അല്ലാഹു സാക്ഷ്യം വഹിക്കുന്നു" (63:1). അപ്പോൾ നബിﷺ എന്നിലേക്ക് (ആളെ) അയച്ചു. എന്നിട്ട് (ഇത്) ഓതുകയും (ഇപ്രകാരം) പറയുകയും ചെയ്തു: 'ഓ സയ്ദ്, തീർച്ചയായും അല്ലാഹു താങ്കളെ സത്യപ്പെടുത്തിയിരിക്കുന്നു" (ബുഖാരി).

ഈ യുദ്ധത്തിൽ വിജയിച്ചത് അവരുടെ ശക്തികൊണ്ടും കഴിവുകൊണ്ടും ആണെന്നാണ് റസൂലിന്റെ കൂടെയുള്ളവർ വിചാരിക്കുന്നത്. ഞങ്ങൾ മദീനയിൽ ഇവരെ തീറ്റിപ്പോറ്റിയതിനാലാണ് ഇവർ ഇന്ന് ഇങ്ങനെ അന്തസ്സോടെ നടക്കുന്നത്. അതിന്റെ ശക്തികൊണ്ടാണ് ഇവർ വിജയിച്ചത്. അതിനാൽ അവർ റസൂലിൽനിന്ന് ഒഴിവാകുന്നതുവരെ ഇനി നിങ്ങൾ അവർക്ക് ചെലവഴിക്കരുത് എന്ന് അബ്ദുല്ലാഹ് അവന്റെ ആളുകളോട് പറഞ്ഞു. 'മദീനയിൽ എത്തിയാൽ അന്തസ്സില്ലാത്ത ഇവരെ അന്തസ്സുള്ളവർ പിടിച്ച് പുറത്താക്കുക തന്നെ ചെയ്യുന്നതാണ്' എന്നു പറഞ്ഞതിലെ അന്തസ്സില്ലാത്തവർ എന്നതുകൊണ്ട് അവൻ ഉദ്ദേശിക്കുന്നത് പ്രവാചകനെയും വിശ്വാസികളെയുമാണ്. പുറത്തുനിന്നും മദീനയിലേക്ക് കയറിവന്ന് അവിടെ അന്തസ്സോടെ നടക്കാൻ ശ്രമിക്കുകയാണ് ഇവർ. എന്നാൽ മദീനയിൽ കാലങ്ങളായി മധ്യസ്ഥനായും മറ്റും മദീനക്കാർക്കിടയിൽ സുപരിചിതനും, പേരും പ്രശസ്തിയും സമ്പത്തും തറവാടുമുള്ള തന്നെ നിസ്സാരനായി കാണുകയാണ് ഇപ്പോൾ ഇവർ ചെയ്യുന്നത്. അതിനാൽ ഇവരെ പുറത്താക്കുകതന്നെ ചെയ്യുന്നതാണ് എന്നൊക്കെ കപടവിശ്വാസികളുടെ ഈ നേതാവ് പറഞ്ഞു. ഈ സംസാരം നബിﷺ അറിഞ്ഞു. അബ്ദുല്ലാഹ് പറഞ്ഞത് ശരിയാണോ എന്ന് നബിﷺ ഉറപ്പുവരുത്തി. സയ്ദ്رضي الله عنه എല്ലാം സത്യസന്ധമായി പറഞ്ഞു. നബിﷺ അബ്ദുല്ലയെ വിളിപ്പിച്ചു. കാര്യം തിരക്കി. അങ്ങനെ പറഞ്ഞിട്ടില്ലെന്ന് സത്യംചെയ്തുകൊണ്ട് കള്ളം പറഞ്ഞു. അങ്ങനെ അവനെ നബിﷺ സത്യപ്പെടുത്തുകയും സയ്ദ്رضي الله عنه പറഞ്ഞത് കളവാക്കുകയും ചെയ്തു. അത് അദ്ദേഹത്തിൽ വലിയ വിഷമം സൃഷ്ടിച്ചു. ദുഃഖിതനായി അദ്ദേഹം വീട്ടിൽ കഴിച്ചുകൂട്ടി. അവസാനം അല്ലാഹു ആയത്ത് ഇറക്കി. അബ്ദുല്ലയുടെ കളവ് പുറത്ത് വന്നു. സയ്ദിرضي الله عنهന് ഏറെ സന്തോഷമുണ്ടാകുകയും ചെയ്തു.

കപടവിശ്വാസികൾക്ക് സത്യവിശ്വാസികളോട് എത്രത്തോളം പകയും വിദ്വേഷവുമാണ് മനസ്സിൽ ഉണ്ടായിരുന്നത് എന്നത് ഈ സംഭവം നമുക്ക് പറഞ്ഞുതരുന്നുണ്ട്. പ്രവാചകനും സ്വഹാബിമാർക്കും മദീനയിൽ അന്തസ്സും പ്രൗഢിയും ലഭിക്കാൻ കാരണം ഈ കപടന്മാർ ആയിരുന്നു എന്നാണ് അവർ പറഞ്ഞു നടന്നിരുന്നത്. ഇവരുടെ ഈ അഹങ്കാരത്തിന്റെ വാദം അല്ലാഹു എടുത്ത് ഉദ്ധരിച്ച് ഇപ്രകാരം അവർക്ക് മറുപടി നൽകി:

"അല്ലാഹുവിന്റെ ദൂതന്റെ അടുക്കലുള്ളവർക്ക് വേണ്ടി, അവർ (അവിടെ നിന്ന്) പിരിഞ്ഞു പോകുന്നത് വരെ നിങ്ങൾ ഒന്നും ചെലവ് ചെയ്യരുത്



എന്ന് പറയുന്നവരാകുന്നു അവർ. അല്ലാഹുവിന്റെ താകുന്നു ആകാശങ്ങളിലെയും ഭൂമിയിലെയും ഖജനാവുകൾ. പക്ഷേ, കപടൻമാർ കാര്യം ഗ്രഹിക്കുന്നില്ല. അവർ പറയുന്നു; ഞങ്ങൾ മദീനയിലേക്ക് മടങ്ങിച്ചെന്നാൽ കൂടുതൽ പ്രതാപമുള്ളവർ നിന്ദ്യരായുള്ളവരെ പുറത്താക്കുകതന്നെ ചെയ്യുമെന്ന്. അല്ലാഹുവിന്നും അവന്റെ ദൂതന്നും സത്യവിശ്വാസികൾക്കുമാകുന്നു പ്രതാപം. പക്ഷേ, കപടവിശ്വാസികൾ (കാര്യം) മനസ്സിലാക്കുന്നില്ല" (63:7,8).

മറ്റൊരു സംഭവം കാണുക: ജാബിറി ﷺൽനിന്ന് നിവേദനം; അദ്ദേഹം പറയുന്നു: "ഞങ്ങൾ ഒരു യുദ്ധത്തിലായിരുന്നു. അപ്പോൾ മുഹാജിറുകളിൽ പെട്ട ഒരാൾ അൻസ്വാറുകളിൽ പെട്ട ഒരാളെ തൊഴിച്ചു. അപ്പോൾ അൻസ്വാരി പറഞ്ഞു: 'അൻസ്വാറുകളേ (ഓടി വരീൻ).' (അപ്പോൾ) മുഹാജിറും പറഞ്ഞു: 'മുഹാജിറുകളേ (ഓടി വരീൻ).' എന്നാൽ അല്ലാഹു അവന്റെ റസൂലിﷺനെ അത് (രണ്ടു പേരുടെയും വിളിയെ) കേൾപ്പിച്ചു. നബിﷺ ചോദിച്ചു: 'എന്താണ് ഇത്?' അപ്പോൾ അവർ പറഞ്ഞു: 'മുഹാജിറുകളിൽ പെട്ട ഒരാൾ അൻസ്വാറുകളിൽ പെട്ട ഒരാളെ തൊഴിച്ചു.' അപ്പോൾ അൻസ്വാരി പറഞ്ഞു; 'അൻസ്വാറുകളേ (ഓടി വരീൻ). (അപ്പോൾ) മുഹാജിറും പറഞ്ഞു; മുഹാജിറുകളേ (ഓടി വരീൻ).' അപ്പോൾ നബിﷺ പറഞ്ഞു: 'ഒഴിവാക്കൂ ഇത്. തീർച്ചയായും ഇത് നാറ്റമുണ്ടാക്കുന്ന കാര്യങ്ങളാണ്.' ജാബിർ ﷺ പറയുന്നു: 'നബിﷺ (അവിടെ) വന്ന സമയത്ത് അൻസ്വാറുകളായിരുന്നു അധികവും. പിന്നീട് മുഹാജിറുകളും അധികരിച്ചു. അപ്പോൾ അബ്ദുല്ലാഹ് ഇബ്നു ഉബയ്യ് പറഞ്ഞു: 'അവർ അങ്ങനെ ചെയ്തുവോ? അല്ലാഹുവാണ സത്യം, നാം മദീനയിൽ എത്തിയാൽ അവിടെനിന്നും അന്തസ്സുള്ളവർ ദുർബലരെ പുറത്താക്കുന്നതാണ്.' അപ്പോൾ ഉമർ ഇബ്നുൽ ഖത്ത്വാബ് ﷺ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, അങ്ങ് എന്നെ അനുവദിച്ചാലും. ഞാൻ ഈ മുനാഫിക്വിന്റെ പിരടി വെട്ടാം.' നബിﷺ പറഞ്ഞു: 'അവനെ വിട്ടേക്കൂ. തീർച്ചയായും മുഹമ്മദ് അവന്റെ അനുയായികളെ കൊന്നിരിക്കുന്നു എന്ന് ജനങ്ങൾ പറയരുത്" (ബുഖാരി).

പ്രവാചകാനുചരന്മാരായ മുഹാജിറുകളെയും അൻസ്വാറുകളെയും തമ്മിൽ അടിപ്പിക്കാനുള്ള വഴി അന്വേഷിച്ച് നടക്കുകയായിരുന്നല്ലോ അബ്ദുല്ലാഹ് ഇബ്നു ഉബയ്യ് ഇബ്നു സലൂൽ എന്ന കപടവിശ്വാസികളുടെ തലവൻ. ബനുൽ മുസ്ത്വലക് യുദ്ധസന്ദർഭത്തിൽ മുറയ്സിഅ് എന്ന അവിടത്തെ ജലാശയത്തിന്റെ സമീപത്തുവെച്ചാണ് ഈ സംഭവവും ഉണ്ടാകുന്നത്. അവിടെവെച്ച് എന്തോ ഒരു വാക്കുതർക്കത്തിൽ അൻസ്വാറുകളിൽ പെട്ട ഒരാളെ മുഹാജിറുകളിൽ പെട്ട ഒരാൾ കാൽകൊണ്ട് ഒന്നു പതുക്കെ തട്ടി. ഒരു ചെറിയ അടിപിടി അവിടെവെച്ച് ഉണ്ടായി. അടിച്ചത് മുഹാജിറും അടികൊണ്ടത് അൻസ്വാരിക്കും. മക്കയിൽനിന്നും മദീനയിലേക്ക് വന്ന വിദേശിയായ മുഹാജിർ സ്വദേശിയായ അൻസ്വാരിയെ അടിച്ചു എന്നായല്ലോ. ഏതായിരുന്നാലും അൻസ്വാരി അൻസ്വാറുകളെയും മുഹാജിർ മുഹാജിറുകളെയും രക്ഷക്കായി വിളിച്ചു. അങ്ങനെ അവർ രണ്ട് സംഘങ്ങളായി അവിടെ രൂപപ്പെട്ടു. രണ്ട് കൂട്ടരുടെയും ബഹളം നബിﷺയെ അല്ലാഹു കേൾപിച്ചു. ഇത് മോശം നിലപാടാണെന്നും ഒഴിവാക്കണമെന്നും നബിﷺ അവരോട് പറഞ്ഞു. ജനങ്ങൾ

> **യുദ്ധത്തിന്റെ പ്രയാസങ്ങൾ മുസ്‌ലിംകൾക്ക് നേരിടേണ്ടി വന്നിട്ടില്ലായിരുന്നു. ഈ യുദ്ധത്തിന് പുറപ്പെടുന്ന കൂട്ടത്തിലും അതിനോട് താൽപര്യം ഇല്ലാത്ത പലരും ഉണ്ടായിരുന്നു. മദീനയിൽ നബിﷺയുടെ കൂടെയാണെന്ന് വരുത്തിത്തീർത്ത്, മുസ്‌ലിംകൾക്കിടയിലേക്ക് നുഴഞ്ഞുകയറി, ഉള്ളിൽ കാപട്യം ഒളിപ്പിച്ച് വെച്ച്, പുറമേക്ക് ഇസ്‌ലാം പ്രകടിപ്പിച്ച്, മുസ്‌ലിം സമൂഹത്തിൽ വിള്ളലും ഭിന്നതയും ഛിദ്രതയും ഉണ്ടാക്കി, മുസ്‌ലിംകളുടെ സംഘ ശക്തി ദുർബലപ്പെടുത്താനും ക്ഷയിപ്പിക്കുവാനുമായി ഗൂഢമായ തന്ത്രങ്ങൾ ആവിഷ്‌കരിച്ചിരുന്ന അബ്ദുല്ലാഹിബ്നു ഉബയ്യുബ്നു സലൂലും അവന്റെ അണികളും ആ സംഘത്തിലുണ്ടായിരുന്നു. ഇപ്പോൾ പല സന്ദർഭങ്ങളിലും മുസ്‌ലിംകൾക്ക് വിജയം ലഭിക്കുന്നുണ്ടെന്നും ശത്രുക്കൾ വിട്ടേച്ചുപോകുന്ന സ്വത്തുക്കൾ മുസ്‌ലിംകൾക്ക് ലഭിക്കുന്നുണ്ടെന്നും മനസ്സിലാക്കി, അവരുടെ കൂടെ ചേർന്നാൽ അവയിൽനിന്ന് തങ്ങൾക്കും ലഭിക്കുമല്ലോ എന്ന ഭൗതിക മോഹം മാത്രം ലക്ഷ്യം വെച്ചാണ് അവരുടെ പുറപ്പെടൽ. അവസരം കിട്ടിയാൽ മുസ്‌ലിംകൾക്കിടയിൽ ഭിന്നതയും ഉണ്ടാക്കാം എന്നതായിരുന്നു അവരുടെ ലക്ഷ്യം.**

പ്രശ്നം ഒഴിവാക്കി ഒന്നിക്കും എന്ന് മനസ്സിലാക്കിയ കപടവിശ്വാസികളുടെ നേതാവ് 'അവർ മദീനയിലേക്ക് വരട്ടേ. നാം പ്രതാപമുള്ളവരാണല്ലോ. നാടും വീടും ഇല്ലാതെ മദീനയിലേക്ക് കയറിപ്പറ്റിയ ഈ വിഭാഗത്തെ നമുക്ക് പുറത്താക്കണം' എന്നുപറഞ്ഞ് പ്രശ്നം സങ്കീർണമാക്കാൻ ശ്രമിച്ചു. കോപാകുലനായ ഉമർؓ അവന്റെ പിരടിക്ക് വെട്ടാൻ നബിﷺയോട് അനുവാദം ചോദിച്ചു. നബിﷺ സമ്മതിച്ചില്ല. അവനെ എങ്ങാനും വധിച്ചാൽ ശത്രുക്കൾ അത് മുതലെടുക്കും. മുഹമ്മദ് അവന്റെ ആളുകളെത്തന്നെ കൊല്ലാൻ തുടങ്ങി എന്നു പറയും. അതിനാൽ അവനെ വെറുതെ വിടാൻ നബിﷺ പറഞ്ഞു.

കപടവിശ്വാസികളാണ് അന്തസ്സില്ലാത്തവർ, അല്ലാഹുവിനും അവന്റെ ദൂതന്നും സത്യവിശ്വാസികൾക്കുമാകുന്നു പ്രതാപം എന്നു പറഞ്ഞ് അല്ലാഹു വിശ്വാസികളെ ആശ്വസിപ്പിച്ചു.

നബിﷺയെയും സ്വഹാബിമാരെയും മദീനയിൽ എത്തിയാൽ പുറത്താക്കുമെന്ന് വമ്പുപറഞ്ഞവനെ സ്വന്തം മകൻ പോലും പിന്തുണച്ചില്ല എന്നതാണ് വാസ്തവം. അബ്ദുല്ലക്ക് സ്വാലിഹായ ഒരു മകനുണ്ടായിരുന്നു. അദ്ദേഹം സ്വഹാബിയായിരുന്നു. അദ്ദേഹം നബിﷺയോട് ചെന്ന് ആവശ്യപ്പെട്ടു: 'നിങ്ങൾ എനിക്ക് അനുവാദം തരികയാണെങ്കിൽ ബാപ്പയുടെ തലയെടുത്ത് ഞാൻ നിങ്ങളുടെ മുമ്പിൽ കൊണ്ടു വരുന്നതാണ്. മറ്റൊരാൾ ബാപ്പയെ കൊന്നാൽ ചിലപ്പോൾ എനിക്ക് സഹിച്ചുകൊള്ളാൻ സാധിച്ചേക്കില്ല. അതിനാൽ അങ്ങേക്കും മുസ്‌ലിംകൾക്കും അന്തസ്സില്ലെന്നും നിങ്ങളെ പുറത്താക്കുമെന്നും പറഞ്ഞ ബാപ്പയുടെ തലയെടുക്കാൻ അങ്ങ് എനിക്ക് അനുവാദം തന്നാലും.' നബിﷺ സമ്മതിച്ചില്ല.

അബ്ദുല്ല പ്രവാചകനെയും മുസ്‌ലിംകളെയും അവഹേളിക്കുവാനും നിന്ദിക്കുവാനും എന്തെല്ലാം വഴി നോക്കിയോ അതെല്ലാം അവന്നെതിരിൽ തന്നെ വരാൻ തുടങ്ങി. അങ്ങനെ മുസ്‌ലിം സംഘ ശക്തിയെ തകർക്കാൻ കഴിയില്ലെന്ന് അബ്ദുല്ലാഹ് തിരിച്ചറിഞ്ഞു.

ഈ വിഷയങ്ങളൊന്നും വലിയ ചർച്ചയും വിവാദവും ആക്കാതെ നബിﷺ നിയന്ത്രിച്ചു. അവിടെ പ്രവാചകൻﷺ വളരെ യുക്തിപൂർവം ഇടപെട്ടു. മുറയ്സിഅ് തടാകത്തിന് സമീപം താവളമടിച്ചിരുന്ന സ്വഹാബിമാരോട് എല്ലാവരോടും മദീനയിലേക്ക് യാത്ര തിരിക്കാനായി നബിﷺ കൽപിച്ചു. രാവിലെ മുതൽ വൈകുന്നേരംവരെ യാത്രതന്നെ. രാത്രി ഇരുട്ട് മുറ്റിയ നേരത്തും വിശ്രമിക്കാൻ ഇറങ്ങാൻ നബിﷺ അവരെ സമ്മതിച്ചില്ല. വിശ്രമം പിന്നീടാകാം എന്നും പറഞ്ഞ് യാത്ര തുടർത്തി. രാത്രിയിലും നീണ്ട യാത്ര. പിറ്റേന്ന് നേരം വെളുത്ത് വെയിൽ ചൂടാകുന്ന നേരത്ത് നബിﷺ പറഞ്ഞു: 'ഇനി അൽപ സമയം വേണ്ടവർക്ക് വിശ്രമിക്കാം.' അപ്പോഴേക്ക് ഏതാണ്ട് മദീനയോടടുത്ത് എത്താറായിരുന്നു. എല്ലാവരും അവിടെ ഇറങ്ങി. വിശ്രമത്തിനായി ശരീരം നിലത്ത് തൊട്ടപ്പോഴേക്ക് എല്ലാവരും ഉറങ്ങിപ്പോയിരുന്നു. അത്രയും ക്ഷീണിതരാണ് സ്വഹാബിമാർ.


ഈ ചരിത്രം വിവരിക്കുന്നിടത്ത് പണ്ഡിതന്മാർ ഇപ്രകാരം പറയുന്നുണ്ട്; ഇത് അല്ലാഹുവിന്റെ റസൂൽﷺ പ്രയോഗിച്ച ഒരു തന്ത്രമായിരുന്നു. മുസ്‌ലിംകൾക്കിടയിൽ ഓരോ കാരണം പറഞ്ഞ് ചേരിതിരിവ് ഉണ്ടാക്കാൻ ശ്രമിച്ചപ്പോൾ വിശ്രമമില്ലാത്ത യാത്രക്കായി നബിﷺ അവരോട് ആഹ്വാനം ചെയ്യുന്നു. ഇന്നത്തെ യാത്രപോലെ അല്ലല്ലോ അന്ന്. ഓരോരുത്തർക്കും അവരുടെ ഒട്ടകമോ കുതിരയോ കഴുതയോ ആയിരിക്കും ഉണ്ടാവുക. അതിനാൽ സംസാരിക്കാനും അടക്കം പറയാനും ഒന്നും അവസരം ലഭിക്കില്ല. ദീർഘമായ യാത്ര. ക്ഷീണത്താൽ കിടന്നുറങ്ങി എന്നതിന് പകരം ഉറങ്ങിക്കിടന്നു എന്നു പറയാവുന്ന അവസ്ഥയിലെത്തി. ഉറങ്ങി എഴുന്നേറ്റപ്പോൾ എല്ലാവരും വളരെ സന്തോഷവാന്മാർ. ആർക്കും ആരെപ്പറ്റിയും യാതൊരു പരാതിയുമില്ല.

ശേഷം അവിടെനിന്നു മദീനയിലേക്കുള്ള യാത്രതുടർന്നു. ഈ യാത്രക്കിടയിൽ മുസ്‌ലിംകൾക്കിടയിൽ ഏറെ ചർച്ചക്കും വിശുദ്ധ ക്വുർആനിലെ ഏതാനും സൂക്തങ്ങൾ അവതരിക്കുവാനും കാരണമായ മറ്റൊരു സംഭവം ഉണ്ടാകുകയുണ്ടായി. എന്തെങ്കിലും ഒരു പുൽക്കൊടി കിട്ടിയിരുന്നെങ്കിൽ എന്ന് കൊതിച്ച് നിൽക്കുന്ന അബ്ദുല്ലാക്കും അനുയായികൾക്കും അടുത്ത ഒരു അവസരവും മുന്നിൽ വന്നു. ഇതുവരെ നടന്ന പ്രശ്നങ്ങളിൽ ഒന്നും തന്നെ അബ്ദുല്ലാക്കും അവന്റെ ആളുകൾക്കും നബിﷺയുടെയും സ്വഹാബിമാരുടെയും ഇടയിൽ യാതൊരു കുഴപ്പവും ഉണ്ടാക്കി വിജയിക്കാൻ സാധിച്ചിട്ടില്ല. അവസാനം അവന് മറ്റൊരു അവസരം കൂടി ലഭിക്കുകയാണ്.

(തുടരും)

പി. അഹ്മദ് കുട്ടി മൗലവി
mail@nerpatham.com

പുനർവായന



# ഇസ്‌ലാം 'വാളിന്റെ തണലിൽ?'

2

മനുഷ്യനറിയാവുന്ന ചരിത്രത്തിലെ നിസ്തുലമായ രണ്ടു മഹാസംഭവങ്ങളാണ് ഒന്നും രണ്ടും ലോകമഹായുദ്ധങ്ങൾ! ഇതിനെ മതത്തോട് എങ്ങനെ ബന്ധിപ്പിക്കാൻ സാധിക്കും? ഇതുപോലത്തെ സംഭവങ്ങൾ നിരവധിയാണ് ചരിത്രത്തിലുടനീളം. അന്ധമായ മതവിരോധംകൊണ്ട് കണ്ണു മഞ്ഞളിച്ചവർ അതു കാണുകയില്ലെന്നുമാത്രം. സോവിയറ്റ് റഷ്യയിൽ കൃഷിപ്പാടങ്ങളും വ്യവസായശാലകളും ദേശസാൽക്കരിക്കാൻ വേണ്ടി മാത്രം നിരവധി കൊല്ലങ്ങളോളം നിരന്തരമായി നടത്തിയ മൃഗീയവും ഭയാനകവുമായ നരനായാട്ടിൽ 19 ലക്ഷം ജനങ്ങൾ വധിക്കപ്പെടുകയും 20 ലക്ഷംപേർ നാരകീയമായി ശിക്ഷിക്കപ്പെടുകയും 50 ലക്ഷംപേർ നാടുവിട്ടോടുകയും ചെയ്തു. വെറുമൊരു കൂട്ടുകൃഷിസമ്പ്രദായം നടപ്പിൽ വരുത്താൻ വേണ്ടി ഇടത്തരക്കാരും ചെറുകിടക്കാരുമായ ലക്ഷക്കണക്കി

നു ഭൂവുടമകളെ നിർദയം നശിപ്പിച്ചു. എന്നാൽ ഇരുമ്പുമറക്കു പിന്നിൽ നടത്തുന്ന ഇത്തരം ക്രൂരസംഭവങ്ങളെ സ്വന്തം ഡയറിയിൽ കുറിച്ചുവയ്ക്കാതെ കമ്യൂണിസ്റ്റ്കാരും വരും മതത്തെ തെറിപറയാൻ. യാഥാർഥ്യമാവട്ടെ സത്യമതം സൃഷ്ടിച്ചുവിട്ട യാതൊരുവിധ സമസംരംഭത്തെയും ഇവന്മാർക്കു തൊട്ടുകാണിക്കുക സാധ്യമല്ല. മതത്തിന്റെ പേരും പറഞ്ഞ് മതക്കുപ്പായമണിഞ്ഞ ചിലർ സ്വാർഥതാൽപര്യത്തിനും സാമ്രാജ്യവിപുലീകരണത്തിനുമായി നടത്തിയ യുദ്ധങ്ങളെ ഇസ്‌ലാമിന്റെ പട്ടികയിൽ വരവുവയ്ക്കാൻ തിടുക്കം കൂട്ടുന്നതും എന്തുമാത്രം വിരോധാഭാസമല്ല! മതത്തിന്റെ മറപിടിച്ചുകൊണ്ടു സാമുദായികത്വം, സാമ്രാജ്യത്വം, വർഗമേധാവിത്വം മുതലായ ബീഭൽസങ്ങളായ ആശയങ്ങൾ നടത്തിയ നരനായാട്ടാണ് മതത്തിന്റെ ചരിത്രത്തെ ചെഞ്ചോരവർണമാക്കിയത്.


പക്ഷേ, പ്രമാണ്ഡങ്ങളായ പ്രചാരണതന്ത്രങ്ങൾ ഭൗതികത്വത്തിന്റെ രക്ഷസീയ പീഡനഭാണ്ഡങ്ങളെതാരതമ്യേന ദുർബലമായ മതത്തിന്റെ ചുമലിലേറ്റി കൂക്കിവിളിച്ചു. ലോകം മതത്തെ തെറ്റിദ്ധരിക്കാൻ ഇതു കാരണമായി. മുസ്‌ലിംകളിൽപെട്ട പുരോഗമനവാദികളെന്ന് അഭിമാനിക്കുന്നവർ പോലും ഇസ്‌ലാമിലെ യുദ്ധങ്ങളെ സംബന്ധിച്ചു ദുഷ്പ്രചരണങ്ങളിൽ മുഴുകിയിരിക്കുകയാണ്.

ഇസ്‌ലാമിനെ താറടിച്ചുകാണിക്കുന്ന ധൃതിയിൽ മറ്റൊരു യാഥാർഥ്യം കൂടി ചരിത്രകാരന്മാർ വിസ്മരിച്ചിരിക്കയാണ്. ഇസ്‌ലാമിക ചരിത്രത്തെയും മുസ്‌ലിം ഭരണകർത്താക്കളുടെ ചരിത്രത്തെയും വെവ്വേറെയെടുത്തു നിഷ്പക്ഷ പഠനം നടത്താൻ അവർ സന്നദ്ധരല്ല. ഇസ്‌ലാമിക ഭരണത്തെയും മുസ്‌ലിം ഭരണത്തെയും കൂട്ടിക്കുഴച്ചു കാണിക്കാനാണ് ചരിത്രകാരന്മാരുടെ ശ്രമം. മുസ്‌ലിം രാജാക്കന്മാർ ചെയ്ത തെറ്റിന് അവർ ഇസ്‌ലാമിനെ വിമർശനകുരിശിലേറ്റുന്നു. വിവിധ കാലഘട്ടങ്ങളിൽ ലോകത്തിന്റെ പല ഭാഗത്തും മുസ്‌ലിം ഭരണാധികാരികൾ ആക്രമണം നടത്തിയിട്ടുണ്ട്. തങ്ങളുടെ രാജ്യാതിർത്തി വിപുലമാക്കുന്നതിൽ കവിഞ്ഞ് മറ്റു യാതൊരു ലക്ഷ്യവും അവരുടെ മുമ്പിലുണ്ടായിരുന്നില്ല. ഇസ്‌ലാമിന്ന് അനുയോജ്യമല്ലാത്ത ചേഷ്ടകളായിരുന്നു അവരുടെ പ്രവർത്തനങ്ങളിൽ മിക്കതും. അവരുടെ പ്രവർത്തനങ്ങളെ വലിച്ചിഴച്ചുകൊണ്ടുവന്ന് അവയെ ഇസ്‌ലാമിക ചരിത്രത്തോടു തുന്നിപ്പിടിപ്പിക്കുന്നത് ഇസ്‌ലാമിനോടു ചെയ്യുന്ന കടുത്ത അക്രമമാണ്.

ഖിലാഫതുർറാശിദയുടെ അന്ത്യഘട്ടത്തിൽ പ്രത്യക്ഷപ്പെട്ട അന്തഃഛിദ്രത മുആവിയയുടെ കാലത്തു കൊടുമ്പിരികൊള്ളുകയും തുടർന്നു ഘോരസംഘട്ടനങ്ങൾ നടക്കുകയും ചെയ്തതായി ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സംഘട്ടനങ്ങളുടെയും സമരങ്ങളുടെയും പേരിൽ ഇസ്‌ലാമിനെ പ്രതിക്കൂട്ടിൽ കയറ്റുന്നതു ശരിയായിരിക്കുകയില്ല. ഇസ്‌ലാമിനെ സ്വീകരിച്ചതല്ല, ഇസ്‌ലാമിൽനിന്നും അകന്നതാണ് അത്തരം അന്തഃഛിദ്രതയ്ക്ക് കാരണം. തന്റെ മകൻ യസീദിന്ന് അധികാരപത്രം എഴുതി ക്കൊടുക്കുക മുഖേന ഖിലാഫത്തു വ്യവസ്ഥക്ക് പകരം രാജവാഴ്ചയ്ക്ക് ഇടം നൽകുക വഴി അഭ്യന്തരവിപ്ലവങ്ങളുടെ അണപൊട്ടിക്കുകയാണു മുആവിയ ചെയ്തത്. (അന്നത്തെ പരിതസ്ഥിതിയിൽ മുആവിയ ﵁ അങ്ങിനെ ചെയ്തിരുന്നില്ലെങ്കിൽ കൂടുതൽ കുഴപ്പത്തിനു കാരണമാകുമായിരുന്നു. അതുകൊണ്ട് അദ്ദേഹത്തെ ആക്ഷേപിച്ചുകൂടാ. അദ്ദേഹത്തിന് അല്ലാഹു പൊറുത്ത് കൊടുക്കട്ടെ- പത്രാധിപർ).

എന്നാൽ അതിനെ തുടർന്നുണ്ടായ യുദ്ധങ്ങൾക്കെല്ലാം ഇസ്‌ലാം ഉത്തരവാദിയാകണമെന്നു പറയുന്നത് എന്തുമാത്രം അപഹാസ്യമല്ല!

ചുരുക്കത്തിൽ ഇസ്‌ലാമിക വ്യവസ്ഥ ലോകത്തു സ്ഥാപിക്കുവാൻ ആപേക്ഷികമായി തുച്ഛം



വ്യക്തികളുടെ ജീവൻ മാത്രമെ ഹനിക്കപ്പെട്ടിട്ടുള്ളു. അതും അർഹമായ കാരണങ്ങളാൽ മാത്രം. മുസ്‌ലിംകളുടേതായ വൈകല്യം മൂലം സംഭവിച്ച യാതൊന്നിനും ഇസ്‌ലാമിനെ ചോദ്യം ചെയ്തുകൂടാ. മറിച്ച് തൽക്കാരണത്താൽ മുസ്‌ലിംകളെ ചോദ്യം ചെയ്യുവാനുള്ള ന്യായമായ അവകാശം ഇസ്‌ലാമിനു നൽകേണ്ടതാണ്. ഇസ്‌ലാമിക നവോത്ഥാനത്തിനുവേണ്ടി പ്രവർത്തിക്കുമ്പോൾ യുദ്ധം ഒരനിവാര്യ ഉപാധിയല്ലെന്നു വ്യക്തം.

ഉത്തരേന്ത്യയിൽ ആധിപത്യംവാണ മുഗിള മുസ്‌ലിം രാജാക്കന്മാരുടെയും ഇന്ത്യയെ ആക്രമിച്ച ഇതര മുസ്‌ലിം ഭരണത്തലവന്മാരുടെയും യുദ്ധസംരംഭങ്ങളെ ഇസ്‌ലാമിന്റെ പേരിൽ വരവുചേർക്കുന്ന ഒരു പതിവുണ്ട് ചരിത്രകാരന്മാർക്ക്. സിന്ധിലെ ഫലഭൂയിഷ്ഠതയാണ്, ഇസ്‌ലാമിന്റെ വ്യാപ്തിയായിരുന്നില്ല അവരെ അതിനു പ്രേരിപ്പിച്ചതെന്നു വ്യക്തം. പേർഷ്യൻ- ഇറാനിയൻ സംസ്കാരങ്ങളുടെ ഭാണ്ഡവും പേറിയാണ് അവർ ഇന്ത്യയിലേക്കു കടന്നുവന്നത് തന്നെ. സാമ്രാജ്യ സംസ്ഥാപനം മാത്രമായിരുന്നു അവരുടെ പ്രമുഖലക്ഷ്യം. ഇസ്‌ലാമിക പ്രചരണം അവർ മറന്നുപോലും നിർവഹിച്ചിട്ടില്ല. മുഗിളവംശ രാജാക്കന്മാരിൽ ചിലർ അങ്ങേയറ്റത്തെ മതഭക്തന്മാരായിരുന്നുവെന്നത് വാസ്തവമാണ്. എന്നാൽ രാഷ്ട്രീയ ഭദ്രതയെ നിലനിർത്താനും സാമ്രാജ്യത്വത്തിന് അടിത്തറ പാകാനും വേണ്ടിയായിരുന്നു അവരും യുദ്ധങ്ങൾ സംഘടിപ്പിച്ചിരുന്നത്. ഇതര സാമ്രാജ്യ ദുരന്ധന്മാർ നടത്തിയതുപോലുള്ള യുദ്ധങ്ങൾ അവർ നടത്തിയിട്ടില്ലെന്നതു മറ്റൊരു കാര്യമാണ്. ഇന്ത്യയെ തകർക്കാനല്ല അലങ്കരിച്ച് സുന്ദരമാക്കാനാണ് അവർ ശ്രമിച്ചത്. അവർ ഇവിടെ നിർമിച്ചുപോയ പേർഷ്യൻ -ഇറാനിയൻ ശിൽപകലയുടെ അനശ്വരസ്മാരകങ്ങൾ അവരുടെ പ്രത്യേക സംസ്കാരത്തിന്റെ മകുടോദാഹരണങ്ങളായി ഇന്നും പരിലസിക്കുന്നു. എന്നാൽ അവർ ചെയ്തതോ? 'ദീനെ ഇലാഹി' പോലുള്ള നെറികെട്ട ആശയങ്ങൾ പ്രചരിപ്പിച്ച് ദീനിനെ പൊളിക്കുവാൻ പരിശ്രമിച്ചു. അത്രതന്നെ.

ഇസ്‌ലാം എന്ന പേരുതന്നെ കുറിക്കുന്നുണ്ട്, അത് ദൈവത്താലവതീർണമായ ഒരു സമാധാന സന്ദേശമാണെന്ന്. സ്നേഹസൗഹാർദത്തിന്റെ ബീജങ്ങളാണ് അത് മനുഷ്യനിൽ കുത്തിവയ്ക്കുന്നതും. ഐക്യത്തിന്റെയും ഏകീഭാവത്തിന്റെയും മനഃസ്ഥിതിയാണ് അത് പ്രതിനിധാനം ചെയ്യുന്നത്. ഇസ്‌ലാം ആശ്ലേഷിക്കുക മുഖേന, പരസ്പരം കഴുത്തറുത്തു കഴിഞ്ഞുകൂടിയിരുന്ന അറബികൾക്കു ലഭിച്ച ഏറ്റവും വലിയ അനുഗ്രഹം പരസ്പര ഐക്യമാണെന്നു ക്വുർആൻ അനുസ്മരിപ്പിക്കുന്നു. ഇസ്‌ലാമിക രാഷ്ട്രത്തിൽ ജീവിച്ചിരുന്ന അമുസ്‌ലിംകൾക്കും സമാധാനത്തോടുകൂടി ജീവിക്കാനും തങ്ങളുടെ ആവശ്യങ്ങൾ നിഷ്പ്രയാസം പരിഹരിക്കാനും സാധിച്ചിരുന്നു. ഈ വസ്തുതയെ ആർനോട് ടോയിൻബി തന്റെ One world and India (ഏകലോകവും ഭാരതവും) എന്ന കൃതിയിൽ സമർഥിക്കുന്നത് കാണുക: 'മുസ്‌ലിംകൾ തന്നെ സൃഷ്ടിച്ച് മുസ്‌ലിംകൾ തന്നെ ഭരിച്ച ഖാലിഫ് സാമ്രാജ്യം പോലും അതിന്റെ അമുസ്‌ലിം പ്രജകളെ -ഉപരിനികുതിയടച്ചുവരുന്ന ഭൂരിപക്ഷത്തെ- ഇസ്‌ലാമിലേക്കു പരിവർത്തനം ചെയ്യാൻ വെമ്പൽ കൊണ്ടില്ല. ഉപരിനികുതിയടക്കുന്നവരെയായിരുന്നു മതം മാറി വരുന്നവരെക്കാൾ കൂടുതൽ അവർ ഇഷ്ടപ്പെട്ടത്.' ടോയിൻബിയുടെ അവസാനത്തെ വാക്കുകൾ അത്രക്ക് ശരിയല്ലെങ്കിലും അദ്ദേഹത്തെ അങ്ങിനെ പറയാൻ പ്രേരിപ്പിച്ചതും ഇസ്‌ലാം അതിന്റെ അമുസ്‌ലിം പ്രജകളോട് അനുവർത്തിച്ചിരുന്ന നീതിയുക്തമായ പെരുമാറ്റമായിരുന്നുവെന്നതിൽ പക്ഷാന്തരമില്ല. എന്നാൽ ഇത്ര സുശക്തമായ ഒരാധിപത്യം കൈവന്നിട്ടും ഖഡ്ഗമേന്തി ഇതരരെ മതപരിവർത്തനം ചെയ്യിക്കാൻ ഇസ്‌ലാം തുനിഞ്ഞിട്ടില്ലെന്നതും ടോയിൻബിയെപ്പോലുള്ള ഉന്നത ശീർഷരായ നിഷ്പക്ഷമതികൾ തലകുലുക്കി സമ്മതിക്കുന്നതാണ്. ●

> **മുസ്‌ലിംകൾക്ക് ഒരു പ്രത്യേക വസ്ത്രമോ വേഷമോ ഇല്ല. ഏത് വസ്ത്രവും അവർക്ക് ധരിക്കാവുന്നതാണ്. പെൺകുട്ടികളാണെങ്കിൽ മുഖവും മുൻകയ്യും ഒഴികെയുള്ള ഭാഗങ്ങൾ മറച്ചിരിക്കണമെന്ന് മാത്രം. ആൺകുട്ടികൾ അവരുടെ വസ്ത്രം ഞെരിയാണിക്ക് താഴെ വലിച്ചിഴക്കുകയും ചെയ്യരുത്. ഒരു വിശ്വാസിയുടെ വസ്ത്രം അവന്റെ കണങ്കാലിന്റെ പകുതിവരെയാണ്. ഞെരിയാണി വരെ ആകുന്നതിന് വിരോധമില്ല, ഞെരിയാണിക്ക് കീഴെ വരുന്നത് നരകത്തിലാണ് എന്ന വസ്തുത ധാരാളം ഹദീഥുകളിൽ വ്യക്തമാക്കപ്പെട്ടതാണ്.**



# മരണവീട്

സുലൈമാൻ പെരുമുക്ക്
mail@nerpatham.com

കവിത

കഴിഞ്ഞ ആഴ്ച
മാതാവിന്റെ മരുന്നിന്റെ
കണക്കു പറഞ്ഞാണ്
മക്കളൊക്കെ തല്ലിപ്പിരിഞ്ഞത്!
ആഴ്ച വട്ടം
കറങ്ങിയെത്തിയപ്പോൾ
മാതാവ് മരണക്കയത്തിലേക്ക്
വഴുതിവീണു.
പിന്നെയവിടെ
പൗരോഹിത്യം പഠിപ്പിച്ച
ആത്മീയതയുടെ
കളിയാട്ടമാണ് നടന്നത്.
ഖബറടക്കം
കഴിഞ്ഞപ്പോൾ
വീടകം സൂപ്പർമാർക്കറ്റായി!
പഴക്കുലകളും
പലഹാരങ്ങളും
ഹലുവക്കെട്ടുകളും
കുന്നുപോലെ വന്നുകൂടി.
അതിനിടയിൽ
ആരൊക്കെയോ
അടക്കംപറഞ്ഞു;
'നേരത്തിന് അന്നം
കിട്ടാതെയാണ്
ആ ഉമ്മ മരിച്ചതെ'ന്ന്!
അപ്പോഴും
ഉമ്മയുടെ
കാൽച്ചുവട്ടിലാണ്
സ്വർഗമെന്ന
തിരുവചനം
അവിടെ മുഴങ്ങിക്കേട്ടിരുന്നു!
മുതൽ മുടക്കില്ലാതെ
ഭൂമിയിലെന്നും
ലാഭം കൊയ്യുന്നത്
ഇരുണ്ട ആത്മീയതയാണ്,
അതിന്റെ മുതലാളിമാർ
എന്നെന്നും
പുരോഹിതരുമാണ്!




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

GooglePay Paytm

2021 നവംബർ 06–12

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 NOVEMBER 13

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

# പുറത്തിറങ്ങി...




WISDOM BOOKS
PUBLISHING II DISTRIBUTION
Wisdom Books I E.K.P Building I Calicut
Web: www.wisdomislam.org I Email: publication@wisdomislam.org
0495 4019437 9207525244



## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ.അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |